"നാം ഓരോ ദിവസവും, അതു നമ്മുടെ ജീവിതപരിവർത്തനത്തിന്റെ പ്രാരംഭദിവസമാണെന്നവണ്ണം, നമ്മുടെ പ്രതിജ്ഞകളെ പുതുക്കുകയും നമ്മിൽ ഭക്തി തീക്ഷ്ണത ഉജ്ജ്വലിപ്പിക്കുകയും, ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യണം: ഓ, ദൈവമേ, എന്റെ സുപ്രത ഇജ്ഞയുടെ പരിപാലനത്തിലും അങ്ങയുടെ പരിശുദ്ധമായ സേവനത്തിലും എന്നെ സഹായിക്കേണമേ. ഈ ദിവസം ഉത്തമമായി ആരംഭിക്കുന്നതിനു വേണ്ട അനുഗ്രഹം ഇപ്പോൾ എനിക്കു തരേണമേ"

—ക്രിസ്ത്വനുകരണം

# സത്യദീപം

"ആകയാൽ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്ന വിളിക്കു യോഗ്യമായ വിധത്തിൽ പൂർണ്ണമായിട്ടുള്ള മനോവിനയം, സൗമ്യത, ദീർഘശാന്തത ഇവയോടുകൂടി വ്യാപരിക്കണമെന്നു, നമ്മുടെ കർത്താവിൽ തടവുകാരനായിരിക്കുന്ന ഞാനപേക്ഷിക്കുന്നു. സ്നേഹത്തോടുകൂടി അന്യോന്യം സഹിക്കുവിൻ. നിങ്ങളുടെ വിളിയുടെ ഏകമായ പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്ന പ്രകാരം ഒരേ ശരീരത്തോടും ഒരേ ആത്മാവോടും ഇരിക്കേണ്ടതിനായി സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം കാത്തുകൊള്ളുവാൻ ഉത്സാഹിക്കുവിൻ"

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 ഒക്ടോബർ 2—ബുധനാഴ്ച | Vol. 31, No. 8

# ആധുനികലോകത്തിലെ ഏററവും വലിയ വിശുദ്ധ

(റവ. ഫാദർ സേവിയർ സി. എസ്. ടി., മൂക്കന്നൂർ)

ഭാഗ്യമോടെ വാഴുന്ന പരിശുദ്ധ പിതാവു പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടു് ഒരിക്കൽ പ്രസ്താവിച്ചു, തന്റെ മുൻഗാമിയായ പതിനൊന്നാം പീയൂസ് തിരുമനസ്സിലെ സംഭവബഹുലമായ ഭരണകാലത്തെ ഏററം മഹത്തായ സംഭവം ചെറുപുഷ്പത്തെ പുണ്യവതിയായി പ്രഖ്യാപനംചെയ്ത മഹാകൃത്യമായിരുന്നെന്നു്. 1925 മെയ് 17-ാം തീയതിയാണു് കൊച്ചുത്രേസ്യായുടെ നാമം വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കപ്പെട്ടതു്.

ഇന്നു സകലരും അവളെ പാടിപ്പുകഴ്ത്തുകയാണു്. അഖിലലോകത്തിന്റേയും ശ്രദ്ധയെ ആകർഷിക്കാൻ പോരുന്ന ഒരു കന്യാസ്ത്രീ ആ മതിൽക്കെട്ടിനുള്ളിൽ ജീവിച്ചിരിപ്പുണ്ടെന്നു അന്നു് ലിസ്യൂ മഠത്തിന്റെ പ്രാന്തങ്ങളിൽക്കൂടി നടന്നുപോകുന്ന ഒരു പഥികനും അറിവുണ്ടായിരുന്നില്ല. അല്ല, ആ മഠത്തിലുള്ളവർപോലും അറിഞ്ഞിരുന്നില്ല. ലോകത്തിനു് അജ്ഞാതയായി അവൾ ജീവിച്ചു. അജ്ഞാതയായി മരിക്കുകയും ചെയ്തു. 1897 സെപ്തംബർ 30-ാം തീയതിയായിരുന്നു അവളുടെ പാവനാത്മാവു് കണ്ണുനീരിന്റെ ഈ താഴ്വരയിൽ നിന്നു് സ്വർഗ്ഗത്തിലേക്കു പറന്നുപോയതു്. അവളുടെ ശവസംസ്കാരം ലളിതമായി തന്നെ നടന്നു. അവൾ ഒൻപതു് സംവത്സരങ്ങൾക്കുമുമ്പു് മഠത്തിലേക്കു കയറിവന്ന അതേ വാതിലിലൂടെ അവളുടെ ശവമഞ്ചം കടത്തി സിമിത്തേരിയിലേക്കു സംവഹിക്കപ്പെട്ടു ഏതാനും വൈദികരും ചില സംബന്ധികളും വിശേഷാൽ ആ വിലാപയാത്രയിൽ അകമ്പടി സേവിച്ചു അവിടെ അവളുടെ ഭൗതികാവശിഷ്ടങ്ങൾ നിക്ഷേപിച്ചു് ഒരു നേരിയ നെടുവീർപ്പോടെ അവർ സ്ഥലംവിട്ടു.

ദൈവത്തിന്റെ വഴികൾ ആരറിയുന്നു. കോതമ്പുമണി മണ്ണിൽ വീണു അഴിയുന്നില്ലെങ്കിൽ അതു ഫലം പുറപ്പെടുവിക്കുകയില്ല എന്നു് കർത്താവു പറഞ്ഞതു് അവരാരും ഓർത്തുകാണുകയില്ല. "ലോകം മുഴുവൻ എന്നെ സ്നേഹിക്കുമെന്നും, എന്റെ സ്വർഗ്ഗം ഭൂമിയിൽ നന്മചെയ്യുവാൻ വിനിയോഗിക്കുമെന്നും" അവൾ പറഞ്ഞതു് അവളുടെ കൂട്ടുകാർപോലും അത്ര ഗൗനിച്ചില്ല. സ്വർഗ്ഗത്തിൽ പ്രവേശിച്ച ഉടനെ അവൾ തന്റെ വാഗ്ദാനം നിറവേററാൻ തുടങ്ങി ചിലർക്കു കഷ്ടപ്പാടിലും യാതനകളിലും അവൾവഴി ആശ്വാസം കിട്ടി. മററു ചിലർക്കു രോഗശാന്തി, ഇനിയും ചിലർക്കു പ്രലോഭനങ്ങളെ ജയിക്കുവാനുള്ള ശക്തിയും നല്ല മരണവും. ഇപ്രകാരം ദൈവം തന്റെ എളിയദാസിയെ അങ്ങേയററം ഉയർത്തുവാൻ ഉറച്ചിരിക്കുന്നെന്നു തോന്നത്തക്കവണ്ണം സ്വർഗ്ഗത്തിൽനിന്നു അവൾവഴി അനുഗ്രഹങ്ങളാകുന്ന റോസപ്പൂക്കൾ എവിടെയും വർഷിക്കപ്പെട്ടു. കർദ്ദിനാളന്മാരും മെത്രാന്മാരും, ആയിരക്കണക്കിനു വിശ്വാസികളും അവളുടെ കുഴിമാടത്തിലേക്കു പ്രവഹിച്ചുതുടങ്ങി. ആയിരക്കണക്കിനു കത്തുകൾ ലിസ്യൂമഠത്തിലേക്കു ഒഴുകാൻതുടങ്ങി. ഫ്രാൻസുരാജ്യം മാത്രമല്ല യൂറോപ്പു മുഴുവൻ അവളോടുള്ള ഭക്തിയിൽ ജ്വലിക്കുവാൻ തുടങ്ങി.



അനുഗ്രഹവർഷം ചൊരിയുന്ന വി. കൊച്ചുത്രേസ്യാ

(തിരുനാൾ—ഒക്ടോബർ 3)

ഏതാനും വർഷങ്ങൾക്കുമുമ്പു് ഫിലാഡൽഫിയായിലെ മെത്രാപ്പോലീത്താ ഡോഹെർട്ടി തിരുമനസ്സുകൊണ്ടു് ലിസ്യൂവിലേക്കു ഒരു തീർത്ഥയാത്ര പോയി. തിരിച്ചുപോരുന്നവഴി അദ്ദേഹം ചൈനാ, ജപ്പാൻ എന്നീ രാജ്യങ്ങളിൽക്കൂടി കടന്നുപോയി. അവിടെയെല്ലാം ചെറുപുഷ്പഭക്തി പ്രചരിപ്പിക്കണമെന്നുറച്ചു പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ, അവിടത്തെ മിഷനറിമാർ, ചൈനാഭാഷയിലും ജപ്പാൻ ഭാഷയിലും വിരചിതമായ ചെറുപുഷ്പത്തിന്റെ ആത്മകഥാകഥനം അദ്ദേഹത്തിനു നീട്ടിക്കൊടുത്തു. അവിടെയെല്ലാം കൊച്ചുത്രേസ്യാ നന്നേ അറിയപ്പെട്ടിരുന്നു.

ആഫ്രിക്കയിൽ ചെറുപുഷ്പഭക്തിക്കു് അത്ഭുതാവഹമായ പ്രചാരം സിദ്ധിച്ചിട്ടുണ്ടു്. അനവധി ദേവാലയങ്ങളും സെമ്മിനാരികളും അവളുടെ നാമത്തിൽ പണികഴിച്ചിട്ടുണ്ടു്. അനവധി ആശുപത്രികളും കുഷ്ഠരോഗസങ്കേതങ്ങളും അവളുടെ സംരക്ഷണത്തിൻകീഴാണു്. അവിടത്തെ മിഷൻപ്രവർത്തനം മുഴുവനും കൊച്ചുത്രേസ്യാക്കു സമർപ്പിക്കപ്പെട്ടിരിക്കുന്നു. കെയ്റോയിൽ ബ്രഹ്മാണ്ഡമായ ഒരു ദേവാലയം അവളുടെ നാമത്തിലുണ്ടു്. അവിടെ വിശുദ്ധയെ ബഹുമാനിക്കാൻ അസംഖ്യം പ്രോട്ടസ്റ്റൻറുകാരും മുഹമ്മദീയരും വന്നുകൂടുന്നു. ആ പള്ളി പണിക്കു ഈജിപ്തിലെ പല പ്രമുഖകുടുംബങ്ങളും സംഭാവന ചെയ്തിട്ടുണ്ടു്.

എന്തിനു നാം വിദേശങ്ങളിലേക്കു പോകുന്നു. നമ്മുടെ ചുററും തന്നെ ഒന്നു കണ്ണോടിക്കുക. എത്ര വിദ്യാമന്ദിരങ്ങളാണു്, ആശുപത്രികളാണു്, അഗതിമന്ദിരങ്ങളാണു് അവളുടെ നാമത്തിൽ നമ്മുടെ കേരളത്തിൽ സ്ഥാപിതമായിരിക്കുന്നതു്. ഹോസ്റ്റലുകളും ബോട്ടുകളും ഗ്രന്ഥശാലകളും മുദ്രാലയങ്ങളും അവളുടെ നാമത്തിൽ അറിയപ്പെടുന്നു. അവളുടെ പുഞ്ചിരിക്കുന്ന ഒരു പ്രതിമയെങ്കിലും ഇല്ലാത്ത ദേവാലയം ഇല്ലെന്നു പറയാം. അവളുടെ മധുരനാമം പേറുന്ന ഒരു കുഞ്ഞെങ്കിലും ഇല്ലാത്ത ഭവനംതന്നെ വിരളമാണു്. മിഷൻ പ്രവർത്തനത്തെ കരുപ്പിടിക്കുന്നതിനും മിഷനു പിന്നണിയായി നിലകൊള്ളുന്നതിനും ഒരു "ചെറുപുഷ്പമിഷൻലീഗ്" കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടു്. ചെറുപുഷ്പഭക്തി പ്രചരിപ്പിച്ചും അനാഥസംരക്ഷണം മുതലായ സമുദായോദ്ധാരണവേലകൾ നടത്തിയും മിഷൻജോലികളിൽ ഏർപ്പെട്ടും മൂക്കന്നൂർ കേന്ദ്രമാക്കി പ്രവർത്തനം നടത്തുന്ന ഒരു സന്യാസസ്ഥാപനം—ചെറുപുഷ്പ സന്യാസസഭ—നമ്മുടെ മദ്ധ്യേ ഉണ്ടെന്നുള്ളതും അഭിമാനകരമാണു്. വിശുദ്ധയുടെ ആദ്ധ്യാത്മികശിശുത്വം സ്വജീവിതത്തിൽ പകർത്തുകയും മററുള്ളവരെ ആ വഴിയിലൂടെ നയിക്കുകയും ചെയ്യുക ചെറുപുഷ്പസന്യാസികളുടെ പ്രധാനലക്ഷ്യമാണു്. അങ്ങനെ ചെറുപുഷ്പഭക്തിയിൽ കേരളം ഇതരരാജ്യങ്ങളെക്കാൾ ഒട്ടും പിന്നണിയിലല്ലെന്നുള്ളതു് നമുക്കു് അഭിമാനകരമല്ലയോ?

1929-ലാണു് സോവ്യററുഭരണകൂടം നിരീശ്വരപ്രസ്ഥാനത്തെ അഴിച്ചുവിടുകയും അതിന്റെ മാരകശക്തി ജനപദങ്ങളിൽ പ്രത്യാഘാതങ്ങൾ ഉളവാക്കുകയും ചെയ്തതു്. പതിനൊന്നാംപീയൂസ് തിരുമേനിക്കു് അത്യധികം മനോവേദന ഉളവാക്കിയ ഒരു സംഗതിയായിരുന്നു അതു്. ഭൗതികത്വത്തിൽ മുഴുകി ദൈവത്തിൽ നിന്നകന്നു് വിപ്ലവത്തിലേക്കു വേച്ചുവീണ റഷ്യയെ ക്രിസ്തുവിലേക്കു പിടിച്ചടുപ്പിക്കുവാൻ തത്രപ്പെട്ട തിരുമേനി കൊച്ചുത്രേസ്യായെ "റഷ്യയുടെ മാനസാന്തരത്തിന്റെ" മദ്ധ്യസ്ഥയായി വിളംബരംചെയ്യുകയാണു ചെയ്തതു്. കൂടാതെ റഷ്യയുടെ മാനസാന്തരവേലക്കായി റോമിൽ ഒരു ചെറുപുഷ്പസെമ്മിനാരി ആരംഭിക്കുകയും ചെയ്തു.

അവൾ മിഷൻമദ്ധ്യസ്ഥ മാത്രമല്ല, അലാസ്കാ, മെക്സിക്കോ, ഫ്രാൻസ് എന്നീ രാജ്യങ്ങളുടേയും ലാററ്റാൻ ഉടമ്പടി, ആദ്ധ്യാത്മികശിശുത്വം, കത്തോലിക്കാപ്രവർത്തനം എന്നിവയുടേയും മദ്ധ്യസ്ഥയുംകൂടിയാണു്.

എന്നാൽ ഇന്നു് ബുദ്ധിജീവികളെ പിടിച്ചുനിറുത്തി ചിന്തിപ്പിക്കുന്ന ഒരു ചോദ്യമുണ്ടു്. എന്തുകൊണ്ടു കൊച്ചുത്രേസ്യാ ഇത്ര വലിയ വിശുദ്ധയായിത്തീർന്നു? മാർപ്പാപ്പാമാരേയും ദൈവശാസ്ത്രപണ്ഡിതന്മാരേയും തത്വചിന്തകരേയും തന്നിലേക്കാകർഷിക്കുവാൻ അവൾക്കു് എങ്ങനെ കഴിഞ്ഞു? കർദ്ദിനാൾ പാച്ചല്ലി—ഇപ്പോഴത്തെ പരിശുദ്ധപിതാവു്—ലിസ്യൂവിൽ ചെറുപുഷ്പത്തിന്റെ ബസിലിക്കാ ഉൽഘാടനംചെയ്ത വേളയിൽ ചെയ്ത പ്രസ്താവന നമുക്കു ഉത്തരം തരുന്നുണ്ടു്. തിരുമേനി പറഞ്ഞു: "ലിസ്യൂമഠത്തിലെ ആ സഹോദരിക്കു് ആധുനികലോകത്തോടു പലതും പറയുവാനുണ്ടു്. അവൾക്കു ലോകത്തിന്റെ മുമ്പിൽ വയ്ക്കാൻ ഒരു ദൗത്യമുണ്ടു്. അതാണു് അവളുടെ ആദ്ധ്യാത്മികശിശുത്വം അഥവാ "കുറുക്കുവഴി." ദിവ്യനാഥൻ സുവിശേഷത്തിൽ 2000 കൊല്ലങ്ങൾക്കു മുമ്പു് തെളിച്ചിട്ടതാണു്"

(ശേഷം 7-ാംപേജിൽ)

## ചെറുകഥ

# പൂച്ച പുറത്തായി

(തൂക്കോടിത്താനം ചാക്കോ)

പട്ടണത്തിൽ എന്തെന്നില്ലാത്ത ഒരാൾത്തിരക്ക്. ഇരുവശങ്ങളിലുമുള്ള കടകളിൽ പണിയൊന്നുമില്ലാത്ത ആളുകൾ കയറിയിരുന്നു് വെടിപറയുകയും ഉച്ചത്തിൽ ചിരിച്ചുരസിക്കുകയും ചെയ്യുന്നു.

ടൗണിന്റെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന മനോഹരമായ സിനിമാക്കൊട്ടകയിൽനിന്നും പുറത്തേക്കുവരുന്ന ഹിന്ദിഗാനങ്ങൾ കേട്ട് പരിസരം മറന്നവരെപ്പോലെ നില്ക്കുന്ന കോളെജുകുമാരന്മാർ.

അല്പസമയത്തിനുശേഷം കിഴക്കുനിന്നും ഒരു ജാഥ തീയേറ്ററിനു മുന്നിൽക്കൂടി കടന്നുപോയി. "സഖാവു ദേവസിയുടെ ജീവൻ അപകടത്തിൽ", "വെള്ളമുരാച്ചികളെ കെട്ടുകെട്ടിക്കുക", "സത്യാഗ്രഹസമരം സിന്ദാബാദ്" ഇതായിരുന്നു പ്രകടനക്കാരുടെ മുദ്രാവാക്യം.

ആ പ്രകടനത്തിൽ അറുപത്തിഅഞ്ചുപേരോളം പങ്കെടുത്തിട്ടുണ്ട്. അവരിൽ ഒട്ടുമുക്കാലുംപേർ ചുവപ്പുവസ്ത്രങ്ങൾ അണിഞ്ഞിട്ടുണ്ട്. ജാഥയുടെ ഏറ്റവും മുന്നിലായി ഒരു കൊച്ചുപയ്യൻ നീളമുള്ള ഈറ്റയിൽ ഒരു രക്തപതാക ഉയർത്തിപ്പിടിച്ചിട്ടുണ്ട്. ജാഥ പട്ടണത്തിൽനിന്നും ഉദ്ദേശം രണ്ടരമൈൽ അകലെ സ്ഥിതിചെയ്യുന്ന ഒരു ഫാക്ടറിയെ ലക്ഷ്യമാക്കിയാണു നീങ്ങുന്നതു്.

മദ്യനിരോധനമേഖലയാണെങ്കിലും "തൊള്ളി"യെടുത്ത ആവേശം അവരിൽ മിക്കവരിലും ദൃശ്യമായിരുന്നു. ആവശ്യം മൂർദ്ധന്യാവസ്ഥയിലെത്തുമ്പോൾ ചുററുപാടു മറന്നുപോകുന്ന "ആവേശ"മായിരിക്കാം, എന്തോ?

പലരുടേയും ശ്രദ്ധ സ്വജോലിയിൽനിന്നും പതറിപ്പോയി. എങ്ങനെ പതറാതിരിക്കും? കുടിച്ചു മദിച്ചു ഒരു മദ്യപാനി പൊതുനിരത്തിൽനിന്നു് അഴിഞ്ഞാടുവാൻ തുടങ്ങിയാൽ എങ്ങനെ നോക്കാതിരിക്കും? കാണാതിരിക്കും?

ജാഥ ഫാക്ടറിവളപ്പിലെത്തി. ഫാക്ടറിയുടെ അപ്പുറത്തായി കാണുന്ന മാനേജരുടെ ബംഗ്ലാവിന്റെ മുൻവശത്തു പ്രകടനക്കാർ ആവേശപൂർവ്വം നിരന്നു. അപ്പോൾ അന്തരീക്ഷം ഭേദിക്കുമാറു് മുദ്രാവാക്യം ഉയർന്നുപൊങ്ങി.

ബംഗ്ലാവിന്റെ മുന്നിൽ ദീർഘകായനായ ഒരു മനുഷ്യൻ മടക്കിവയ്ക്കാവുന്ന ഒരു ചാക്കുകട്ടിലിൽ മലർന്നുകിടക്കുന്നുണ്ടു്. അയാളുടെ കഴുത്തിൽ മൂന്നുനാലു ചുവന്ന മാലകൾ അണിയിച്ചിട്ടുണ്ടു്.

സ: ദേവസിയുടെ സത്യാഗ്രഹം ഇന്നു് പന്ത്രണ്ടാംദിവസമാണു്. പന്ത്രണ്ടുദിവസമെന്നു പറഞ്ഞാൽ സൂര്യൻ പന്ത്രണ്ടുദിവസം ഉദിക്കുകയും പന്ത്രണ്ടാംദിവസത്തിലെ അസ്തമനം മുഴമിപ്പിക്കാൻ പോകുകയും ചെയ്യുന്നു എന്നർത്ഥം.

ഇത്രദിവസം കഴിഞ്ഞിട്ടും സ: ദേവസി പച്ചവെള്ളം കഴിച്ചിട്ടില്ല. സത്യാഗ്രഹമല്ലേ? സത്യത്തിനും നീതിക്കുംവേണ്ടി നടത്തുന്ന ഏററവും വലിയ ഒരു സമരം. ബ്രിട്ടീഷ്സാമ്രാജ്യത്വത്തേയും അവരുടെ ചെങ്കോലുകളേയും അടിയറവയ്പിച്ച ഇൻഡ്യാക്കാരുടെ മൂർച്ചയേറിയ ഒരായുധം. ആ ആയുധംകൊണ്ടു് ഒരു പററം വെള്ളക്കാരെ ഇൻഡ്യയിൽനിന്നും കെട്ടുകെട്ടിക്കുവാൻ കഴിഞ്ഞെങ്കിൽ അതേ ആയുധംകൊണ്ടുതന്നെ ഒരൊററവെള്ളക്കാരനെ കെട്ടുകെട്ടിച്ചുകൂടേ, ആ പട്ടണത്തിൽനിന്നും? മാത്രവുമല്ല മുറിവിപ്ലവവും ഗൊറില്ലാപ്രവർത്തനവും ഇൻഡ്യൻകാലാവസ്ഥയ്ക്കു യോജിച്ചതല്ലെന്നു ഇപ്പോൾ ഏററുപറയുകയും സമാധാനനയങ്ങൾ സ്വീകരിച്ചിരിക്കുകയും ചെയ്യുന്ന കമ്മ്യൂണിസ്റ്റ്പാർട്ടി നടത്തുന്ന ഒരു സത്യാഗ്രഹസമരം. എന്താ, പോരേ? ചുരുക്കിപ്പറഞ്ഞാൽ വെള്ളിയും വെള്ളിക്കോലുംപോലുള്ള ബന്ധമേയുള്ളു.

മണിക്കൂറുകൾ ഇഴഞ്ഞിഴഞ്ഞു പോകുന്തോറും കഠിനമായ വിശപ്പും നിറുകപൊരിയുന്ന ദാഹവും. ദേവസിയെ ഈ സാഹസകൃത്യത്തിൽനിന്നും വിരമിപ്പിക്കുവാൻ കൂടെക്കൂടെ നിവേദനങ്ങളും മെമ്മോറാണ്ഡങ്ങളും അധികാരസ്ഥാനങ്ങളിൽ എത്തിക്കുന്നുണ്ടു്. പക്ഷെ എത്ര നിവേദനങ്ങളും കരിങ്കൊടിപ്രകടനങ്ങളും നടത്തിയാലും ഒന്നും വിലപ്പോകുകയില്ല.

"നിങ്ങൾക്കു നഷ്ടപ്പെടുവാൻ കൈകളിലേയും കാലുകളിലേയും ചങ്ങലമാത്രമേയുള്ളു. എന്നാൽ കിട്ടുന്നതോ? ഒരു ലോകം മുഴവൻ" എന്നുള്ള ഗുരുവിന്റെ വാക്കുകൾ ഓർക്കുമ്പോൾ ദേവസിക്കു് അല്പം സമാധാനമുണ്ടാകും. മാത്രവുമല്ല പത്തഞ്ഞൂറു തൊഴിലാളികളുടെ കൂലിക്കൂട്ടുതലും ബോണസ് പ്രശ്നവും സ: ദേവസിയുടെ നിരാഹാരസത്യാഗ്രഹസമരത്തിൽ തൂങ്ങുകയാണു്. ഇതെല്ലാം ഓർക്കുമ്പോൾ സഖാവിനു ഒന്നുംവയ്യാ. ആ പരുവത്തിൽ പാവം ദേവസി വിഷാദമൂകനായി ചാക്കുകട്ടിലിൽ ആലോചനാനിമഗ്നനായി കിടക്കുകയാണു്.

തൊഴിലാളികളിൽ കൂടുതൽ ഭാഗവും ഈ സമരത്തിനു എതിരാണു്. എങ്കിലും കച്ചകെട്ടിയിറങ്ങിത്തിരിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റ്സഖാക്കൾ അന്തരീക്ഷം ഭേദിക്കുമാറു് മുദ്രാവാക്യവും അസഭ്യവും പുലമ്പുന്നുണ്ടു്.

ഫാക്ടറിമാനേജർ ഭയന്നു. എന്താണു ചെയ്യുക? വെള്ളക്കാരനായ അദ്ദേഹം ഈ ചെമ്പടയെക്കണ്ടു് ആലിലപോലെ വിറച്ചു. ജീവനിൽ ഭയമുള്ള ആരാണു് ഭയപ്പെടാതിരിക്കുന്നതു്? അരാജകത്വം അരക്ഷിതാവസ്ഥയും ഇവിടെയെങ്ങും നടമാടുന്നില്ലെന്നും, ഉണ്ടെന്നു വരുത്തിക്കൂട്ടുന്നവരിലാണു് അരാജകത്വവും അരക്ഷിതാവസ്ഥയുമെന്നും മററുമാണു് ഭരണാധികാരികളുടെ മുറവിളി. അങ്ങനെ വരുമ്പോൾ അരാജകത്വവും അരക്ഷിതാവസ്ഥയും മാനേജരാണുണ്ടാക്കുന്നതു്. സായിപ്പിലാണു് അരാജകത്വവും അരക്ഷിതാവസ്ഥയും. ശരിയല്ലേ? വെള്ളക്കാരനായിപ്പോയെങ്കിലും അയാളുടെ ജീവൻ നിലനിർത്തുന്നതിനു തടസ്സമായിട്ടുള്ള ഏതോ അരക്ഷിതാവസ്ഥയും അരാജകത്വവും സ്വന്തബംഗ്ലാവിൻമുന്നിൽ ഇല്ലേ? ബംഗ്ലാവിനു ചുററും ചെമ്പടയെ കാവൽനിർത്തി എങ്ങോട്ടും അദ്ദേഹത്തെ ഇറക്കാതിരിക്കുന്നതിനുള്ള വലയം സൃഷ്ടിച്ചില്ലേ? അപ്പോൾ ആരാണു് അരക്ഷിതാവസ്ഥ ഉണ്ടാക്കുവാൻ ശ്രമിച്ചതു്?

വിവശനായ സായിപ്പ് പോലീസിനെ വിവരം ധരിപ്പിച്ചു. പോലീസ് എവിടെ വരാനാണു്? തൊഴിൽക്കുഴപ്പത്തിലും നിയമസമാധാനലംഘനത്തിലും പോലീസ് ഇടപെട്ടുകൂടെന്നാണു് മന്ത്രിയുടെ വെളിപാടു്.

മണിക്കൂറുകൾ ഒന്നിനുപുറകെ ഒന്നായി പോകുന്തോറും അരാജകത്വവും അരക്ഷിതാവസ്ഥയും അവിടമെല്ലാം നൃത്തംചവുട്ടുകയാണു്. സമാധാനമായി പ്രകടനം നടത്തുവാൻ, മനുഷ്യത്വത്തോടുകൂടി പെരുമാറുവാൻ മാനേജർ പല ആവർത്തി തൊഴിലാളികളോടു യാചിച്ചു പക്ഷെ തൊഴിലാളികൾ കൂടുതൽ ആവേശരായി എന്തും പ്രവർത്തിക്കുന്നതിനു സന്നദ്ധരായി അദ്ദേഹത്തെ പുറത്തിറക്കാതെ കഷ്ടപ്പെടുത്തി.

"The end justifies the means" ലക്ഷ്യം മാർഗ്ഗങ്ങളെ നീതീകരിച്ചുകൊള്ളുമെന്നല്ലേ? അങ്ങനെ വെണ്ടയ്ക്കാമുഴപ്പിൽ പ്രമാണം തുറന്നു അനുവദിച്ചുവച്ചിട്ടുള്ളപ്പോൾ എന്തിനു ഭയപ്പെടുന്നു; എന്തിനു പ്രവർത്തിക്കാതിരിക്കുന്നു? പോരേ? സായിപ്പല്ല അതിനേക്കാൾ മൂത്തസായിപ്പുവന്നാലും ലക്ഷ്യത്തിലേക്കുള്ള പാർട്ടിയുടെ നീക്കത്തിനു സത്യവും നീതിയും ഒന്നും സ്വീകാര്യമല്ലപോലും.

നിറുന്ന നിമിഷങ്ങൾ നീങ്ങുകയാണു്. അപ്പോഴേക്കും നേതാവു ബംഗ്ലാവിന്റെ മുന്നിൽ വന്നു കഴിഞ്ഞു. തൊഴിലാളികൾ മുദ്രാവാക്യം തുടരെത്തുടരെ വിളിച്ചു. അദ്ദേഹം അല്പം പുഞ്ചിരിയോടുകൂടി കാറിൽനിന്നും ഇറങ്ങി. തൊഴിലാളികൾ ഇരുവശത്തേക്കും ഒഴിഞ്ഞുമാറി. അദ്ദേഹം അവരുടെ വിപ്ലവാഭിവാദ്യങ്ങൾ സ്വീകരിച്ചുകൊണ്ടു പറഞ്ഞു: "സഖാക്കളേ! നാം ഇന്നു ഒരു പ്രതിസന്ധിഘട്ടത്തെ തരണംചെയ്യുകയാണു്. ഇതിനേക്കാൾ വലിയ പ്രതിസന്ധിഘട്ടങ്ങളെ നാം വിജയകരമായി നേരിട്ടുകഴിഞ്ഞു. സമരം നമുക്കു പുത്തരിയല്ല. വയലാറിലും, പുന്നപ്രയിലും, തെലുങ്കാനായിലും നാം ഭുവനപ്രസിദ്ധമായ വിപ്ലവം നടത്തിയിട്ടുണ്ടു്. അങ്ങനെ സമരപാരമ്പര്യമുള്ളവരാണു് നാം. അദ്ധ്വാനിക്കുന്നവരുടെ സമരത്തെ തടഞ്ഞുനിർത്താൻ, വേദനയനുഭവിക്കുന്നവരുടെ മഹത്തായ മുന്നേററത്തെ തടഞ്ഞുനിർത്താൻ ആർക്കും സാദ്ധ്യമല്ല. ഈ അവസരത്തിൽ ചില തല്പരകക്ഷികൾ പറഞ്ഞുപരത്തുന്നുണ്ടു്, ഈ സമരം ഒരു ചായക്കോപ്പയിലെ കൊടുങ്കാററാണെന്നു്. അല്ല, ഒരു ചായക്കോപ്പയിൽ ഒതുങ്ങുന്നതല്ല ഈ സമരം. നിങ്ങൾക്കു തെററിപ്പോയി. തല്പരകക്ഷികൾക്കു തെററുപററിപ്പോയി. അതിനാൽ വർഗ്ഗബോധമുള്ള നിങ്ങൾ പതറിപ്പോകരുതേ. തൊഴിലാളികളുടെ ഉന്നമനമാണു് പാർട്ടിയുടെ മുഖ്യലക്ഷ്യം. അതിനൊന്നാംതരം തെളിവാണു് പാർട്ടിയുടെ തിരഞ്ഞെടുപ്പുപ്രകടനപത്രിക. തൊഴിലാളികൾക്കു ഇരുപത്തഞ്ചുശതമാനം കൂലിക്കൂട്ടുതൽ, എന്താ? കൂടാതെ ബോണസ്, അലവൻസ്, ജോലിസ്ഥിരത അങ്ങനെ നൂറുകൂട്ടം കാര്യങ്ങൾ പാർട്ടി നിങ്ങൾക്കു വാഗ്ദാനം ചെയ്തിരിക്കുന്നു. ഇവ മുതലാളികൾക്കും ജന്മികൾക്കും ഗുണം വരുത്താനാണോ? നിങ്ങൾ ഇവയൊക്കെ ഒന്നാലോചിക്കണം. അങ്ങനെ കഴിഞ്ഞകാലത്തെ തീവ്രമായ സമരങ്ങളിൽനിന്നും പാർട്ടി അധികാരത്തിലേക്കു കയറിയിരിക്കുന്ന ഒരു കാലഘട്ടമാണെന്നോർക്കണം. നമ്മുടെ കണ്ണിലുണ്ണികളായ നേതാക്കന്മാർ നിങ്ങൾക്കുവേണ്ടി ഭരിക്കുന്ന ഈ കാലയളവിൽ നമ്മുടെ നേതാക്കന്മാർക്കു് വളരെ അധികം പ്രയാസങ്ങളെ നേരിടേണ്ടതായി വന്നു. ബൂർഷ്വാസിയുടെ നീണ്ട കൊള്ളയടിഭരണത്തിനുശേഷമുള്ള ഒരൊഴിഞ്ഞ ഖജനാവാണു് നമ്മുടെ നേതാക്കന്മാർക്കു കിട്ടിയതെന്നോർക്കണം. മാത്രവുമല്ല നമ്മുടെ പാർട്ടി അധികാരത്തിലേറിയതുമുതൽ കുട്ടനാട്ടിലെ ജന്മികൾക്കു ഹാലിളകി. അവർ ഇത്തവണ പുഞ്ചകൃഷി നടത്തുകയില്ലെന്നു തീർത്തു പറഞ്ഞു. ഒടുവിൽ തൊഴിലാളികൾക്കു ഗുണകരമായ ഒരൊത്തുതീർപ്പിൽ നമ്മുടെ ബുദ്ധിജീവികൾ ജന്മികളെ മുട്ടുകുത്തിച്ചു. പാടത്തു പണിയെടുക്കുന്ന വർഗ്ഗത്തിനു എന്നന്നേക്കും പ്രയോജനംസിദ്ധിക്കുന്ന ഒരൊത്തുതീർപ്പുവ്യവസ്ഥ ഉണ്ടാക്കികഴിഞ്ഞു. ഇത്തരം പല തൊഴിൽക്കുഴപ്പങ്ങളും ഈ നാലഞ്ചുമാസംകൊണ്ടു് മഹത്തായി നേടിക്കഴിഞ്ഞു. ഇവരുടെ നിസ്വാർത്ഥസേവനം പാർട്ടിക്കു വിസ്മരിക്കുക സാദ്ധ്യമല്ല. ഈ നേട്ടങ്ങളെല്ലാം ഇന്നല്ലെങ്കിൽ നാളെ തൊഴിലാളിവർഗ്ഗത്തിനു ഉപകാരപ്പെടുന്ന ഒരു തിട്ടൂരമാണു്."

നേതാവിന്റെ തീപ്പൊരിപ്രസംഗം തൊഴിലാളികൾക്കു കൂടുതൽ ഉണർവും, ആവേശവും പകർന്നുകൊടുത്തു. പ്രസംഗത്തിനുശേഷം അദ്ദേഹം മാനേജരെ കാണുന്നതിനു ബംഗ്ലാവിനുള്ളിലേക്കു കയറി.

"എന്താ?" മാനേജർ തിരക്കി.

"ഈ സമരം ഏററവും വേഗം അവസാനിപ്പിക്കുന്നതിനുള്ള പോംവഴികൾ ആലോചിക്കാൻ" നേതാവു് വരവിന്റെ ഉദ്ദേശ്യം വ്യക്തമാക്കി.

"അതിലേക്കു ഞാൻ ഇനി എന്താണു് ചെയ്യേണ്ടതു്?"

"പതിനഞ്ചുശതമാനം ബോണസെങ്കിലും കിട്ടണമെന്നാണു് യൂണിയന്റെ തീരുമാനം."

"പക്ഷേ പത്തുശതമാനം എന്നതിൽനിന്നു് ഒരു വ്യത്യാസവും വരുത്തുക ഫാക്ടറിക്കു് സാദ്ധ്യമല്ല..." മാനേജർ തീർത്തുപറഞ്ഞു.

"എന്നാലും അല്പംകൂടി..." നേതാവു വിക്കിവിക്കി പറഞ്ഞു.

"കമ്പനിയുടെ തീരുമാനത്തിൽനിന്നും അണുമാത്രം വ്യതിചലിക്കുക എനിക്കു നിവ്വാഹമില്ല."

"എന്നാൽ ഒരു മദ്ധ്യസ്ഥതീരുമാനമായ പന്ത്രണ്ടരശതമാനം അംഗീകരിക്കണം..." നേതാവു അല്പംകൂടി അയഞ്ഞുപറഞ്ഞു.

"നിവൃത്തിയില്ല സുഹൃത്തേ"

നേതാവു് അവതാളത്തിലായി. എന്താണു് ഇനി ചെയ്യുക? യൂണിയൻ ഏററവും വലിയ ഒരു ദുർഘടഘട്ടത്തിൽ വന്നെത്തിയിരിക്കുകയാണു്. തൊഴിലാളികളിൽ പലരും ഈ സമരത്തിന്റെ പിന്നിലില്ല. പാർട്ടിയെ വിശ്വസിച്ചു് കണ്ണുമടച്ചു് ഇറങ്ങിത്തിരിച്ചിരിക്കുന്ന പലരും ഇന്നു വഴിമുട്ടിനില്ക്കുന്ന ഈ അവസ്ഥയിൽ പണിമുടക്കും സത്യാഗ്രഹവും തുടരുക പാർട്ടിയെ ക്ഷീണിപ്പിക്കുകയായിരിക്കും. പലരും അടുത്ത ദിവസം തൊഴിൽശാലയിൽ കയറി ജോലിചെയ്യാൻ തയ്യാറായിത്തുടങ്ങി. ഈ പരിതസ്ഥിതിയിൽ മാനേജരുടെ തീരുമാനത്തിനു വഴങ്ങിക്കൊടുക്കുകയായിരിക്കും കരണീയം.

ഒടുവിൽ വിഷണ്ണനായ നേതാവു് മാനേജരുമായി എന്തൊക്കെയോ രഹസ്യമായി സംസാരിച്ചു് തങ്ങളിൽ ഒരു ഒത്തുതീർപ്പു നടത്തി.

തൊഴിലാളികളും, സത്യാഗ്രഹിയും ആകാംക്ഷയോടുകൂടി തീരുമാനം അറിയുവാൻ കാത്തിരിക്കുകയാണു്.

ഓരോരുത്തരുടേയും ഹൃദയത്തിൽ ആശകളുടേയും പ്രതീക്ഷകളുടേയും പൂമൊട്ടുകൾ വിടരുകയാണു്. കേരളത്തിലെ വിളവെടുപ്പു മഹോത്സവംകൊണ്ടാടുവാൻ, മാവേലിയുടെ നാടുകാണൽ ഏററവും മംഗളകരമാക്കേണ്ട ദിനങ്ങൾ, ഇനി അധികമില്ല. അതിലേക്കു വേണ്ടുന്ന പണം മാനേജരുടെ ഇരുമ്പുപെട്ടിയിലിരുന്നു കണ്ണുമിഴിക്കുന്നതേയുള്ളു. അതു തൊഴിലാളികളുടെ കൈയിൽ കിട്ടിക്കഴിയണം പൊന്നുംചിങ്ങമാസത്തെ "തിരുവോണം" മോഹനമായി, ആസ്വാദ്യകരമായി, വിയർപ്പൊഴുക്കുന്നവർക്കു കൊണ്ടാടാൻ. ആയതിലേക്കു് നേതാവു് തൊഴിലാളികൾക്കുവേണ്ടി മാനേജരോടു വാദിക്കുകയാണു്, അവകാശങ്ങൾ ഇപ്പോൾ വാങ്ങും.

പാവങ്ങൾ! അവരുടെ വിശ്വാസത്തിൽക്കൂടിയുള്ള ആഗ്രഹങ്ങൾ ഉയർന്നുയർന്നു പോകുകയാണു്. എത്രനാൾ പ്രതീക്ഷകളുടെ മുന്തിരിച്ചാറു് അയവിറക്കിക്കൊണ്ടു പ

(ശേഷം 11-ാംപേജിൽ)


## മയ്യഴിത്തിരുനാൾ മഹാമഹം

### ഒക്ടോബർ 14, 15

തിരുനാളാരംഭം ഒക്ടോബർ 5

തീർത്ഥകരുടെ സൗകര്യാർത്ഥം 1957ഒക്ടോബർ 14, 15 തീയതികളിൽ തീവണ്ടിക്കും, ബസ്സിനും പ്രത്യേക ഏർപ്പാടുകൾ ചെയ്യപ്പെടുന്നതാണു്.

നിങ്ങളുടെ എല്ലാ ആവശ്യങ്ങളിലും മയ്യഴിയിൽ 1736-ൽ സ്ഥാപിച്ചതായ അത്ഭുതകരവും ബഹുമാന്യവുമായ അവിലായിലെ വിശുദ്ധ ത്രേസ്യായുടെ തീർത്ഥകേന്ദ്രത്തിൽ അഭയംതേടുക. നിങ്ങൾക്കു് ഒരിക്കലും ഇച്ഛാഭംഗം വരികയില്ല.



കൊല്ലംതോറും തിരുനാൾ മഹോത്സവവേളയിൽ 25000-ൽ പരം തീർത്ഥയാത്രക്കാർ ഇവിടം സന്ദർശിക്കുകയും ലക്ഷക്കണക്കിൽ മെഴുകുതിരികൾ പ്രാർത്ഥനയായി ജ്വലിപ്പിക്കുകയും ചെയ്യുന്നുണ്ടു്. ഉള്ളുഴിഞ്ഞു് പ്രാർത്ഥിക്കുന്ന ഏവർക്കും ഈ പുണ്യവതിവഴിയായി കാര്യസാഫല്യമുണ്ടാകുന്നതാണെന്നു ഇവിടെ പലരും അനുഭവപ്പെട്ടതായറിയുന്നു. അത്യാശ്ചര്യകരമായ പല അനുഭവങ്ങളും നിരവധി ജനങ്ങൾക്കു സിദ്ധിച്ചിട്ടുണ്ടു്.

അപേക്ഷകളും, സംഭാവനകളും, പൂജാധർമ്മങ്ങളും താഴെക്കാണുന്ന വിലാസത്തിൽ എത്തിക്കേണ്ടുന്നതാണു്.

**Parish Priest, Mahe, N. Malabar**

# അസീസ്സിയിലെ സ്നേഹഗായകൻ

(ഫാദർ ഹെൻട്രി, കപ്പൂച്ചിൻ)

നെടുവീർപ്പിടുകയും വിമ്മിക്കരയുകയും അസ്വസ്ഥനായി ഓടിനടക്കയും ചെയ്തുകൊണ്ടിരുന്ന ഫ്രാൻസീസിനോടു് സന്താപകാരണം ആരാഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞതു്, സ്നേഹം സ്നേഹിക്കപ്പെടുന്നില്ല, സ്നേഹം സ്നേഹിക്കപ്പെടുന്നില്ല എന്നത്രെ. അനന്തനന്മയായ ദൈവത്തിന്റെ അളവററസ്നേഹത്തെ സ്മരിക്കുന്നവർ എത്ര ചുരുക്കം എന്ന ചിന്ത അദ്ദേഹത്തെ വളരെയധികം വേദനിപ്പിച്ചു.

ദൈവം സ്നേഹമാകുന്നു; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നുവെന്ന സുവിശേഷവാക്യത്തിലെ സത്യം മനുഷ്യബുദ്ധികൊണ്ടു് ഗ്രഹിക്കാൻ പാടില്ലാത്തവിധം അത്ര ഗഹനവും മനുഷ്യഹൃദയത്തിൽ അടങ്ങാത്തവിധം അത്ര വിപുലവുമത്രെ. ദൈവം തന്നെത്താൻ സ്നേഹിക്കുന്ന സ്നേഹത്തിൽനിന്നു പുത്രൻതമ്പുരാനും, അവർ തമ്മിലുള്ള സ്നേഹത്തിൽനിന്നു പരിശുദ്ധാത്മാവും പുറപ്പെടുന്നു. ദൈവത്തിന്റെ അനന്തസ്നേഹഫലമാണു് സൃഷ്ടികർമ്മം. മാലാഖമാരും മനുഷ്യരും പ്രപഞ്ചവുമെല്ലാം ആ സ്നേഹത്തിന്റെ ഫലങ്ങൾ. നശിച്ചുപോയ നരവർഗ്ഗത്തെ സമുദ്ധരിക്കാൻ ദൈവസുതൻ മനുഷ്യാവതാരം ചെയ്യുന്നതും, അതികഠിനതരങ്ങളായ പീഡകളും നിഷ്ഠുരമരണവും വരിക്കുന്നതും സ്നേഹത്താൽ നീതനായിമാത്രം. ലോകാവസാനത്തോളം ദിവ്യകൂദാശയിൽ നിർജ്ജീവവസ്തുവിന്റെ രൂപത്തിൽ നിത്യകാരാഗൃഹവാസം ചെയ്യുവാൻ അവിടുത്തെ പ്രേരിപ്പിച്ചതും സ്നേഹം ഒന്നുമാത്രമാണല്ലോ. ഈ സ്നേഹത്തെ വിലമതിക്കാനും അതിനു പ്രതിസ്നേഹം കാണിക്കാനും തയ്യാറാകാത്ത മനുഷ്യരുടെ കൃതഘ്നതയും കൃത്യവിലോപവുമാണു് ഫ്രാൻസീസിനെ വ്യാകുലചിത്തനാക്കിത്തീർത്തതു്.

ദൈവത്തിന്റെ പൈതൃകവാത്സല്യത്തിൽ പൂർണ്ണബോദ്ധ്യമുണ്ടായിരുന്ന ഫ്രാൻസീസിനു തന്റെ ജനയിതാവിനേയും പൈതൃകാവകാശങ്ങളും ഉപേക്ഷിച്ചു. ഉടുതുണിപോലും വെടിഞ്ഞു് നിർദ്ധനനും നിസ്സഹായനുമായി പെരുവഴിയിലിറങ്ങാൻ മടിയോ ഭയമോ ലവലേശമുണ്ടായില്ല. അന്നുമുതൽ "സ്വർഗ്ഗത്തിലിരിക്കുന്ന പിതാവേ" എന്നു ആത്മാർത്ഥമായി വിളിക്കാമല്ലോ എന്നോർത്തു അദ്ദേഹം സന്തോഷിച്ചു. ആ സ്നേഹലഹരിയിൽ മതിമറന്നു്, പാട്ടുപാടിക്കൊണ്ടു് എങ്ങോട്ടെന്നറിയാതെ ചുററിത്തിരിഞ്ഞു. നീ ആരു് എന്ന ചോദ്യത്തിനുള്ള ഉത്തരം, രാജാധിരാജന്റെ ദൂതൻ എന്നായിരുന്നു. ദൈവസ്നേഹം വിളംബരം ചെയ്യാൻ—പകയും സ്പർദ്ധയും മൂലം നരകതുല്യമായിത്തീർന്നിരിക്കുന്ന ലോകത്തിൽ, സ്നേഹമെന്തെന്നറിയാതെ ക്ഷാമവും ദരിദ്രവുംകൊണ്ടു അശരണരായിക്കഴിയുന്ന ആയിരമായിരം പാവങ്ങളുടെ മദ്ധ്യേ സ്നേഹത്തിന്റെ പൊൻകതിർ വീശാൻ—താൻ പുറപ്പെട്ടിരിക്കുകയാണെന്നു് അദ്ദേഹം വിളിച്ചുപറയുകയായിരുന്നു. പക്ഷെ ആ പഥികർക്കു് അതു അപഹാസ്യമായിത്തോന്നി എന്നാൽ നീ അവിടെ കിടക്കു എന്നു പറഞ്ഞുകൊണ്ടു ഒരു ചെളിക്കുഴിയിലേക്കു അദ്ദേഹത്തെ അവർ തള്ളിയിട്ടു. അവിടേയും ഫ്രാൻസീസിന്റെ സന്തോഷത്തിനു ഉടവു തട്ടിയില്ല. ആനന്ദഗീതികൾ ആലപിച്ചുകൊണ്ടുതന്നെ പിടച്ചെഴുന്നേററു് അദ്ദേഹം യാത്രതുടർന്നു.

നമ്മുടെ വിശുദ്ധൻ സെറാഫിൻ മാലാഖമാർക്കു തുല്യം ദൈവസ്നേഹത്തിൽ എരിഞ്ഞിരുന്നുവെന്നു കാണിക്കാൻ അദ്ദേഹത്തെ സെറാഫിക് സെൻറു് ഫ്രാൻസീസ് എന്നു വിളിക്കുന്നു. ജ്വലിച്ചുയന്നു് പിടിയിൽ കിട്ടുന്നതെല്ലാം അഗ്നിമയമാക്കുകയാണല്ലോ തീയുടെ പ്രകൃതം. ദൈവസ്നേഹമാകുന്ന അഗ്നിയുടെ സ്വഭാവവും അതുതന്നെയാണു്. യുവാവായ ഫ്രാൻസീസിന്റെ ഹൃദയത്തിൽ വീണ സ്നേഹാഗ്നിയുടെ പൊരി ആളിക്കത്താൻതുടങ്ങി. അദ്ദേഹത്തിന്റെ ഹൃദയത്തെ മാത്രമല്ല, ബുദ്ധിയേയും സ്വാതന്ത്ര്യത്തേയും പഞ്ചേന്ദ്രിയങ്ങളേയും ശരീരത്തെ മുഴുവനും അതു ദഹിപ്പിച്ചുകൊണ്ടിരുന്നു ഫ്രാൻസീസിന്റെ ജീവിതം ഒരു സ്നേഹപ്രകരണമായി മാറി. നിരർഗ്ഗളമായി നീണ്ടുനിന്ന ഒരു സ്നേഹഗാനം. മധുരമധുരമായ, ആനന്ദസുന്ദരമായ ആ ഗാനാലാപം മനുഷ്യരേയും മൃഗങ്ങളേയും പ്രപഞ്ചത്തെത്തന്നേയും കോൾമയിർക്കൊള്ളിച്ചു, വശീകരിച്ചു പാട്ടിലാക്കി. അസ്സീസിയിൽ മാത്രമല്ല ഇററലിയുടെ സീമകളുംകടന്നു് യൂറോപ്പുഖണ്ഡം മുഴുവനും ആ സംഗീതധ്വനി വ്യാപിച്ചു. അതിന്റെ ആസ്വാദ്യതയിൽ, അതിന്റെ ആനന്ദലഹരിയിൽ, ഒരു നവോന്മേഷവും നവജീവിതവും ഉടലെടുത്തു.

വി: യൗസേപ്പുപിതാവിന്റേയും വി: പത്താംപിയൂസിന്റേയും മാദ്ധ്യസ്ഥതാലും ബ: അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

P. D. Jos, Pavaratty

സ്നേഹിക്കപ്പെടുവാനും സ്നേഹിക്കുവാനുമുള്ള അഭിലാഷം എല്ലാവർക്കും ജന്മസിദ്ധമാണു്. ദാരിദ്ര്യം, സുഖക്കേടുകൾ, അനർത്ഥങ്ങൾ എല്ലാം സ്നേഹത്താൽ സുമധുരങ്ങളായി മാറുന്നു. മരണത്തെപ്പോലും വേദനനിറഞ്ഞ, അപമാനകരമായ മരണത്തെത്തന്നേയും സ്നേഹം വെല്ലുവിളിക്കുന്നു.

അവഗാഢം നമ്മെ സ്നേഹിക്കയും, തന്നെത്താൻ മറന്നു് നമ്മുടെ ക്ഷേമൈശ്വര്യങ്ങൾക്കായി എന്തുംചെയ്യാൻ സന്നദ്ധനായി കാത്തിരിക്കയുംചെയ്യുന്ന ഒരു പിതാവാണു് ദൈവമെന്നും, ആ വത്സലപിതാവിന്റെ അരുമസന്താനങ്ങളാണു് സകല മനുഷ്യരും ചരാചരങ്ങളെല്ലാമെന്നും ഫ്രാൻസീസ് പഠിപ്പിച്ചുതുടങ്ങി. ദൈവത്തിന്റെ നന്മയും അവിടുത്തെ വാത്സല്യവും എവിടേയും എല്ലാവസ്തുക്കളിലും അദ്ദേഹം ദർശിച്ചു മുളച്ചുവളരുന്ന ഒരു ചെടി ദൈവത്തിന്റെ ശക്തിയും സ്നേഹവും വിളിച്ചറിയിക്കുന്ന ഒരു ദൂതനാണു്. ഇഴഞ്ഞുനീങ്ങുന്ന പുഴു അനന്തമായ ജീവന്റെ അംശമെന്ന നിലയിൽ ദൈവത്തിന്റെ ചരായയാണു്. തത്തിക്കളിക്കുന്ന മത്സ്യവും പറന്നുനടക്കുന്ന പക്ഷിയും ദൈവത്തിന്റെ ബുദ്ധിസാമർത്ഥ്യവും വാത്സല്യാതിരേകവും കൊട്ടിഘോഷിക്കയാണു്. പ്രകാശവും പ്രതാപവുമുള്ള സൂര്യൻ ദൈവത്തിന്റെ മഹിമയും വലിപ്പവും ചിത്രീകരിക്കുകയാണു്. ഇങ്ങനെ പോയി ഫ്രാൻസീസിന്റെ വീക്ഷണഗതി. അതിനാൽ മനുഷ്യർ മാത്രമല്ല, സകല ജീവജാലങ്ങളും, നിർജ്ജീവവസ്തുക്കളും ദൈവത്തിന്റെ സൃഷ്ടികളെന്ന നിലയിൽ സഹോദരങ്ങളത്രെ. അഗ്നിയെ സഹോദരി എന്നും, സൂര്യനെ സഹോദരാ എന്നും ആത്മാർത്ഥമായി സംബോധനചെയ്യാൻ ഫ്രാൻസീസിനു കഴിഞ്ഞു.

കുബേരകുചേല വ്യത്യാസമെന്യേ, പണ്ഡിതപാമരവിവേചനക്കൂടാതെ, സകല മനുഷ്യരേയും സഹോദരതുല്യം സ്നേഹിക്കാനും, ശുശ്രൂഷിക്കാനും ഫ്രാൻസീസിനു സാധിച്ചു. പ്രഭുക്കന്മാരും കുറ്റിനാളന്മാരും അദ്ദേഹത്തിന്റെ സ്നേഹിതരുടെ ഗണത്തിൽപെട്ടിരുന്നെങ്കിലും, അതിലുപരിയായി ദരിദ്രരും കുഷ്ഠരോഗികളും ഒരുത്തമസുഹൃത്തിനെ ഫ്രാൻസീസിൽ ദർശിച്ചു കുഷ്ഠരോഗികളുടെ ചീഞ്ഞഴിഞ്ഞ വ്രണങ്ങൾ കഴുകിക്കെട്ടുന്നതിലും, അവരോടൊത്തു വസിക്കുന്നതിലും അദ്ദേഹം സന്തോഷം കണ്ടെത്തി. സ്നേഹത്തിനു തരണം ചെയ്യാൻ കഴിയാത്ത എന്തു പ്രതിബന്ധങ്ങളാണു് ലോകത്തിലുള്ളതു്? പരസ്യപാപികളും പകൽക്കള്ളന്മാരും ഫ്രാൻസീസിന്റെ സ്നേഹവലയത്തിൽ കുടുങ്ങി ഉത്തമകത്തോലിക്കരും വിശുദ്ധരുമായിത്തീർന്നു.

പക്ഷിവൃന്ദങ്ങളെ വിളിച്ചുകൂട്ടി അവയോടൊത്തു പാട്ടുകച്ചു് ഫ്രാൻസീസിന്റെ വിനോദങ്ങളിൽ ഒന്നായിരുന്നു. ക്രൂസലെന്യേ ഫ്രാൻസീസിന്റെ തോളുകളിലും കൈകളിലും വന്നിരിക്കാൻ പക്ഷികൾക്കു ഭയമില്ലായിരുന്നു. സഹോദരികളേ, ദൈവത്തെ സ്തുതിപ്പിൻ എന്ന നിർദ്ദേശം ലഭിച്ചാലുടൻ അവ പാട്ടുകയായി, ഗുബിയോ നിവാസികളെ ഭയചകിതരാക്കിയ ചെന്നായെ മനുഷ്യസ്നേഹിയാക്കാൻ ഫ്രാൻസീസിന്റെ സ്നേഹത്തിനു സാധിച്ചു. ചീറിയടുത്ത ചെന്നായ് ഫ്രാൻസീസിന്റെ പാദം നയിച്ചു് അദ്ദേഹം പറഞ്ഞതെല്ലാം സമ്മതിച്ചു; ജീവിതശിഷ്ടം ഒരു നായയെപ്പോലെ ജനങ്ങളുടെ ഇടയിൽ ചുററിത്തിരിഞ്ഞു കഴിച്ചുകൂട്ടി.

ചുട്ടുപഴുപ്പിച്ച ഇരുമ്പുകഷണം കൊണ്ടു് ചെന്നി രണ്ടും പൊള്ളിച്ചാൽ നേത്രരോഗത്തിനു ശമനമുണ്ടാകുമെന്നു് ഒരു വൈദ്യൻ അഭിപ്രായപ്പെട്ടു. യാതൊരു സങ്കോചവുംകൂടാതെ ഫ്രാൻസീസ ആ ചികിത്സാവിധിക്കു സമ്മതിച്ചു. അഗ്നിസഹോദരി, നിന്നെ സ്നേഹിക്കയും ആദരിക്കയും ചെയ്ത എന്നെ നീ ഉപദ്രവിക്കരുതു് എന്നു് തീയെ ഒന്നു് അനുസ്മരിപ്പിക്കമാത്രമേ അദ്ദേഹം ചെയ്തുള്ളു. അല്പംപോലും വേദന ആ പൊള്ളിക്കലിൽ ഫ്രാൻസീസിനുണ്ടായില്ല.

മരണം അടുത്തിരിക്കുന്നു എന്നറിഞ്ഞയുടൻ സഹോദരിമരണമേ, വന്നാലും എന്നു വിളിച്ചുപറഞ്ഞു. മരണത്തേയും സ്തുതിച്ചു കീർത്തനമുണ്ടാക്കി പാടുവാനും ഫ്രാൻസീസിനു സാധിച്ചു. പാട്ടുപാടിക്കൊണ്ടു്, അതേ, ആ സ്നേഹഗാനത്തിനു വിരാമമിടാതെതന്നെ അദ്ദേഹം ഇഹലോകജീവിതം അവസാനിപ്പിച്ചു.

വിഭാഗീകചിന്തയും വിദ്വേഷവും നടമാടുന്ന ഇക്കാലത്തു്, തൊഴിലാളികളും മുതലാളികളും തമ്മിലും, ധനവാന്മാരും ദരിദ്രരും തമ്മിലും, ഭരണീയരും ഭരണകർത്താക്കളും തമ്മിലും ഏററുമുട്ടലുകളും കൊലയുമുണ്ടാകുന്നു. ഇന്നത്തെ ലോകം ഫ്രാൻസീസിന്റെ ആഹ്വാനം ശ്രവിച്ചിരുന്നെങ്കിൽ! ആ സ്നേഹഗായകനെ അനുസ്മരിക്കയും അനുഗമിക്കയും ചെയ്തിരുന്നെങ്കിൽ!

# ചോദിച്ചാൽ പറയാം

153. ചോ: തെററാവരമൊന്നുമില്ലാത്ത പിതാക്കന്മാർ ഭൂരിപക്ഷാഭിപ്രായമനുസരിച്ചു സാർവ്വത്രികസൂനഹദോസുകളിൽവച്ചു സ്വീകരിക്കുന്ന വിശ്വാസങ്ങൾ ശരിയായിരിക്കണമെന്നുണ്ടോ? ഭൂരിപക്ഷാഭിപ്രായം എപ്പോഴും ശരിയാകണമെന്നില്ലല്ലോ.

(പി. ജെ. ബി. കോന്നി)

ഉ: തെററാവരമൊന്നുമില്ലാത്ത പിതാക്കന്മാർ ഭൂരിപക്ഷാഭിപ്രായമനുസരിച്ചു് സ്വീകരിക്കുന്ന വിശ്വാസങ്ങൾ ശരിയാകണമെന്നില്ല. പക്ഷെ അവരുടെ സമ്മേളനത്തെ നാം സാർവ്വത്രികസൂനഹദോസുകളായി ഗണിക്കുന്നില്ല. ആകയാൽ തെററാവരമില്ലാത്ത പിതാക്കന്മാർ സാർവ്വത്രികസൂനഹദോസിൽവച്ചു സ്വീകരിക്കുകയെന്ന ഒരു പ്രശ്നമേ ഉണ്ടാകുന്നില്ല. മെത്രാന്മാർ ഒരുമിച്ചുകൂടുന്ന സമ്മേളനത്തിനാണു് "സൂനഹദോസ്" എന്നു പറയുന്നതു്. എന്നാൽ മെത്രാന്മാരെല്ലാവരും ഒരുമിച്ചുകൂടി മാർപ്പാപ്പായുടെ അംഗീകരണത്തോടെ നടത്തുന്ന സൂനഹദോസാണു് "സാർവ്വത്രികസൂനഹദോസു്."

സാർവ്വത്രികസൂനഹദോസിനു് എല്ലാ മെത്രാന്മാരും ക്ഷണിക്കപ്പെടണം; അവരെല്ലാവരും ഹാജരായിരിക്കണമെന്നില്ല. എന്നാലും എല്ലാവരുടേയും മതിയായ പ്രതിനിധിവല്ലൂരണമുണ്ടായിരിക്കണം. മാർപ്പാപ്പാ നേരിട്ടോ, മാർപ്പാപ്പായുടെ സമ്മതത്തോടുകൂടി വേറെ ആരെങ്കിലുമോ ആണു് സാർവ്വത്രികസൂനഹദോസ് വിളിച്ചുകൂട്ടേണ്ടതു്. മാർപ്പാപ്പാ നേരിട്ടോ പ്രതിനിധികൾവഴിയോ സാർവ്വത്രികസൂനഹദോസിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാകുന്നു. (എന്നാൽ മാർപ്പാപ്പാ സംബന്ധിക്കാത്ത ഒരു സൂനഹദോസിന്റെ നിശ്ചയങ്ങൾ അംഗീകരിച്ചുകൊണ്ടു് മാർപ്പാപ്പാക്കു അതിനെ സാർവ്വത്രികസൂനഹദോസായി പ്രഖ്യാപിക്കാവുന്നതാണു്) അപ്രമാദിത്വമുള്ള മാർപ്പാപ്പായോടുകൂടിയ സാർവ്വത്രികസൂനഹദോസിനു അപ്രമാദിത്വമില്ലാതിരിക്കുവാൻ തരമില്ലല്ലോ. പക്ഷെ മാർപ്പാപ്പായെ ആശ്രയിച്ചാണു് സാർവ്വത്രികസൂനഹദോസിന്റെ അപ്രമാദിത്വം സ്ഥിതിചെയ്യുന്നതു്. സാർവ്വത്രികസൂനഹദോസിൽ കൂടുന്ന മെത്രാന്മാർ മാർപ്പാപ്പായുടെ വിധിയോടു യോജിച്ചു വിധിപറഞ്ഞാൽ മാത്രമേ പ്രമാദരഹിതമായ വിധി പ്രസ്താവിക്കുന്നുള്ളു. സാർവ്വത്രികസൂനഹദോസിൽ മാർപ്പാപ്പായോടു യോജിക്കാത്തവരുടെ സംഖ്യ എത്ര വലുതായിരുന്നാലും അവരുടെ സിദ്ധാന്തം പ്രമാദരഹിതമായിരിക്കുകയില്ല. അപ്രമാദിത്വം ഭൂരിപക്ഷത്തിലല്ല, പരമാധികാരത്തിലാണു അധിഷ്ഠിതമായിരിക്കുന്നതു്.

സാർവ്വത്രികമല്ലാതെ സമ്മേളിക്കുന്ന ഏതെങ്കിലും സൂനഹദോസിന്റെ നിശ്ചയത്തെ സാർവ്വത്രികമായി പ്രഖ്യാപനം ചെയ്യുവാൻ മാർപ്പാപ്പാക്കു അധികാരമുണ്ടെന്നു പറഞ്ഞുവല്ലോ. പക്ഷെ മാർപ്പാപ്പാ അങ്ങനെ പ്രഖ്യാപിക്കാത്ത കാലത്തോളം അത്തരം സൂനഹദോസുനിശ്ചയങ്ങളെ വിശ്വാസസത്യങ്ങളായി സ്വീകരിക്കുവാൻ ആർക്കും ബാദ്ധ്യതയില്ല. ആകയാൽ "തെററാവര"മൊന്നുമില്ലാത്ത പിതാക്കന്മാർ ഭൂരിപക്ഷാഭിപ്രായമനുസരിച്ചു ചെയ്യുന്ന തീരുമാനങ്ങൾ ശരിയുമാകാം; തെററുമാകാം. സഭയെ പഠിപ്പിക്കുവാൻ ചുമതലപ്പെട്ടവർ എന്ന നിലയിൽ, മാർപ്പാപ്പായോടു യോജിച്ചുനിന്നുകൊണ്ടു് മെത്രാന്മാർ ചെയ്യുന്ന തീരുമാനങ്ങൾ പ്രമാദരഹിതങ്ങളായിരിക്കും; (അവർ തെററായ തീരുമാനം ചെയ്താൽ മാർപ്പാപ്പാ ഉടനെ അവരെ തിരുത്തുമല്ലോ)

ഭൂരിപക്ഷാഭിപ്രായം എപ്പോഴും ശരിയായിക്കൊള്ളണമെന്നില്ല സാർവ്വത്രികസൂനഹദോസുകളുടെ തീരുമാനങ്ങൾ സ്വീകാര്യങ്ങളാകുന്നതു് അവ ഭൂരിപക്ഷാഭിപ്രായമനുസരിച്ചുള്ളവയായതുകൊണ്ടല്ല. പ്രത്യുത അപ്രമാദിത്വമുള്ള പരമാധികാരി അവയെ അംഗീകരിക്കുന്നതുകൊണ്ടാകുന്നു.

154. ചോ: 29-5-57-ലെ സത്യദീപം 11-ാംപേശത്തു യാക്കോബായസഭയിലെ പട്ടം കത്തോലിക്കാസഭ അംഗീകരിക്കുന്നതായി പ്രസ്താവിച്ചുകണ്ടു. കാതോലിക്കാകക്ഷിയിലെ പട്ടം കത്തോലിക്കാസഭ അംഗീകരിക്കുന്നുണ്ടോ? ആ വിഭാഗത്തിന്റെ പട്ടം യാക്കോബായസഭ അംഗീകരിക്കുന്നില്ലെന്നു അറിയാമല്ലോ.

(ഇ. എം. ടി. കോട്ടയം)

ഉ: സത്യദീപത്തിന്റെ പ്രസ്തുത ലക്കത്തിൽ, 110-ാം ചോദ്യത്തിനു മറുപടി നൽകുകയിൽ ഇങ്ങനെ പ്രസ്താവിച്ചിരുന്നു: "നിയമാനുസൃതം കൈവെപ്പുള്ള ഒരു മെത്രാനിൽനിന്നു നിയമാനുസൃതം സ്വീകരിക്കപ്പെടുന്ന പട്ടം സാധുവായിട്ടുള്ളതാകുന്നു. ആവിധത്തിലാണു് യാക്കോബായസഭ

(1-ാംപേജ് തുടർച്ച)

ആ വഴി. ഒരിക്കൽ ഒരു കുട്ടിയെ തന്റെ അടുക്കൽ നിറുത്തി കർത്താവു പറഞ്ഞു: "നിങ്ങൾ മനസ്സുതിരിഞ്ഞു ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ കഴികയില്ല." ഈ വാക്കുകളുടെ പിന്നിൽ ഒളിഞ്ഞുകിടക്കുന്ന കുറുക്കുവഴിയെ മറനിക്കി പുറത്തുകാട്ടിയതാണു് കൊച്ചുത്രേസ്യാ നിർവ്വഹിച്ച കൃത്യം. അതുകൊണ്ടാണു് അവൾ ആധുനികലോകത്തിലെ ഏററം വലിയ വിശുദ്ധയായിത്തീർന്നതു്.

"മാധവ" ബാലപീയൂഷം Reg. No. 162924
എല്ലാ ബാലരോഗങ്ങളേയും മാററി കുഞ്ഞുങ്ങൾക്കു് ആരോഗ്യവും തേജസ്സും ശരീരപുഷ്ടിയും നൽകുന്ന ഉത്തമ ടോണിക്കു്!
16 ഔ. 3ക. 8 ഔ 1=62.

"മാധവ" സരസപരില 16ഔ. കുപ്പി 1ക്കു് 1=62
രക്തം ഉഷ്ണിച്ചുണ്ടാവുന്ന എല്ലാ ഉപദ്രവങ്ങൾക്കും, മൂത്രം എരിച്ചിൽ, മൂത്രതടസ്ഥം, സ്ത്രീപുരുഷന്മാർക്കുണ്ടാകുന്ന ഉഷ്ണസംബന്ധമായ സുഖക്കേടുകൾ ഇവകൾക്കും അത്യന്തം ഫലപ്രദം.

എല്ലാ സ്ഥലത്തും പ്രധാന മരുന്നുഷാപ്പുകളിൽനിന്നും ലഭിയ്ക്കുന്നു. "മാധവ" എന്നപേരും "കൊളുത്തിവെച്ച നിലവിളക്കും" ഉള്ള റജിസ്റ്റേർഡ് ട്രെയ്ഡ്മാർക്കു് നോക്കി "മാധവ ആയുർവ്വേദ ഔഷധങ്ങൾ" വാങ്ങി ഉപയോഗിക്കുക. വ്യവസ്ഥകൾക്കു് നേരിട്ടെഴുതുക:
മാധവ ഫാർമസി (P) ലിമിറഡ്—എറണാകുളം
ഗവേണിങ്ങ് ഡയറക്ടർ: പൊരുതിയിൽ നാരായണൻ വൈദ്യർ. Phone: 238

യിലെ പട്ടത്തെ കത്തോലിക്കാ സഭ അംഗീകരിച്ചിരിക്കുന്നത്." ഇതിൽനിന്നു പട്ടം സാധുവാണോ യെന്നു അറിയുന്നതിനുള്ള മാർഗ്ഗം എന്തെന്നു വ്യക്തമാണല്ലോ. അതു നിയമാനുസൃതം കൈവെപ്പുള്ള ഒരു മെത്രാനിൽനിന്നു സ്വീകരിച്ചതായിരിക്കണം; സ്വീകരണമോ നിയമാനുസൃതമായിരിക്കുകയുംവേണം. കാതോലിക്കാകക്ഷിയിലെ പട്ടം ഈ രണ്ടു ലക്ഷണങ്ങളോടുംകൂടിയതാണെങ്കിൽ അതു സാധുവാണെന്നുള്ളതു വ്യക്തമാണല്ലോ. അല്ലെങ്കിലോ അസാധുവും. സാധുത്വത്തിന്റെ മാനദണ്ഡം യാക്കോബായസഭ സ്വീകരിക്കുന്നുവോ ഇല്ലയോയെന്നുള്ളതല്ല.

അടുത്തകാലത്തു നിര്യാതനായ യാക്കോബായ പാത്രിയർക്കീസ് മാർ അപ്രേം പ്രഥമൻ, 1942 മേയ്മാസം 5-ാം തീയതി കേരളത്തിലെ യാക്കോബായക്കാർക്കയച്ച ഒരു കല്പനയിൽ കാതോലിക്കാബാവായുടേയും ഓർത്തഡോക്സ് കക്ഷിയിലെ മററു മേല്പട്ടക്കാരുടേയും പട്ടം ശരിയല്ലെന്നും, പാത്രിയർക്കീസുകക്ഷിയുമായി അവർ യോജിക്കണമെങ്കിൽ അവരെല്ലാവരും രണ്ടാമതു പട്ടം വാങ്ങണമെന്നും, അവരിൽനിന്നും പട്ടം സ്വീകരിച്ചിട്ടുള്ള വൈദികർക്കും ശെമ്മാശന്മാർക്കും വീണ്ടും പട്ടം കൊടുക്കണമെന്നും പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളതു ശരിതന്നെ.

പക്ഷേ ഓർത്തഡോക്സ്കക്ഷിയിലെ മേല്പട്ടക്കാർക്കും കാതോലിക്കാബാവായ്ക്കും ശരിയായ കൈവെപ്പു ഇല്ലെന്നും അവർ വെറും അൽമായക്കാരാണെന്നുമുള്ള പാത്രിയർക്കീസുകക്ഷിയുടെ വാദത്തെ കത്തോലിക്കാസഭ സ്വീകരിക്കുന്നില്ല. കാതോലിക്കാബാവായ്ക്കും മററും ശരിയായ പട്ടമുണ്ടെന്നുതന്നെയാണ് കത്തോലിക്കരുടെ നില. (അതുകൊണ്ടു് അബ്ദുൽമിശിഹാ മലങ്കരയിൽ സ്ഥാപിച്ച കാതോലിക്കാസിംഹാസനം ശരിയാണെന്നു കത്തോലിക്കാസഭ സ്വീകരിക്കുന്നുവെന്നർത്ഥമില്ല)

155. ചോ: ഏഷ്യയിലും ആഫ്രിക്കയിലും ഇപ്പോൾ എത്ര കർദ്ദിനാളന്മാരുണ്ടു്. അവരുടെ പേരുകളും പ്രതിനിധാനം ചെയ്യുന്ന നാടുകളുമേവ?

(കെ. എ. ഐ. വടക്കാഞ്ചേരി)

ഉ: ഇന്നു ജീവിച്ചിരിക്കുന്ന കർദ്ദിനാളന്മാരുടെ ഗണത്തിൽ ആഫ്രിക്കക്കാർ ആരുമില്ല. ഏഷ്യാക്കാരായ നാലു കർദ്ദിനാളന്മാരുണ്ടു്. അവർ അന്ത്യോക്യാസുറിയാനിപാത്രിയർക്കീസായ ഇഗ്നാസ്യോ ടപ്പോണി, അർമ്മേനിയൻ പാത്രിയർക്കീസായ ഗ്രിഗറി അഗാഗിയാനിയൻ, പിപ്പിങ്ങ്മെത്രാപ്പോലീത്തായായ തോമ്മസ് ടീയൻ, ബോംബെമെത്രാപ്പോലീത്തായായ വലേരിയൻ ഗ്രേഷ്യസ് എന്നീ തിരുമേനിമാരാണ്.

ഇഗ്നാസ്യോ ഗബ്രിയൽ ടപ്പോണി തിരുമേനി 1879-ൽ ഇറാക്കിലെ മോസലിൽ ഭൂജാതനായി. 1912-ൽ ഡനാബായുടെ സ്ഥാനികമെത്രാനായി നിയമിതനായ തിരുമേനി 1921-ൽ അലെപ്പോയുടെ മെത്രാപ്പോലീത്തായും 1929-ൽ അന്ത്യോക്യായിലെ സുറിയാനിപാത്രിയർക്കീസുമായി. 1935-ൽ കർദ്ദിനാൾസ്ഥാനത്തേക്കുയർത്തപ്പെട്ടു. കർദ്ദിനാൾ തിരുസംഘത്തിൽ പൗരസ്ത്യകത്തോലിക്കരുടെ പ്രാതിനിധ്യം വഹിക്കുന്നു.

ഗ്രിഗറി അഗാഗിയാനിയൻ തിരുമേനി 1895-ൽ ട്രാൻസ്കൊക്കേഷ്യായിലെ അക്കാൾട്സിക്കെ എന്ന സ്ഥലത്തു ഭൂജാതനായി. റോമയിൽ വൈദികവിദ്യാഭ്യാസംചെയ്തു. 1935-ൽ കൊമാനായുടെ സ്ഥാനികമെത്രാനായും 1937-ൽ അർമ്മേനിയായിലെ സിലിഷ്യായുടെ പാത്രിയർക്കീസായും അവരോധിക്കപ്പെട്ടു. 1946-ൽ ആണു തിരുമേനി കർദ്ദിനാളായതു്.

തോമ്മസ് ടീയൻ തിരുമേനി ചൈനായിൽ ചങ്ങ്ത്സ്യൂ എന്ന സ്ഥലത്തു 1890-ൽ ഭൂജാതനായി. 1934-ൽ പൂവോ-ലീ എന്ന സ്ഥലത്തെ പ്രിഫക്ട് അപ്പസ്തോലിക്കയും 1939-ൽ യാങ്ങ്കൂവിലെ വികാരിഅപ്പസ്തോലിക്കയുമായി. 1946-ൽ പിപ്പിങ്ങ് മെത്രാപ്പോലീത്തായും, ചൈനീസ് ഹയരാർക്കിയുടെ തലവനും കർദ്ദിനാളുമായി നിയമിതനായി. ചൈനാ കമ്മ്യൂണിസ്റ്റ്ഭരണത്തിനു വിധേയമായശേഷം തിരുമേനി അമേരിക്കയിലാണു വസിക്കുന്നതു്.

നമ്മുടെ കർദ്ദിനാളായ വലേരിയൻ ഗ്രേഷ്യസ് തിരുമേനി 1900-ാമാണ്ടു് കറാച്ചിയിൽ ഭൂജാതനായി. മംഗലാപുരം, കാണ്ടി, റോമാ എന്നിവിടങ്ങളിൽ വൈദികവിദ്യാഭ്യാസംചെയ്തു. 1946-ൽ ബോംബെ സഹായമെത്രാനായി. 1950-ൽ ബോംബെ മെത്രാപ്പോലീത്തായായും 1953-ൽ കർദ്ദിനാളായും അവരോധിക്കപ്പെട്ടു.

# ജപമാലഭക്തി

(ഇസഡ്. അഗസ്റ്റിൻ, ചങ്ങനാശേരി)

ഒക്ടോബർമാസം ജപമാലഭക്തിക്കായി തിരുസഭാമാതാവു പ്രതിഷ്ഠിച്ചിരിക്കയാണ്. ഈ മാസത്തിൽ ചൊല്ലുന്ന ഓരോ ജപമാലയ്ക്കും സഭ ധാരാളം ദണ്ഡവിമോചനങ്ങൾ കല്പിച്ചനുവദിച്ചു് വിശ്വാസികളെ ഈ ഭക്തിയിൽ പ്രോത്സാഹിപ്പിക്കുന്നുണ്ടു്. ആധുനികകാലത്തെ മാർപ്പാപ്പമാർ, പ്രത്യേകിച്ചു് ലിയോ പതിമൂന്നാമൻമുതൽ ഇപ്പോൾ ഭാഗ്യമോടെ വാഴുന്ന പീയൂസ് പന്ത്രണ്ടാമൻവരെ എല്ലാ മാർപ്പാപ്പാമാരും തങ്ങളുടെ ചാക്രികലേഖനങ്ങൾ വഴിയായും മററും ജപമാലഭക്തിയെ വളരെയധികം പ്രോത്സാഹിപ്പിച്ചിട്ടുണ്ടു്. 1955-ൽ പരിശുദ്ധ പിതാവു പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടു് പുറപ്പെടുവിച്ചിട്ടുള്ള "ഇൻഗ്രുയെൻസിയും മാളോരും" എന്ന ചാക്രികലേഖനത്തിൽ, കുടുംബങ്ങളിൽ ജപമാലഭക്തിയുടെ ആവശ്യകതയെപ്പററി ശക്തിയുക്തമായ ഭാഷയിൽ പ്രതിപാദിച്ചിരിക്കുന്നു. ആധുനികകാലത്തു് സഭയ്ക്ക് അവളുടെ ശത്രുക്കളിൽനിന്നു നേരിടുന്ന സകല അനർത്ഥങ്ങളിലും ദൈവമാതാവിനെ ശരണംപ്രാപിക്കുവാൻ തിരുമനസ്സുകൊണ്ടു് നമ്മെ ഉദ്ബോധിപ്പിക്കുന്നു. കേരളസഭയെ സംബന്ധിച്ചിടത്തോളം ദുഷ്ടശക്തികൾ അവൾക്കെതിരായി സമരം പ്രഖ്യാപിച്ചിരിക്കുന്ന ഈയവസരത്തിൽ പരിശുദ്ധ പിതാവു തിരുമനസ്സിലെ ഈ ആഹ്വാനം വളരെ ശ്രദ്ധാർഹമാണ്.

നമ്മിൽ പലർക്കും അജ്ഞാതമായിരിക്കുന്ന ഒരു വസ്തുതയാണ് ജപമാലഭക്തിയുടെ ഉത്ഭവം എങ്ങിനെയെന്നതു്. ദൈവമാതാവു ഇങ്ങനെ ഒരു ഭക്തി യാതൊരുത്തർക്കും നിർദ്ദേശിച്ചുകൊടുത്തിട്ടുള്ളതായി ചരിത്രത്തിൽ നാം കാണുന്നില്ല. സഭാചരിത്രത്തിന്റെ ഏടുകൾ പരിശോധിച്ചാൽ കാണാം, ഇങ്ങനെ ഒരു ഭക്തി സഭയും നിർദ്ദേശിച്ചതന്നിട്ടില്ലെന്നു്. ഭക്തവിശ്വാസികളാണ് ആദ്യമായി ഇങ്ങനെ ഒരു ഭക്തി ആരംഭിച്ചതു്. ഒടുവിൽ ഇതൊരു നല്ല പ്രാർത്ഥനയെന്നുകണ്ടു് സഭ അതിനെ ആശീർവ്വദിച്ചു. വളരെക്കാലങ്ങൾക്കശേഷം ദൈവജനനിതന്നെ ലൂർദ്ദിലും ഫാത്തിമായിലും പ്രത്യക്ഷയായി, ഈ ഭക്തിയെ വളരെയധികം പ്രോത്സാഹിപ്പിച്ചു.

ജപമാലഭക്തിയുടെ സുദീർഘമായ ചരിത്രം പരിശോധിച്ചാൽ കാണാം, ആദിമകാലത്തു് വിശ്വാസികൾ പ്രാർത്ഥനവഴിയായി ദൈവവുമായി എത്രമാത്രം സമ്പർക്കത്തിലേർപ്പെടാൻ ശ്രമിച്ചിരുന്നുവെന്നു്. അവർപ്രാർത്ഥനസമയത്തു് തങ്ങളുടെ മാനുഷികകഴിവുകളായ ബുദ്ധി (intellect) മനസ്സ് (will) ഭാവനാശക്തി (imagination) ഇവയെല്ലാം ഉപയോഗിച്ചിരുന്നു. അങ്ങനെയുള്ള പ്രാർത്ഥനയെ സഭ വളരെയധികം പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. കാരണം മനുഷ്യൻ ആത്മാവോടും ശരീരത്തോടുംകൂടി സൃഷ്ടിക്കപ്പെട്ടിരി-

മരിയഹാരം



ജപമാലയെപ്പററി അറിയുവാൻ ഈ പുസ്തകം സഹായിക്കും

വില 1ക. മാത്രം

അപേക്ഷിക്കേണ്ടും മേൽവിലാസം

മാർ ലൂയിസ് പ്രസ്സ്,

എറണാകുളം-1

-ക്കുന്നു. ദൈവമാണ് അവ രണ്ടിന്റേയും സ്രഷ്ടാവു്. അതിനാൽ ശരീരത്താലും ആത്മാവാലും മനുഷ്യൻ ദൈവത്തെ സ്തുതിക്കട്ടെ. ഇതായിരുന്നു സഭയുടെ ആദർശം.

ജപമാല പ്രാർത്ഥനയിൽ ശരീരത്തിനും മനസ്സിനും എല്ലാം പ്രധാനമായ ഒരു പങ്കു വഹിക്കുവാനുണ്ടു്. ജപമാലയിൽ മനഃപ്രാർത്ഥനയും, വാചാപ്രാർത്ഥനയും അടങ്ങിയിരിക്കുന്നു. സഭയുടെ വാചാപ്രാർത്ഥനകളിൽ പ്രധാനമായതു് ദാവീദിന്റെ സങ്കീർത്തനങ്ങളാണ്. ഈ 150 സങ്കീർത്തനങ്ങളും ഒരുമിച്ചു പാടുകയെന്നതു് പുരാതനകാലത്തെ ഒരു പ്രധാനപ്രാർത്ഥനയായിരുന്നു. എന്നാൽ അക്ഷരജ്ഞാനമില്ലാത്ത ആളുകൾക്കു് ഈ സങ്കീർത്തനങ്ങൾ അറിഞ്ഞുകൂടായിരുന്നതിനാൽ അവർ വൈദികർ സങ്കീർത്തനങ്ങൾ പാടുന്ന സമയത്തു് വേറെ ചില പ്രാർത്ഥനകൾ ചൊല്ലുവാൻതുടങ്ങി. ഇതിനു പ്രധാനമായി അവർ തിരിഞ്ഞെടുത്തതു് ഏവർക്കും സുപരിചിതമായിരുന്ന കർതൃപ്രാർത്ഥനയായിരുന്നു. അക്കാലത്തു സങ്കീർത്തനങ്ങൾ 50 വീതം 3 ഭാഗമായി ചൊല്ലുന്ന ഒരു പതിവുണ്ടായിരുന്നു. ഈസമയത്തു വിശ്വാസികൾ കർതൃപ്രാർത്ഥനയും 50 പ്രാവശ്യം ചൊല്ലിവന്നു. ആദ്യകാലങ്ങളിൽ അവർ കൈവിരലുകൾ ഉപയോഗിച്ചു എണ്ണിയിരുന്നു. പന്ത്രണ്ടാംശതാബ്ദത്തോടുകൂടി അവർ ഇതിനു ചരടുകളിൽ ചെറിയ കെട്ടുകളുണ്ടാക്കി അവ ഉപയോഗിച്ചുവന്നു. പില്ക്കാലങ്ങളിൽ ഇന്നു നാം ഉപയോഗിക്കുന്ന തരത്തിലുള്ള "മണി"കൾ ഉപയോഗിച്ചുതുടങ്ങി.

പന്ത്രണ്ടാം ശതാബ്ദത്തിന്റെ അവസാനത്തോടുകൂടിയാണ് നാം ഇന്നു ഉപയോഗിക്കുന്ന "നന്മനിറഞ്ഞമറിയമെ" എന്ന പ്രാർത്ഥന രൂപമെടുത്തതു്. ദൈവദൂതൻ മാതാവിനു നൽകിയ മംഗളാശംസാവചനങ്ങളായ "നന്മനിറഞ്ഞവളേ! നിനക്കു സ്തുതി; സ്ത്രീകളിൽ നീ അനുഗൃഹീതയാകുന്നു" എന്നിവമാത്രമേ ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്നുള്ളു. പിന്നീടു് എലിസബത്തു് മറിയത്തിനു നൽകിയ "നിന്റെ ഉദരത്തിൻഫലം വാഴ്ത്തപ്പെട്ടതാകുന്നു" എന്ന ആശംസാവചനംകൂടി കൂട്ടിച്ചേർത്തു. ഈ പ്രാർത്ഥന മറിയത്തോടുള്ള ആത്മാർത്ഥമായ സ്നേഹപ്രകടനമായി ഉപയോഗിച്ചുവന്നു. ഈ പ്രാർത്ഥനയും കർതൃപ്രാർത്ഥനപോലെ 150 പ്രാവശ്യം ചൊല്ലുവാൻ തുടങ്ങി.

ഇക്കാലങ്ങളിൽ, ചില കവികൾ സങ്കീർത്തനങ്ങളിൽനിന്നും മററും ചില ഭാഗങ്ങൾ ഉദ്ധരിച്ചു് നമ്മുടെ കർത്താവിന്റെ ജീവിതകാലത്തെക്കുറിച്ചു് ചില പദ്യശകലങ്ങൾ എഴുതുവാൻ തുടങ്ങി. പിന്നീടു് ഇതുപോലെ അവർ മാതാവിനെപ്പററിയും എഴുതി. വിശ്വാസികൾ ഇതിൽ ഓരോ ദിവ്യരഹസ്യങ്ങളെപ്പററിയുള്ള ധ്യാനവും പ്രാർത്ഥനയുടെകൂടെ കൂട്ടിച്ചേർത്തു. എന്നാൽ 150 "നന്മനിറഞ്ഞ മറിയ"ത്തിനും ഓരോ ധ്യാനം ചേർക്കുക എന്നതു് സുസാദ്ധ്യമല്ലായിരുന്നതിനാൽ അവർ 150 "നന്മനിറഞ്ഞ മറിയം" എന്ന പ്രാർത്ഥന 10 വീതം 15 ദശകങ്ങളായി ഭാഗിച്ചു് ഓരോ ദശകത്തിനും ഓരോ ധ്യാനം കൂട്ടിച്ചേർത്തു. ഇങ്ങനെ ഇന്നു നാം ഉപയോഗിക്കുന്നവിധമുള്ള ജപമാലപ്രാർത്ഥന 1488-ാമാണ്ടിൽ സ്പെയിനിൽ ഉപയോഗിച്ചിരുന്നതായി രേഖകളുണ്ടു്. 1569-ൽ അന്നത്തെ പാപ്പായായിരുന്ന 5-ാംപീയൂസ് ജപമാലയ്ക്കു ദണ്ഡവിമോചനങ്ങൾ ലഭിക്കുന്നതിനു്, ഓരോ ദശകത്തിന്റെ ആരംഭത്തിലും ഓരോ ദിവ്യരഹസ്യത്തെപ്പററിയുള്ള ധ്യാനം ആവശ്യമെന്നു് നിർദ്ദേശിച്ചു.

"നന്മനിറഞ്ഞമറിയമേ" എന്ന പ്രാർത്ഥന ഇന്നു നാം ചൊല്ലുന്ന വിധം പൂർണ്ണരൂപത്തിലായതു് 16-ാംശതാബ്ദത്തിന്റെ മദ്ധ്യത്തോടുകൂടിയാണ്. ആദ്യകാലത്തു ഉപയോഗിച്ചിരുന്ന ആശംസാവാചകങ്ങളോടുകൂടി "ശുദ്ധമറിയമേ, തമ്പുരാന്റെ അമ്മേ. പാപികളായിരിക്കുന്ന ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോടു് അപേക്ഷിച്ചുകൊള്ളേണമെ" എന്ന ഒരു ഹൃദയസ്പൃക്കായ യാചനകൂടി കൂട്ടിച്ചേർത്തു. ഓരോ ദശകത്തിനുശേഷം ഉപയോഗിക്കുന്ന ത്രീത്വസ്തുതി മൂന്നും നാലും ശതകം മുതൽ സഭയിൽ നിലവിലിരുന്ന ഒരു സ്തുതിപ്പാണ്. എന്നാൽ ജപമാലയിൽ ഇതു് ഉപയോഗിക്കാൻ തുടങ്ങിയതു് 1500-ാമാണ്ടിനുശേഷമാണ്. അപ്പോൾതന്നെ വളരെ വിരളമായി മാത്രമേ ഈ സ്തുതിപ്പ് ഉപയോഗിച്ചിരുന്നുള്ളു. ഏതാണ്ടു് 200 വർഷങ്ങൾക്കു മുൻപുമുതലാണ് ഇതു് സർവ്വസാധാരണമായിത്തീർന്നതു്.

ജപമാലയുടെ അത്ഭുതശക്തിയാൽ വളരെയധികം കാര്യങ്ങൾ സാദ്ധ്യമായിട്ടുണ്ടു്. അതിൽ പ്രധാനപ്പെട്ടതു് 1571-ൽ ടർക്കിയും ആസ്ട്രിയായും തമ്മിൽ നടന്ന ഒരു യുദ്ധത്തിലുണ്ടായ ആസ്ട്രിയായുടെ വിജയമാണ്. കത്തോലിക്കാരാജ്യങ്ങളിൽ ഈ ലക്ഷ്യത്തിനുവേണ്ടി ചൊല്ലിയ ജപമാലകളാണ് ഈ യുദ്ധത്തിൽ ആസ്ട്രിയായെ വിജയിപ്പിച്ചതു്. രണ്ടു വർഷത്തിനുശേഷം 1573-ൽ പതിമൂന്നാംഗ്രിഗോരിയോസ് പാപ്പാ ജപമാലത്തിരുനാൾ നടപ്പാക്കി. 1716-ൽ ജപമാലയുടെ അത്ഭുതശക്തിയാൽ വേറൊരു വിജയംകൂടി സഭയ്ക്കു സിദ്ധിച്ചു. അതിനുശേഷം ക്ലെമൻറ് പതിനൊന്നാം പാപ്പാ ജപമാലത്തിരുനാൾ സാർവ്വത്രികസഭ മുഴുവനും വ്യാപിപ്പിച്ചു. ആധുനികകാലത്തെ പാപ്പാമാർ എല്ലാവരുംതന്നെ ഈ ഭക്തി പ്രചരിപ്പിക്കുന്നതിൽ അക്ഷീണം യത്നിച്ചിട്ടുള്ളവരാണ്. 1858-ലെ ലൂർദ്ദിലെ പ്രത്യക്ഷത്തിലും 1917-ലെ ഫാത്തിമായിലെ പ്രത്യക്ഷത്തിലും ദൈവജനനിതന്നെ ജപമാലഭക്തിയുടെ ആവശ്യകതയെപ്പററി പ്രസ്താവിക്കുകയുണ്ടായി.

അങ്ങനെ ജപമാല വിശ്വാസികളാൽ ആരംഭിക്കപ്പെട്ടു; അവർ അതിനെ സ്നേഹിച്ചു; അവർ അതു ഉപയോഗിച്ചു. തന്റെ അമ്മയായി താൻ തിരഞ്ഞെടുത്ത മറിയംവഴിയായി വിശ്വാസികൾ തന്നെ ബഹുമാനിക്കുന്നതിനു് ദൈവം ഈ പ്രാർത്ഥന ഒരു ഉപാധിയാക്കി.

അതിനാൽ ഉണർവുള്ള വിശ്വാസത്തോടെ നമ്മുടെ ഹൃദയങ്ങൾ ദൈവമാതാവിലേക്കു ഉയർത്തുക. സഭയ്ക്കു നേരിട്ടിട്ടുള്ള എല്ലാ വിപൽസന്ധികളിലും അവൾ അവിടെയാണ് അഭയം പ്രാപിച്ചിട്ടുള്ളതു്. ഒക്ടോബർമാസത്തിലെ ജപമാലഭക്തിയെപ്പററി പരിശുദ്ധപിതാവുതന്നെ തന്റെ ചാക്രികലേഖനത്തിൽ പറയുന്നതു് കേൾക്കുക: "അതുകൊണ്ടു് നന്ദിനിറഞ്ഞ ഹൃദയത്തോടും ഉയിരുള്ള ശരണത്തോടുംകൂടി ഈ ഒക്ടോബർമാസത്തിൽ തുടർച്ചയായി ജപമാലവഴി മാതാവിന്റെ പക്കൽ നമ്മുടെ യാചനകൾ സമർപ്പിക്കുക. ഇന്നത്തെ ഈ വിപൽസന്ധിയിൽ ഇതു് വളരെ ആവശ്യമാണ്. ഈ വിപൽസന്ധിയിൽ നിരാശരാകാതെ നിങ്ങൾ മുന്നേറുക. കുടുംബങ്ങളിൽ ദിവസവുമുള്ള ജപമാല മുടങ്ങാതെ


## വി. ചെറുപുഷ്പത്തിന്റെ തിരുനാൾ

### മൂക്കന്നൂർ ചെറുപുഷ്പാശ്രമദേവാലയത്തിൽ

മൂക്കന്നൂർ ചെറുപുഷ്പാശ്രമദേവാലയത്തിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ 1957 ഒക്ടോബർ 6-ാംനു- ഞായറാഴ്ച സാഘോഷം കൊണ്ടാടുന്നതാണ്. തിരുനാളിനു ഒരുക്കമായിട്ടുള്ള നവനാൾ സെപ്തംബർ 27-ാംനു- വെള്ളിയാഴ്ച ആരംഭിക്കുന്നു. നൊവേനയിൽ നേരിട്ടു സംബന്ധിക്കുവാൻ സൗകര്യമില്ലാത്തവർ അപേക്ഷകൾ നേരത്തെ എഴുതി അയച്ചുതരുന്നപക്ഷം അവ വിശുദ്ധയുടെ പീഠത്തിൽവച്ചു നിയോഗാർത്ഥം പ്രാർത്ഥിക്കുന്നതാണ്.

ഫാദർ ബസിലിയസ് സി. എസ്. ടി.

സുപ്പീരിയർ

# ജീവനുള്ള ദേവാലയങ്ങൾ

(ജയിംസ് കെ. സി., മണിമല)

വിശാലമായ ഈ പ്രപഞ്ചത്തെയും അതിന്റെ വിവിധ ഘടകങ്ങളെയും ദൈവത്തിന്റെ സുന്ദരമായ ആലയമായി വിശുദ്ധ ഗ്രന്ഥങ്ങൾ ചിത്രീകരിക്കുന്നു. നീലന്ധ്രനീലമായ ആകാശം അതിന്റെ മേൽക്കൂരയാണ്. സൂര്യൻ അവിടുത്തെ ഭദ്രദീപവും ചന്ദ്രൻ കരൾ കവരുന്ന കാന്തിപുഞ്ജവുമാണ്. മേഘങ്ങളോ ജഗന്നാഥന്റെ മനോഹരരഥങ്ങളാണ്. ഇടിനാദത്തിൽ അവിടുത്തെ ഗംഭീരശബ്ദവും, തടിത്പ്രഭയിൽ ആ അതുല്യപ്രതാപവും നാം കാണുന്നു. മഴവില്ലാകട്ടെ ശാശ്വതശാന്തിപ്രദമായ ആ ഭവനത്തിന്റെ സുന്ദരകമാനമത്രെ. ഭൂമി അങ്ങേ പാദപീഠവും സൃഷ്ടവസ്തുക്കളെല്ലാം ആ മഹത്വത്തിന്റെ നിതാന്ത നിദർശനങ്ങളുമാകുന്നു.

ഇനി പ്രാക്തനപ്രസിദ്ധമായ ജറൂസലം ദേവാലയത്തെ നമുക്കൊന്നഭിവീക്ഷിക്കാം. ദൈവത്തിന്റെ നിർദ്ദേശത്താൽ സോളമൻ ആ പൂജ്യാലയം നിർമ്മിച്ചു. പക്ഷെ ബാബിലോണിയന്മാർ അതു നിലംപരിശാക്കി. എന്നാൽ സെറാബാബൽ പിന്നെയും ആ ദേവാലയം പണിതുയർത്തി. ബിസി 198-ലും 64-ലും അതു പ്രതിയോഗികളാൽ കൊള്ളയടിക്കപ്പെട്ടു. വീണ്ടും ഹേറോദേസിനാൽ ആ മഹത്സ്ഥാപനം പുനരുദ്ധരിക്കപ്പെട്ടു. പ്രാചീനലോകത്തിന്റെ ശില്പകലാഭണ്ഡാരത്തിലെ ഒരു മുതൽക്കൂട്ടുതന്നെയാണതു്. പക്ഷെ ഇതെല്ലാം അതിന്റെ ഭൗതികമായ പ്രാധാന്യത്തെ മാത്രമേ കുറിക്കുന്നുള്ളൂ. ബാഹ്യമായി നാം കാണുന്ന ആ ശില്പകലാകൈവല്യം ആത്മസത്തയുടെ നിറകുടം കൂടെയായിരുന്നു. ചെരിപ്പോ വടിയോ ഒന്നുംകൊണ്ടു് അങ്ങോട്ടു കടന്നുചെല്ലാൻ ജനങ്ങൾ ധൈര്യപ്പെട്ടില്ല. ദൈവാരാധനയ്ക്കു മാത്രമേ അവിടത്തെ ദിവ്യമായ അന്തരീക്ഷം വിനിയോഗിക്കപ്പെട്ടുള്ളൂ.

ക്രിസ്തുനാഥന്റെ പാവനപാദങ്ങൾ പലവുരു ആ ദേവാലയത്തെ പരിപൂതമാക്കിച്ചെയ്തു. തന്റെ ദൈവികത്വത്തിന്റെ പരസ്യാംഗീകാരത്തിനുവേണ്ടി അവിടുന്നു ഒരു ഘോഷയാത്രയായി അവിടെ പ്രവേശിച്ചു. ആ വിശുദ്ധസ്ഥലത്തു് ഭൗതികതാല്പര്യത്തിനുവേണ്ടി മാത്രം പ്രവർത്തിച്ച വ്യാപാരികളുടെ നേർക്കു ക്ഷമാസാഗരമായ അവിടുത്തെ കൈകളിൽ ചമ്മട്ടിയുയർന്നു. അങ്ങിനെ ആട്ടിപ്പുറത്താക്കപ്പെട്ട ആ കള്ളവേദാന്തികൾ അങ്ങിങ്ങു മാറിനിന്നു വ്യർത്ഥമായി പിറുപിറുത്തു: "ഇവനു് ഇങ്ങനെയൊക്കെ ചെയ്യാൻ എന്തധികാരം?" പക്ഷെ ആ സ്വരം പുറത്തുവന്നില്ല. വായുവിൽപ്പോലും ലയിച്ചില്ല. അക്കൂട്ടരുടെ അധരപുടങ്ങളിൽ ഉറഞ്ഞുറഞ്ഞമർന്നതേയുള്ളൂ.

കവിയുടെ ഭാവന കടന്നുചെല്ലാത്തതും, കലാകാരന്റെ കൈവിരുതിനു വെളിപ്പെടുത്താനാവാത്തതുമായ ഒരാന്തരികചൈതന്യം ആ ദേവാലയത്തിൽ നിലനില്ക്കുന്നുവെന്നാണു നാം ഇതിൽനിന്നു മനസ്സിലാക്കേണ്ടതു്. അതു ആരാലും ചോദ്യം ചെയ്യപ്പെടുവാൻ പാടില്ലാത്തവണ്ണം അത്ര അതുല്യമാണ്; അമൂല്യമാണ്.

ജറൂസലത്തിന്റെ ബാഹ്യസൗന്ദര്യം നാമാവശേഷമായി. പക്ഷെ അതിന്റെ അന്തഃസത്ത നിലനില്ക്കുകയാണ്. അവിടെ മാത്രമല്ല; അതു പ്രപഞ്ചത്തിന്റെ എല്ലാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്നതുപോലെ മനുഷ്യാത്മാവിലും സ്ഥിതിചെയ്യുന്നു. അതുകൊണ്ടാണു വിശുദ്ധ അപ്പസ്തോലൻ ചോദിക്കുന്നതു്: "നിങ്ങൾ ദൈവത്തിന്റെ ആലയങ്ങളാണെന്നും അവിടുത്തെ ചൈതന്യം നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലയോ? (1 Cor. 3. 16)

മനുഷ്യശരീരം ദൈവത്തിന്റെ ആലയമാണെന്നു ക്രിസ്തുനാഥൻ സുവിശേഷത്തിലൂടെ തെളിവുതരുന്നു. അടയാളങ്ങൾ ചോദിച്ചുകൊണ്ടു തന്നെ അലട്ടിയ യഹൂദപ്പുരിഷകളോട് അവിടുന്നു പറയുന്നു: "നിങ്ങൾ ഈ ആലയത്തെ തകർക്കുവിൻ, മൂന്നുദിവസംകൊണ്ടു ഞാൻ അതു പുനരുദ്ധരിക്കും" (വി. യോഹ: 2. 19) ഭൗതികമാത്രചിന്തകരായ ശ്രോതാക്കൾ അതൊരു ഭ്രാന്തുപറച്ചിലായിക്കരുതി. ക്രിസ്തുവിന്റെമേൽ ആരോപിക്കുവാൻ അതൊരു ഗംഭീരകുറ്റമായി അവർ ഉയർത്തിപ്പിടിക്കുകയും ചെയ്തു. പക്ഷെ അന്യാപദേശങ്ങളിലൂടെ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്ന അവിടുത്തെ ആശയം കല്ലുകൊണ്ടു പണിതുയർത്തിയ ദേവാലയം തകർക്കണമെന്നായിരുന്നില്ല. ശാശ്വതവും അനഭിഗമ്യവുമാണു തന്റെ ശരീരമാകുന്ന ദേവാലയം. അതു തകർത്താൽ (അവിടുത്തെ നിഗ്രഹിച്ചാൽ) മൂന്നു ദിവസത്തിനകം പുനരുദ്ധരിക്കപ്പെടും (ഉത്ഥാനം ചെയ്യും). അനതിവിദൂരമായ ഒരു സംഭവത്തിന്റെ പ്രവചനമായിരുന്നു അതു്. അങ്ങിനെതന്നെ സംഭവിക്കുകയും ചെയ്തു. വിശുദ്ധ പൗലോസ് ഈ ദിവ്യമായ ആശയത്തെ പുനഃപ്രകാശിപ്പിക്കുകയാണു ചെയ്തിരിക്കുന്നതു്.

ദേവാലയത്തിലെ ക്രേതാക്കളെയും വിക്രേതാക്കളെയും അഭിസംബോധന ചെയ്തുകൊണ്ടു് അവിടുന്നു പറഞ്ഞു: "എന്റെ ഭവനം പ്രാർത്ഥനാലയമാണ്; നിങ്ങളോ അതു കള്ളന്മാരുടെ ഗുഹയാക്കുകയാണ്." (മത്താ: 21, 13)

അങ്ങയെ പരീക്ഷിക്കുവാൻ ചെന്ന ഫരിസേയപ്പുരിഷകളോടുള്ള മറുപടി നോക്കുക: "അശുദ്ധാത്മാവു് ഒരു മനുഷ്യനിൽനിന്നു പുറപ്പെടുമ്പോൾ അതു വെള്ളമില്ലാത്ത സ്ഥലങ്ങളിൽ ചുററിസഞ്ചരിച്ചു് ആശ്വാസമന്വേഷിക്കുന്നു; കണ്ടെത്തുന്നില്ല. അപ്പോൾ അതു ഞാൻ പുറപ്പെട്ടുപോന്ന എന്റെ വീട്ടിലേക്കു തിരിച്ചുചെല്ലും എന്നു പറയുന്നു. വരുമ്പോൾ അതു് ഒഴിഞ്ഞതും അടിച്ചുവാരി അലങ്കരിക്കപ്പെട്ടതുമായി കണ്ടെത്തുന്നു. അപ്പോൾ അതുപോയി തന്നെക്കാൾ ദുഷ്ടരായ വേറെ ഏഴു ആത്മാക്കളെ കൂട്ടിക്കൊണ്ടുവരികയും അവർ അതിൽ കയറിപ്പാർക്കുകയും ചെയ്യുന്നു. ഇങ്ങനെ ആ മനുഷ്യന്റെ അവസാനം അവന്റെ ആരംഭത്തെക്കാൾ നികൃഷ്ടമായിത്തീരുന്നു. (വി. മത്താ: 12-43, 44 45)

മനുഷ്യത്വത്തിന്റെ മഹനീയതയുടെ മാറററിയിക്കുവാൻ ഇതിലുപരി എന്തു നിദർശനമാണു വേണ്ടതു്. ഓരോ മനുഷ്യനും ദൈവത്തിന്റെ ആവാസഗേഹമാണ്. അവിടുത്തെ വിശുദ്ധമായ അൾത്താരയത്രെ മനുഷ്യഹൃദയം. കൊള്ളയടിക്കുന്ന വ്യാപാരികൾ അവിടെ വില്ക്കാനും വാങ്ങാനും വേണ്ടി നിർലജ്ജം കടന്നുവരുന്നു. കാമക്രോധാദി ഷഡ്വികാരങ്ങൾ മനുഷ്യന്റെ ദിവ്യത്വത്തെ മാനിക്കാതെയാണു് അവന്റെ അന്തരംഗത്തിൽ പ്രവർത്തിക്കുന്നതു്.

സ്നേഹനാഥൻ ഇന്നും പണ്ടത്തേതുപോലെ ചമ്മട്ടിയുമേന്തി വരുന്നുണ്ടു്. അധർമ്മത്തിന്റെ കവാടത്തിൽ നാം ചെല്ലുമ്പോൾ "അരുതു്" എന്നുള്ള അന്തരംഗത്തിന്റെ ആഹ്വാനം അവിടുത്തെ ചമ്മട്ടിയടിയാണ്. ഈ പ്രഹരമേററു വികാരങ്ങൾ കീഴടങ്ങുക സാധാരണമാണല്ലോ. എങ്കിലും വീണ്ടും "കൊള്ളക്കൊടുക്കകൾ"ക്കായി അവ മനുഷ്യഹൃദയത്തിൽ സ്ഥിതിചെയ്യും.

ദേവാലയങ്ങൾ അശുദ്ധമാക്കുവാൻ മതവിദ്വേഷികൾ തുനിയുന്നു. അതുപോലെതന്നെ മനുഷ്യഹൃദയമാകുന്ന ആലയത്തെയും അശുദ്ധീകരിക്കുവാൻ വിപരീതശക്തികൾ നിരന്തരം യത്നിച്ചുകൊണ്ടിരിക്കുകയാണ്. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ഭവനത്തെ തിന്മയുടെ ഭവനമാക്കുവാൻ അശുദ്ധതയിൽക്കൂടെ മാത്രമേ സാധിക്കൂ. ദൈവികസാന്നിദ്ധ്യം അവിടെ നിന്നു പരിപൂർണ്ണം നിർമ്മാർജ്ജനം ചെയ്യപ്പെടേണ്ടിയിരിക്കുന്നു. അതുകൊണ്ടാണു പൂർവ്വോദ്ധൃതമായ സുവിശേഷവാക്യങ്ങളിൽ അശുദ്ധാരൂപിയുടെ പ്രവർത്തനത്തെ ക്രിസ്തുനാഥൻ ആനുഷംഗികമായി വിവരിക്കുന്നതു്.


ആധുനികലോകത്തിനു വന്നുകൂടിയ ഗതികേടും ഇതുതന്നെയാണ്. മനുഷ്യൻ ദൈവത്തിന്റെ ആലയമാണെന്നുള്ള ബോധം അവനിൽനിന്നു നീക്കിക്കളയുവാൻ പ്രതിലോമശക്തികൾ കിണഞ്ഞു പരിശ്രമിക്കുന്നു. അത്രയുമായാൽ നിരീശ്വരത്വത്തിന്റെ വക്കിലോളം മനുഷ്യനെ കൊണ്ടെത്തിക്കാം. അവിടെ നിന്നും അത്യഗാധമായ പടുകുഴിയിലേക്കു അവനെ തള്ളിയിടുന്നതിനു പ്രയാസമില്ലല്ലോ. പിന്നെ ജഡശക്തികൾക്കു മനുഷ്യനെ നിത്യമായ അടിമത്തത്തിൽ വച്ചുകൊണ്ടിരിക്കാം. അതിനാൽ ഭൗതികശക്തികളോടുള്ള നമ്മുടെ പോരാട്ടത്തിൽ നാം ദൈവത്തിന്റെ ആലയങ്ങളാണെന്നും പ്രപഞ്ചം മുഴുവൻ അവിടുത്തെ സൗന്ദര്യത്തിന്റെയും ശക്തിയുടെയും നിദർശനങ്ങളാണെന്നുമുള്ളതു വിസ്മരിക്കുവാൻ പാടില്ല.

Isidore O' Brien O. F. M, എന്ന അമേരിക്കൻ ലേഖകന്റെ 'You are the temple of God' എന്ന ലേഖനത്തോടു കടപ്പാടു്.

---

ചൊല്ലുക സന്ധ്യാസമയത്തു് കത്തോലിക്കാഭവനങ്ങൾ ദിവ്യജനനിയുടെ സ്തുതിഗീതങ്ങളാൽ മാറെറാലിക്കൊള്ളുമ്പോൾ ദൈവമാതാവിനു് അതു് എത്ര സന്തോഷപ്രദമായിരിക്കും. "ചോദിപ്പിൻ നിങ്ങൾക്കു തരപ്പെടും; അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു് തുറക്കപ്പെടും" എന്ന നമ്മുടെ കർത്താവിന്റെ വാക്കുകൾ എപ്പോഴും നമ്മുടെ ഹൃദയത്തിൽ ഉണ്ടായിരിക്കട്ടെ."

---



## വെരി റവ. മോൺ. ഫ്രാൻസീസ് തെക്കേക്കര അവർകൾ

കാൽശതാബ്ദത്തിലധികമായി മൈലക്കൊമ്പു ഫൊറോനാപ്പള്ളി വികാരി എന്ന നിലയിൽ പ്രശസ്തസേവനമനുഷ്ഠിച്ചുപോരുന്ന വെരി റവ. ഫ്രാൻസീസ് തെക്കേക്കര അവർകളെ തിരുസിംഹാസനത്തിൽനിന്നും മോൺസിഞ്ഞോർ സ്ഥാനത്തേക്കു ഉയർത്തിയിരിക്കുന്നു. ഇതുസംബന്ധിച്ചു ഔദ്യോഗികപ്രഖ്യാപനവും മററു ചടങ്ങുകളും കോതമംഗലം മെത്രാൻ റൈററ് റവ. ഡോക്ടർ മാത്യു പോത്തനാമുഴി തിരുമനസ്സിലെ നാമഹേതുകത്തിരുനാൾദിനമായ സെപ്തംബർ 21-ാം തീയതി കോതമംഗലം കത്തീഡ്രൽ ദേവാലയത്തിൽവച്ചു് മംഗളപൂർവ്വം നിർവ്വഹിക്കപ്പെട്ടു.

## ഇടവകവാർത്തകൾ

**അകപ്പറമ്പു്:** സ്ഥലം കത്തോലിക്ക് കോൺഗ്രസ്സ് ശാഖാസംഘത്തിന്റെ ആഭിമുഖ്യത്തിൽ മാതാപിതാക്കന്മാരുടെ ഒരു വൻപിച്ച പൊതുയോഗം സെപ്റ്റംബർ 8-ാം തീയതി കാത്തലിക്ക് കോൺഗ്രസ്സ് ശാഖാസംഘം പ്രസിഡൻറു് ശ്രീ ജോസഫ് പാലാട്ടി അവർകളുടെ അദ്ധ്യക്ഷതയിൽകൂടി. കേരളകമ്മ്യൂണിസ്റ്റ്ഗവമ്മേൻറു് പാസാക്കിയിട്ടുള്ള എഡ്യൂക്കേഷൻബില്ലിനു് അംഗീകാരം നൽകരുതെന്നു് ഇൻഡ്യൻപ്രസിഡൻറിനും, പ്രധാനമന്ത്രിക്കും ആഭ്യന്തരമന്ത്രിക്കും, വിദ്യാഭ്യാസമന്ത്രിക്കും കേരളഗവർണ്ണർക്കും കമ്പിസന്ദേശങ്ങൾ അയക്കണമെന്നു് ഐകകണ്ഠ്യേന പാസാക്കി.

**നെയ്യശ്ശേരി:** വിദ്യാഭ്യാസബില്ലിനെ പ്രതിഷേധിക്കുവാൻ സെപ്തംബർ 22-ാംനു ശ്രീ വി കെ മഹമ്മദുകുട്ടിസാഹിബിന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗംകൂടി. ആനിക്കാട, മുളപ്പുറം, കോടിക്കുളം, കാളിയാർ, വണ്ടമററം, തെന്നത്തൂർ, കരിമണ്ണൂർ, ഉടുമ്പന്നൂർ എന്നീ സ്ഥലങ്ങളിൽനിന്നു് യോഗസ്ഥലത്തേക്കു വൻപിച്ച ജാഥകൾ വന്നിരുന്നു. ശ്രീമാന്മാരായ എ സി ചാക്കോ, സി എ മാത്യു എം എൽ എ, ജോസഫ് തലക്കൽ ബി എ ബി എൽ, ശ്രീമതി കുസുമം ബി എ, എം എൽ എ എന്നിവർ പ്രസംഗിച്ചു. വിദ്യാഭ്യാസബില്ലിനു് അംഗീകാരം നൽകരുതെന്നു് ഇൻഡ്യൻ പ്രസിഡൻറിനോടും, കേരളഗവർണ്ണറോടും അഭ്യർത്ഥിക്കുന്ന പ്രമേയവും, പട്ടികജാതിക്കാർക്കു അനുവദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും അവശക്രൈസ്തവർക്കും അനുവദിക്കണമെന്നുള്ള പ്രമേയവും ശ്രീ പി ഒ മാത്യു അവതരിപ്പിച്ചു. യോഗം അതു് ഐകകണ്ഠ്യേന പാസാക്കി.

**ഒല്ലൂർ:** സ്ഥലം കത്തോലിക്കാകോൺഗ്രസിന്റെ ഒരു കാര്യാലോചനയോഗം ശ്രീ എം എ തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടി പുതിയ ഭാരവാഹികളായി ശ്രീ ടി വി ജോസഫ് (പ്രസിഡണ്ടു്), എം ഐ കൊച്ചാപ്പു (വൈസ്പ്രസിഡണ്ടു്), ജോസ് പൂവ്വത്തിങ്കൽ (സെക്രട്ടറി), കെ ജെ പോൾ (ഖജാൻജി), എന്നിവരെ തിരഞ്ഞെടുക്കുകയും, കോൺഗ്രസ്സിന്റെ 17-ാംവാർഷികസമ്മേളനം ക്രിസ്തുരാജദിനത്തോടനുബന്ധിച്ചു ഒക്ടോബർ 27-ാംനു ആഘോഷിക്കുവാനും, ഒക്ടോബർ 20-ാംനു മുതൽ വിദ്യാഭ്യാസബില്ലിൽ പ്രതിഷേധവാരം ആഘോഷിക്കുവാനും തീരുമാനിച്ചു.

**മഞ്ഞുമ്മൽ:** ഇവിടെ ആസ്ഥാനമായും, മണിലക്കര (നാഗർകോവ്), എറണാകുളം, പെരുമ്പടന്ന, ആലുവാ, കൊടുങ്ങല്ലൂർ, പോത്തന്നൂർ, കോലയാട്ട് (മലബാർ) എന്നീ പ്രദേശങ്ങളിൽ ശാഖകളായും പ്രവർത്തിക്കുന്ന കർമ്മലീത്താ ആശ്രമങ്ങളുടെ വിക്കർ പ്രൊവിൻഷ്യാളായി വെരി റവ ഫാദർ തിയോഫിൻ ഒ സി ഡി, ബി എ ബി ടി (മുനമ്പം സ്വദേശി) അവർകളെ തിരഞ്ഞെടുത്തിരിക്കുന്നു

സ്ഥലത്തു നിക്കോളാസ് വൈദ്യൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന യശശ്ശരീരനായ റവ ബ്രദർ ഡോക്ടർ നിക്കോളാസ് ഒ സി ഡി യാൽ സ്ഥാപിതമായിട്ടുള്ള സെൻറു് ജോസഫ്സ് ആശുപത്രിയിൽ എക്സ്റേയന്ത്രം സ്ഥാപിച്ചിരിക്കുന്നു.

## വിദേശവാർത്തകൾ

12 രാഷ്ട്രങ്ങളടങ്ങിയ ഐക്യരാഷ്ട്രനിരായുധീകരണകമ്മീഷനേയും അതിന്റെ കീഴിലുള്ള 5 രാഷ്ട്രങ്ങളടങ്ങിയ നിരായുധീകരണസബ് കമ്മിററിയേയും വിപുലീകരിക്കണമെന്നും, മഹച്ഛക്തികൾ കഴിവതും വേഗം ആററംഹൈഡ്രജൻ ആയുധപരീക്ഷണങ്ങൾ നിറുത്തിവയ്ക്കണമെന്നും ആവശ്യപ്പെടുന്ന രണ്ടു പ്രമേയങ്ങൾ ഇൻഡ്യ യു എൻ ജനറൽ അസംബ്ളിയിൽ സമർപ്പിച്ചിരിക്കുന്നു.

—ലോകബാങ്കിന്റെയും ഇൻറർനാഷനൽ മോണിട്ടറിഫണ്ടിന്റെയും അടുത്ത വാർഷികസമ്മേളനം ന്യൂഡൽഹിയിൽവച്ചു കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത സംയുക്തസമ്മേളനത്തിന്റെ പ്രസിഡണ്ടു് ബെൽജിയം ഗവർണ്ണരായിരിക്കും.

—ഏതെങ്കിലും ആക്രമണഭീഷണിയുണ്ടാകുന്നപക്ഷം സൗദി അറേബ്യ സിറിയായോടും മറെറതു അറബിരാഷ്ട്രത്തോടും യോജിച്ചു സമരംചെയ്യുന്നതാണെന്നു് അറേബ്യായിലെ സൗദ് രാജാവു് പ്രഖ്യാപിച്ചിരിക്കുന്നു.

—കാലാവധി അവസാനിക്കുന്ന ഐക്യരാഷ്ട്രസംബ്ളി സെക്രട്ടറി ജനറൽ മി. ഡാഗ് ഹാമർഷോൾഡിനെ അടുത്ത അഞ്ചുവർഷത്തേക്കുകൂടി പ്രസ്തുത സ്ഥാനത്തേക്കു തിരഞ്ഞെടുത്തിരിക്കുന്നു.

—ആഫ്രോ-ഏഷ്യൻ കോൺഫറൻസിന്റെ ദ്വിതീയ അനൗദ്യോഗികസമ്മേളനം അടുത്ത ഡിസംബറിൽ കെയ്റോയിൽവച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 31. || 1957 OCTOBER 2 No. 8


# വൈദികരും സാമൂഹികപ്രവർത്തനവും

ബോംബെയിലെ കാത്തലിക്ക് അസോസിയേഷൻറ ആഭിമുഖ്യത്തിൽ ഈയിടെ "വിശുദ്ധ ജോൺ വിയാന്നി ദിനം" ആഘോഷിക്കുകയുണ്ടായി. തദവസരത്തിൽ ബോംബെയിലെ ഇടവകവൈദികരെ അഭിസംബോധനംചെയ്തുകൊണ്ടു്, ഇന്ത്യാഗവമ്മെൻറിൻറ കോമേഴ്സ് ആൻറു് ഇൻഡസ്ട്രി വകുപ്പിലെ ചെറുകിട വ്യവസായങ്ങളുടെ അസിസ്റ്റൻറു് ഡയറക്ടർ മി. എഫ്. എ. റയൺ ശ്രദ്ധേയമായ ഒരു പ്രസംഗംചെയ്തു. അതിലെ പല ആശയങ്ങളും ഇന്നത്തെ സാഹചര്യങ്ങളിൽ പ്രത്യേകിച്ചും, വൈദികരും അൽമായരും ഒരുപോലെ ധരിച്ചു പ്രവത്തിക്കേണ്ടതു് അനിവാര്യമാണെന്നു കാണുന്നതുകൊണ്ടു് അവയെ ഞങ്ങൾ മാന്യവായനക്കാരുടെ അവഗാഢമായ പരിചിന്തനത്തിനു സമപ്പിക്കുകയാണു്.

ഇടവകകളിൽ ബ: വൈദികർ ചെയ്തുപോരുന്ന സേവനങ്ങളെ അദ്ദേഹം ആദ്യമായി അനുസ്മരിച്ചു: "നമ്മുടെ ഇടവകവൈദികരെ അനുമോദിക്കുന്നതിനും അവരോടു കൃതജ്ഞത പറയുന്നതിനും ആണ്ടുവട്ടത്തിൽ ഒരുദിവസം നാം മാററിവയ്ക്കുന്നതു ഏററവും ഉചിതമാണു്. കാരണം ഇന്നു നാം എന്തായിരിക്കുന്നുവോ അതിനു അവരോടു നാം കടപ്പെട്ടിരിക്കുന്നു. ദിനേദിനേ അവരിൽനിന്നും നാം സ്വീകരിച്ചുപോരുന്ന നിരവധി അനുഗ്രഹങ്ങളേയും നന്മകളേയും ഞാനിവിടെ എടുത്തുപറയേണ്ട ആവശ്യമില്ല. ഇതുമാത്രം പറയാം: അവർ നമുക്കു തരുന്ന മതബോധനങ്ങൾക്കു കൃതജ്ഞത; അവർ ഏപ്പെടുത്തുന്ന ധ്യാനങ്ങൾക്കും ഭക്തസംഘടനകൾക്കും നന്ദി; അവർ നമ്മുടെ ഭവനങ്ങളെ സന്ദശിക്കുകയും നമ്മുടെ വ്യക്തിപരമായ കാര്യങ്ങളിൽപോലും ഉത്സാഹം പ്രദശിപ്പിക്കുകയും ചെയ്യുന്നതിനും നമുക്കു നന്ദി പ്രകടിപ്പിക്കാം. നമ്മിൽ അവിടേയും ഇവിടേയും ചില അധഃപ്പതനങ്ങളുണ്ടാകുന്നുണ്ടെങ്കിലും പൊതുവെ ഉത്തമക്രിസ്തീയജീവിതം നയിക്കുന്നതിനു നമുക്കു സാധിക്കുന്നതു് ഈ സേവനംമൂലമാണു്. നമ്മിൽ പലക്കും, പ്രതിപകരം ചെയ്യപ്പെടുവാൻ പാടില്ലാത്തവിധം അത്ര വലുതായ കടപ്പാടാണു് അവരോടുള്ളതു്. അവരുടെ ഉപദേശവും മാതൃകയുംവഴി നമ്മിൽ കരുപ്പിടിപ്പിച്ചിട്ടുള്ള ധാർമ്മികബോധം ലോകത്തിൽ മികച്ച ധാമ്മികതയുള്ള ഉത്തമവ്യക്തികളായി പെരുമാറുവാനുള്ള കഴിവു നമുക്കു പ്രദാനംചെയ്യുന്നു. "അവർ കത്തോലിക്കരാണു്" എന്നു നമ്മെപ്പററി അകത്തോലിക്കർ പലപ്പോഴും അഭിപ്രായപ്പെടുന്നതിൽ ഈ വസ്തുതയാണു് നിഴലിക്കുന്നതു്. നമ്മുടെ വൈദികരുടെ ഏററവും വലിയ നേട്ടം ഇതാണു്." കത്തോലിക്കാവൈദികരുടെ സേവനജീവിതത്തേയും അതിൽനിന്നു പുറപ്പെട്ടുകൊണ്ടിരിക്കുന്ന ഗുണഫലങ്ങളേയും ഒരു നിഷ്പക്ഷനിരീക്ഷകൻറയും അനുഭവസാക്ഷിയുടേയും നിലകളിൽ പ്രസംഗകൻ ഇവിടെ പരാമശിച്ചിരിക്കുകയാണല്ലോ. കത്തോലിക്കാപുരോഹിത്യത്തെ കരിതേക്കുന്നതിനു വിരുദ്ധശക്തികൾ അവിശ്രമം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ അന്തരീക്ഷത്തിൽ ഈ യഥാത്ഥകഥനം വേണ്ടത്ര പ്രതിദ്ധ്വനിക്കുന്നതു ഉപകാരപ്രദമായിരിക്കും.

ആദ്ധ്യാത്മികരംഗത്തുള്ള നിരവധി സേവനപ്രവത്തനങ്ങളെ അവഗണിക്കാതെതന്നെ വൈദികർ സാമൂഹികരംഗങ്ങളിൽ പ്രവത്തിക്കേണ്ട ആവശ്യകതയെക്കുറിച്ചും അദ്ദേഹം പ്രസ്തുത പ്രസംഗത്തിൽ സമൃക്കായി പരാമശിച്ചിട്ടുണ്ടു്. വൈദികർ സാമാന്യേന നിവ്വഹിച്ചുപോരുന്ന ജീവകാരുണ്യപ്രവത്തനങ്ങളെപ്പററി അദ്ദേഹം പറഞ്ഞു: "എല്ലാ ഇടവകവൈദികരും അവരുടെ ഇടവകജനങ്ങളുടെ ആത്മീയമായ ആവശ്യങ്ങളെ കൃത്യനിഷ്ഠയോടുകൂടി നിവ്വഹിക്കുന്നതോടൊപ്പം, അവരിൽ ചിലർ സാധുക്കൾക്കു ഭക്ഷണവും വസ്ത്രവും വിതരണം ചെയ്തുകൊണ്ടു് ജീവകാരുണ്യപരമായ പ്രവൃത്തികളിലേപ്പെടുന്നു. വേറെ ചിലർ വിദ്യാഭ്യാസപരമായ കാര്യങ്ങളിലാണു് ശ്രദ്ധ പതിക്കുന്നതു്; സ്കൂളുകൾ ഉണ്ടാക്കുന്നതിലും പുസ്തകങ്ങളും പത്രങ്ങളും പ്രസിദ്ധീകരിക്കുന്നതിലും, അദ്ധ്യയനമണ്ഡലങ്ങൾ സജ്ജീകരിക്കുന്നതിലും അവർ ഏപ്പെടുന്നു. ഇനിയുമൊരുകൂട്ടർ പള്ളികൾ പണിയിക്കുക, സന്യാസമന്ദിരങ്ങൾ നിമ്മിക്കുക മുതലായ കാര്യങ്ങൾ നിവ്വഹിക്കുന്നു. വൈദ്യസഹായസംബന്ധമായ സേവനമാർഗ്ഗങ്ങളിൽ പ്രവത്തിക്കുന്ന ഒരു വിഭാഗവുമുണ്ടു്. നമ്മുടെ വൈദികർ ചെയ്യുന്ന ഈ സേവനങ്ങളെല്ലാം വളരെ വിലയുള്ളവയാണെങ്കിലും ഇന്നു എവിടേയും പ്രത്യേകിച്ചു് ഗ്രാമീണഇടവകകളിലും ഇടവകവൈദികരുടെ സവിശേഷമായ ശ്രദ്ധ പതിയുന്നതിനത്യാവശ്യമുള്ള ഒരു രംഗമുണ്ടു്. നമ്മുടെ ജനങ്ങളിൽ മിക്കവരുടേയും സാമ്പത്തികനില വളരെ മോശമാണു്; അനുദിനാവശ്യങ്ങൾക്കു പോലും വിഷമിക്കുന്നവരും അക്കൂട്ടത്തിൽ കുറവല്ല. ദാനമായി അവക്കു എന്തെങ്കിലും കൊടുക്കുന്നതു് ഒരു സഹായമാണു്. എന്നാൽ അതു് അവരെ സംബന്ധിക്കുന്ന പ്രശ്നത്തിനു ഒരു സമാധാനമാകുന്നില്ല. അവക്കു എന്തെങ്കിലും ജോലികൾ സമ്പാദിച്ചുകൊടുക്കുന്ന എംപ്ലോയ്മെൻറു് ബ്യൂറോകളുടെ സേവനം കുറച്ചുകൂടി മെച്ചമെന്നു സമ്മതിക്കാം. പക്ഷെ അവയും നമ്മെ ചില യജമാനന്മാരുടെ ഭൃത്യന്മാരാക്കുക മാത്രമേ ചെയ്യുന്നുള്ളു. നമ്മുടെ സമുദായത്തിൻറ ഇന്നത്തെ ആവശ്യം സാമ്പത്തികമായി സ്വയംപര്യാപ്തങ്ങളായ, സംതൃപ്തങ്ങളായ, സ്വാശ്രയബോധമുള്ളതായ കുടുംബങ്ങൾ ഉണ്ടാവുക എന്നതാണു്.

"ഇവിടെ ഒരാരോപണം എനിക്കെതിരെ ഉണ്ടായേക്കാം. ഇടവകവൈദികർ കത്തോലിക്കാസമുദായാംഗങ്ങളുടെ ഭൗതികമായ അഭിവൃദ്ധിക്കുവേണ്ടി പ്രവത്തിക്കണമെന്നു ഞാൻ വാദിക്കുന്നുവെന്നും ആ വാദം ഭൗതികതത്വവാദമാണെന്നും, ഈ ജോലി അൽമായനേതൃത്വം ഏറെറടുക്കേണ്ട ഒന്നാണെന്നുമായിരിക്കും ആ ആരോപണം. വേണ്ടത്ര കഴിവുകളും നിലയുമുള്ള കത്തോലിക്കാ അൽമായക്കു ഇതു സംബന്ധിച്ചു് അവരുടെ സഹജീവികളോടു വലുതായ ഒരുത്തരവാദിത്വമുണ്ടെന്നുള്ളതു തീച്ചതന്നെ. പക്ഷെ അങ്ങനെയുള്ളവർ എണ്ണത്തിൽ വളരെ കുറവും, ഈദൃശമായ ഏതെങ്കിലും പ്രവത്തനം സംഘടിപ്പിക്കുന്നതിനു കഴിവില്ലാത്തവരുമായിരിക്കും. പ്രത്യേകമായി ഒരു ഇടവകവൈദികനു നിയന്ത്രിക്കുവാൻ സാധിക്കുന്ന നേതൃത്വം ഒരിക്കലും അവക്കുണ്ടാവുക സാദ്ധ്യമല്ല

"ഇടവകജനങ്ങളുടെ സാമ്പത്തികസ്ഥിതിയെ ഭദ്രമാക്കുന്നതിൻറ ആവശ്യകതയെപ്പററി വളരെ ശ്രദ്ധാലുക്കളായ പല വൈദികരുമുണ്ടു്. "ഒഴിഞ്ഞ ഒരു ചാക്കു നിവത്തിനിത്തുവാൻ സാദ്ധ്യമല്ല. എൻറ ഇടവകാംഗങ്ങൾക്കു മാന്യമായ ഒരു ജീവിതമാഗ്ഗം കണ്ടെത്തുന്നതിൽ അവരെ സഹായിക്കാൻ എനിക്കു സാധിച്ചാൽ അവർ നല്ല കത്തോലിക്കരായി ജീവിക്കാതിരിക്കയില്ല," എന്നാണു് ഒരു വൈദികൻ ഒരിക്കൽ പ്രസ്താവിച്ചതു്......വേറൊരു വൈദികൻ ഒരിക്കൽ പറഞ്ഞതിങ്ങനെയാണു്: "എൻറ ഇടവകയിലെ കത്തോലിക്കർ ധനവാന്മാരല്ല എങ്കിലും അവക്കു അവരുടെ സ്വന്തമായ വരുമാനംകൊണ്ടു് മാന്യമായ രീതിയിൽ ജീവിക്കാനുള്ള കഴിവുണ്ടു്. കത്തോലിക്കരല്ലാത്ത മററു മതസ്ഥർ അവരെ ബഹുമാനിക്കുന്നു." ഈ മനോഭാവമുള്ള വൈദികർ അവരുടെ ഇടവകജനങ്ങളുടെ ഇടയിൽ സഹകരണസംഘങ്ങൾ സ്ഥാപിക്കുകയും അതുവഴി അമിതപലിശവാങ്ങുന്ന ഹുണ്ടികവ്യാപാരികളിൽനിന്നു അവരെ രക്ഷിക്കുകയും, മിതവ്യയശീലം അവരെ പഠിപ്പിച്ചുകൊണ്ടു് അവരുടെ വരുമാനത്തിലുള്ള മിച്ചങ്ങൾ സംഘങ്ങളിൽ നിക്ഷേപിക്കുന്നതിനു അവരെ പരിശീലിപ്പിക്കുകയും ചെയ്തുപോരുന്നു. ഏവംവിധം അവരിൽ സ്വാശ്രയബോധം ഉളവാകുന്നു. മററുള്ളവർ അവരെ ബഹുമാനിക്കുന്നു. സാമൂഹികസേവനസന്നദ്ധരായ ചില വൈദികർ ഇടവകജനങ്ങളുടെ കാർഷികോല്പന്നങ്ങളും, പാൽ, കോഴി, മുട്ട മുതലായവയുമെല്ലാം സഹകരണസംഘങ്ങൾവഴി വില്ക്കുന്നതിനു ഏപ്പാടുകൾ ചെയ്തിരിക്കുന്നു. തന്മൂലം ഇടത്തട്ടുകാരായ വ്യാപാരികൾക്കു അവരെ ചൂഷണം ചെയ്യുവാൻ സാധിക്കുന്നില്ല. ഉല്പന്നങ്ങൾക്കു നല്ല വില കിട്ടുന്നു; വരവു വർദ്ധിക്കുന്നു, ജീവിതനിലവാരം ഉയരുന്നു; ജീവിതത്തിൽ അവരുടെ മാന്യനില അംഗീകരിക്കപ്പെടുന്നു. വേറേ ചില ഇടവകവൈദികർ ജനങ്ങളെ ഇടവകാടിസ്ഥാനത്തിൽ സഹകരണ കർഷകസംഘങ്ങളായോ സഹകരണവ്യവസായസംഘങ്ങളായോ സംഘടിപ്പിക്കുകയും ഭക്ഷ്യവിഭവങ്ങളും ഉപയോഗസാധനങ്ങളും കൂടുതലായി ഉല്പാദിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവരെ പഠിപ്പിക്കുകയും ചെയ്യുന്നു. തൽഫലമായി ജനങ്ങളുടെ പ്രയത്നങ്ങൾ കൂടുതൽ ഫലദായകങ്ങളാകുകയും സുഭിക്ഷമായി ജീവിക്കുന്നതിനു അവക്കു സാധിക്കുകയും ചെയ്യുന്നു. അവരുടെ മതാനുഷ്ഠാനതീക്ഷ്ണതയിലും ഇതു പ്രതിഫലിക്കുന്നു. ചെറുകിടവ്യവസായങ്ങൾ ഇടവകകളിൽ സമാരംഭിക്കുന്നതിനു അവർ നൽകുന്ന പ്രോത്സാഹനംവഴിയായി ചുരുങ്ങിയ ആദായവരുമാനമുള്ള പല സംരംഭങ്ങളും നിലവിൽ വന്നിട്ടുണ്ടു്; ചുരുക്കം ചില പ്രസ്ഥാനങ്ങൾ വലിയ തോതിൽതന്നെ വികസിക്കുകയും ഗണ്യമായ ആദായങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ടു്." തുടന്നു പ്രസംഗകൻ വൈദികക്കു ഈ കാര്യത്തിൽ നൽകപ്പെടുന്ന പരിശീലനങ്ങളെപ്പററി പ്രതിപാദിച്ചശേഷം ഇങ്ങനെ സമാപിപ്പിക്കുന്നു:- "അതുകൊണ്ടു്, ഇന്ത്യയിൽ ദൈവത്തിൻറ ഉപരിമഹത്വീകരണത്തിനും തിരുസഭയുടെ പ്രചാരണത്തിനുംവേണ്ടി, ഇടവകജനങ്ങളുടെ സാമ്പത്തികകഴിവുകൾ വികസിപ്പിക്കുന്നതിനുവേണ്ട ശ്രമങ്ങളിൽ ഇടവകവൈദികർ കൂടുതൽ കൂടുതൽ ശുഷ്കാന്തി പ്രദശിപ്പിക്കുമെന്നുള്ള പ്രത്യാശയോടുകൂടി ഞാൻ ഉപസംഹരിക്കുന്നു."





## തിരുമേനിമാർക്കു തിരുനാൾ മംഗളങ്ങൾ

കൊല്ലം മെത്രാൻ
റൈററു് റവ ഡോ ജെറോം ഫെർണാണ്ടസ് ഡി. ഡി.
തിരുമേനി
(തിരുനാൾ— സെപ്തംബർ 30)

ആലപ്പുഴ മെത്രാൻ
റൈററു് റവ. ഡോ. മൈക്കിൾ ആറാട്ടുകുളം ഡി. ഡി.
തിരുമേനി
(തിരുനാൾ—സെപ്തംബർ 29)

മി. റയൺ അദ്ദേഹത്തിൻറ പ്രസംഗത്തിൽ അവതരിപ്പിച്ചിരിക്കുന്ന തത്വം നമ്മുടെയെല്ലാം അവഗാഢമായ ശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണെന്നു പറയുന്നതിൽ ആക്കും അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. നമ്മുടെ ബ. ഇടവകവൈദികരും അൽമായരും ഒത്തൊരുമിച്ചു് ആധുനിക സാഹചര്യങ്ങൾക്കൊത്തു സാമൂഹികങ്ങളായ പ്രശ്നങ്ങളെ നേരിടുകയാണെങ്കിൽ അതു സമുദായികമായ വലിയ ഉൽക്കർഷത്തിനു വഴി തെളിക്കുമെന്നതു അവിതക്കിതമാണു്. കത്തോലിക്കാസഭ ഈ ആദശത്തെ ശക്തിയുക്തം ഉൽബോധിപ്പിക്കുന്നുണ്ടു്. എന്നുള്ള വസ്തുത ആധുനികകാലത്തെ മാർപ്പാപ്പാമാരുടെ ചാക്രികലേഖനങ്ങൾ പരിശോധിച്ചാൽ നിഷ്പ്രയാസം കാണുവാൻ സാധിക്കും. പ്രത്യേകിച്ചും ലെയോ പതിമൂന്നാമൻ, പീയൂസ് പതിനൊന്നാമൻ, പീയൂസ് പന്ത്രണ്ടാമൻ എന്നീ മാർപ്പാപ്പാമാരുടെ സാമൂഹിക ചാക്രിക ലേഖനങ്ങൾ തത്സംബന്ധം ശാസ്ത്രീയവും പ്രായോഗികവുമായ രംഗങ്ങളിൽ അമൂല്യരേഖകളാണു്. അവയിൽ ആവിഷ്കരിച്ചിട്ടുള്ള സിദ്ധാന്തങ്ങൾക്കു മാത്രമേ ഇന്നത്തെ നിരവധി പ്രശ്നങ്ങളെ യഥാതഥം നേരിടുന്നതിനു സാധിക്കുകയുള്ളു. "ക്വാദ്രജേസിമോ ആന്നോ" എന്ന പതിനൊന്നാം പീയൂസിൻറ ചാക്രികലേഖനത്തിൽ ചെറുകിട സ്വതന്ത്രസംരംഭങ്ങളെപ്പററി തിരുമേനി പറയുന്നതിപ്രകാരമാണു്: ചെറിയ പ്രസ്ഥാനങ്ങളുടെ നടത്തിപ്പിനെ സംബന്ധിക്കുന്ന കാര്യങ്ങൾ സ്റ്റേററു് ചെറുസംഘടനകളുടെ നിയന്ത്രണത്തിനു വിടണം. അല്ലെങ്കിൽ അവ കുഴപ്പത്തിലാവും. ചെറുസംഘടനകൾക്കു ഭംഗിയായി നിവ്വഹിക്കുവാൻ കഴിയുന്ന അവയുടെ കൃത്യങ്ങൾ വിപുലവും ബ്റുഹത്തരവുമായ സംഘടനകൾ കൈയടക്കുന്നതു് അനീതിപരവും, വിനാശകരവും, മഹത്തായ ക്രമീകരണത്തിൻറ അധഃപ്പതനകാരണവുമാണു്. അതുകൊണ്ടു് സാമൂഹികമായ നിയമനിമ്മാണത്തിൻറ ലക്ഷ്യം ഐച്ഛികസംഘടനകളുടെ പുനസ്ഥാപനമായിരിക്കണം." മഹത്തായ ഈ ആദർശത്തെ പുരോഗമിപ്പിക്കുന്നതിനും യഥാത്ഥമായ സാമൂഹിക ഐശ്വര്യത്തെ കുറിക്കുന്ന അവസരസമത്വവും ചെറുകിട സംരംഭങ്ങളുടെ അഭിവൃദ്ധിയും സുസ്ഥാപിതമാക്കി ജനതയെ സ്വാതന്ത്ര്യത്തിലും ധാമ്മികവീക്ഷണത്തിലും നയിക്കുന്നതിനു ഏവരും സന്നദ്ധരാകട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### ഡോക്ടർ അഡനോവർ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു

എല്ലാ യൂറോപ്യൻരാജ്യങ്ങളും പ്രത്യേകിച്ചു കമ്മ്യൂണിസ്റ്റ് റഷ്യയും വളരെ താല്പര്യപൂർവ്വം വീക്ഷിച്ചുകൊണ്ടിരുന്ന ഒരു തിരിഞ്ഞെടുപ്പാണു് 1957 സെപ്തംബർ 15-ാം തീയതി പശ്ചിമജമ്മനിയിൽ നടന്നതു്. ക്രിസ്ത്യൻ ഡെമോക്രാററിക്ക് പാർട്ടിയുടെ നേതാവായ ഡോക്ടർ കോൺറാഡ് അഡനോവർ മൂന്നാംപ്രാവശ്യവും അസൂയാവഹമായ ഭൂരിപക്ഷത്തോടുകൂടി വിജയിയായി. അദ്ദേഹം 1949-ൽ പശ്ചിമജമ്മനി രൂപംകൊണ്ടപ്പോൾ അവിടത്തെ ആദ്യത്തെ ചാൻസലറായി തിരിഞ്ഞെടുക്കപ്പെട്ടു. പിന്നീടു് 1953-ൽ നടന്ന തിരിഞ്ഞെടുപ്പിലും അദ്ദേഹം വിജയിച്ചു. ഇത്തവണത്തെ അദ്ദേഹത്തിൻറ എതിർസ്ഥാനാർത്ഥി, പശ്ചിമജമ്മനിയിൽ ഏററവും കൂടുതൽ ജനസ്വാധീനമുണ്ടെന്നു സ്വയം അവകാശപ്പെടുന്ന സോഷ്യൽ ഡെമോക്രാററിക്ക് പാർട്ടിയുടെ നേതാവായ ഹെർ എറിച്ച് ഒല്ലൻഹോവറായിരുന്നു. പതിനഞ്ചു രാഷ്ട്രീയകക്ഷികളുടെ മത്സരമാണു് നടന്നതു്. ക്രിസ്ത്യൻ ഡെമോക്രാററുകൾ മററു 14 കക്ഷികളുടേയും എതിർപ്പിനെ പരാജയപ്പെടുത്തിയാണു് പ്രശസ്തവിജയം കൈവരിച്ചതു്. പശ്ചിമജമ്മനി ഡോക്ടർ അഡനോവറിലുള്ള ബഹുഭൂരിപക്ഷത്തിൻറ അചഞ്ചലമായ വിശ്വാസം വീണ്ടും പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. ഈ തിരിഞ്ഞെടുപ്പുവഴി. ജമ്മനിയുടെ ഏകീകരണം ഒരുവിധത്തിലും സാദ്ധ്യമല്ലെന്നു വ്യക്തമായപ്പോഴാണല്ലോ 1949-ൽ റഷ്യയ്ക്കു വിധേയമായിരുന്ന പൂവ്വജമ്മനിയെ തല്ക്കാലം വിട്ടുകൊണ്ടു് പശ്ചിമജമ്മനി ഒരു സ്വതന്ത്രമേഖലയായി രൂപം പ്രാപിച്ചതു്. ഇന്നും റഷ്യ പൂവ്വജമ്മൻജനതയുടെ സ്വാതന്ത്ര്യാഭിലാഷങ്ങളെ തല്ലുടച്ചുകൊണ്ടു് അവി

ടെ സ്വേച്ഛാഭരണം നടത്തുകയാണ്. പശ്ചിമജർമ്മനിയെക്കൂടി കൈയടക്കുന്നതിനുള്ള കരുനീക്കങ്ങളും ഉപജാപങ്ങളും റഷ്യ അനുസൃതം നടത്തിക്കൊണ്ടിരിക്കുന്നുമുണ്ട്. ഈ നുഴഞ്ഞുകയററങ്ങളേയും ഭീഷണികളേയും സുധീരം ചെറുത്തുകൊണ്ടാണ് ഡോക്ടർ അഡനോവർ ആ രാജ്യവിഭാഗത്തിന്റെ ഭരണം ശ്രേയസ്കരമായും ജനാഭിലാഷങ്ങളെ ആദരിച്ചും തുടർന്നുകൊണ്ടുപോകുന്നത്. പാശ്ചാത്യശക്തികൾ റഷ്യയുടെ ജർമ്മനിയെ കൈയടക്കുന്നതിനുള്ള സാഹസികയത്നങ്ങളെ അവസാനിപ്പിച്ചു ചരിത്രപ്രസിദ്ധമായ ആ രാജ്യത്തിനു സ്വാതന്ത്ര്യം പ്രദാനംചെയ്യുന്നതിനു പലവിധത്തിലും ശ്രമിക്കുകയുണ്ടായിട്ടുണ്ടെങ്കിലും റഷ്യ അതിനു വഴിപ്പെട്ടിട്ടില്ല. പൂർവ്വജർമ്മനിയിൽ പിടിമുറുക്കുന്നതിനും പശ്ചിമജർമ്മനിയെ ഏതെങ്കിലും വിധത്തിൽ തട്ടിയെടുത്തു ഇരുമ്പുമറയിൽ ഒളിപ്പിക്കുന്നതിനുമാണ് റഷ്യയുടെ ഒളിഞ്ഞുനോട്ടം. ഡോക്ടർ അഡനോവറിന്റെ വിദഗ്ദ്ധനേതൃത്വത്തിൽ അതു പരാജയമടയുവാനേ വഴിയുള്ളു എന്നു ഈ തിരിഞ്ഞെടുപ്പുവിജയം ഒരിക്കൽക്കൂടി പ്രഖ്യാപിക്കുകയാണ് ചെയ്തിട്ടുള്ളത്.

× × ×

# നാഗരികത നിലനിൽക്കണമെങ്കിൽ ആദ്ധ്യാത്മികപശ്ചാത്തലം ആവശ്യമാണെന്നു നെഹ്റു

പണ്ഡിററ് നെഹ്റുവിന്റെ ആദ്ധ്യാത്മിക വീക്ഷണങ്ങളെപ്പററി പലവിധത്തിലുള്ള അഭിപ്രായങ്ങൾ ഇന്ത്യയിൽതന്നെയും പ്രചരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. അദ്ദേഹം ആദ്ധ്യാത്മികതയേയും മതബോധത്തേയും പററി സാധാരണ പരാമർശിക്കാറില്ല. രാജ്യസേവനത്തെ ജീവിതാദർശമാക്കി ജീവിക്കുന്ന ഇന്ത്യയുടെ ഈ നേതാവ് ഈയിടെ ഹൈദ്രബാദിൽവച്ചു ആദ്ധ്യാത്മികപ്രബോധനത്തെപ്പററി പ്രസ്താവിച്ചതായി ഇപ്രകാരം റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു:-

“രാജ്യത്തിന്റെ ഭാരം ഇപ്പോഴത്തെ തലമുറയിൽ പതിക്കും ദീർഘാസൂത്രണങ്ങളൊക്കെയുണ്ടെങ്കിലും അവസാനാപഗ്രഥനത്തിൽ ഞാൻ നമ്മുടെ രാജ്യത്തെ യുവതീയുവാക്കന്മാരുടെയും കുട്ടികളുടെയും മുഖത്തേക്കാണ് നോക്കുന്നത് പദ്ധതികളെയും സ്ഥിതിവിവരങ്ങളെയുമെന്നതിനേക്കാൾ നമ്മുടെ യുവതീയുവാക്കന്മാരുടെ ആശയങ്ങളും സ്വഭാവവും അഭിനിവേശങ്ങളുമാണ് പരിഗണനാവിഷയമായിട്ടുള്ളത്.

“സർവ്വകലാശാലാ വിദ്യാർത്ഥികളുടെ ഇടയിൽ ശിക്ഷണരാഹിത്യത്തിന്റെ പ്രശ്നമുണ്ട്. ചില നടപടിപ്പിശകുകൾ കാര്യമാക്കാനില്ല. എന്നാൽ കൊലപാതകത്തെക്കാൾ കുററകരമായ ചില കാര്യങ്ങളുണ്ട്. ജീവിതത്തിന്റെ അധോഗമനം. അതിൽനിന്നു യാതൊരു നന്മയും പ്രതീക്ഷിച്ചുകൂടാ. അതിനു ഔന്നത്യത്തിന്റെ യാതൊരു പശ്ചാത്തലവുമില്ല.

“എല്ലാവർക്കും ന്യൂനതകളുണ്ട്. എന്നാൽ നല്ലതായി എന്തെങ്കിലും ഒരുവനിലില്ലെങ്കിൽ അയാൾക്കു മുന്നോട്ടുപോകുക സാദ്ധ്യമല്ല. ആദ്ധ്യാത്മികതത്വത്തിന്റെയും സ്വഭാവശുദ്ധിയുടെയും അസ്ഥിവാരമില്ലെങ്കിൽ യാതൊരു രാഷ്ട്രത്തിനും പുരോഗമിക്കാവുന്നതല്ല. ആദ്ധ്യാത്മികമായ പശ്ചാത്തലമില്ലാതെയുള്ള ലോകനാഗരികത മുഴുവൻ വെറും ശൂന്യമായിരിക്കും. അതു അബദ്ധലക്ഷ്യങ്ങളിലേക്കു നയിക്കുകയും ചെയ്യും.”

രാഷ്ട്രീയ പുരോഗതിയുടെപേരിൽ അന്ധമായി മുമ്പോട്ടു കുതിക്കുന്ന ആധുനിക ലോകത്തിലെ എല്ലാരാഷ്ട്രങ്ങളും, പ്രത്യേകിച്ച് മെറീരിയലിസ്റ്റിക്ക് ആദർശങ്ങൾക്കു വിധേയമായിരിക്കുന്ന രാജ്യങ്ങളും സഗൗരവം ചിന്തിക്കേണ്ട ഒരു വാസ്തവമാണ് ആധുനിക രാഷ്ട്രചിന്തകന്മാരിൽ അദ്വിതീയസ്ഥാനമലങ്കരിക്കുന്ന ശ്രീ നെഹ്റു അവർകൾ ഇവിടെ പ്രഖ്യാപിച്ചിരിക്കുന്നത്. സത്യം, നീതി, ധർമ്മാദിയായ നല്ല ശീലങ്ങളെ മനുഷ്യവ്യക്തിയിലും സമുദായത്തിലും രാഷ്ട്രത്തിലും നിലനിർത്തണമെങ്കിൽ അവയ്ക്കാധാരമായ ആദ്ധ്യാത്മികചിന്ത അവയ്ക്കടിസ്ഥാനമായി സ്ഥലംപിടിക്കണമെന്നുള്ളത് വെറും സ്വാഭാവികം മാത്രമാണ്. ഇന്നത്തെ ലോകത്തിൽ ആദർശപരമായ ഒരു സംഘട്ടനംതന്നെ ഇക്കാര്യത്തിൽ നടക്കുകയാണ്. ലോകശക്തികളുടെ ചേരിതിരിവിന്റെ തന്നെ മൂലകാരണവും ഇതിൽ ദർശിക്കുവാൻ കഴിയും. ആർഷഭാരതത്തിനു എന്നും എവിടെയും അഭിമാനത്തിനും അഭിനന്ദനത്തിനും അർഹമായിരുന്നിട്ടുള്ളത് അചഞ്ചലവും അത്യുൽകൃഷ്ടവുമായ അതിന്റെ ആദ്ധ്യാത്മികസമ്പത്താണ്. അഭിനവഭാരതത്തിനും ലോകരാഷ്ട്രങ്ങളുടെ ഇടയിൽ സമുന്നതമായ അതിന്റെ പ്രശസ്തി പരിരക്ഷിച്ചു പോരണമെങ്കിൽ അതിന്റെ ആദ്ധ്യാത്മികചൈതന്യം അഭംഗം പരിപാലിക്കപ്പെടുകതന്നെ വേണം. വളരുന്ന തലമുറ അതിനു എത്ര കൂടുതലായ പ്രാധാന്യം കല്പിക്കുമോ, അവരുടെ ശിക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ എത്ര കാര്യമായി ഈ ആദർശം അവരിൽ ദൃഢമാക്കുന്നതിനു പരിശ്രമിക്കുമോ അതനുസരിച്ചായിരിക്കും നമ്മുടെ ഭാവി നിലകൊള്ളുക എന്നു നമ്മുടെ രാഷ്ട്രീയനേതാവായ ശ്രീ നെഹ്റു ഉൽബോധിപ്പിക്കുമ്പോൾ അതു ഏവരുടെയും പ്രത്യേകശ്രദ്ധാവിഷയമാകേണ്ടതുണ്ടല്ലോ.

# പുസ്തകാഭിപ്രായം

## അദ്ധ്യാത്മസമരം

(പേജ് 260. വില 1 രു. 37 ന. പൈ. പോസ്റ്റേജ് 20 ന. പൈ. എസ്. എച്ച്. ലീഗ്, ആലുവാ നോർത്ത് P. O.)

ക്രിസ്ത്വാനുകരണത്തോടൊപ്പം ആദ്ധ്യാത്മികപിതാക്കന്മാർ വില കല്പിച്ചിട്ടുണ്ട് “അദ്ധ്യാത്മസമര”ത്തിനു. കാരണം പുണ്യപൂർണ്ണത പ്രാപിക്കുവാൻ ആഗ്രഹിക്കുന്ന ആത്മാക്കൾക്കു ഈ വിശിഷ്ടകൃതി എത്രമാത്രം സഹായകമായിരിക്കുമെന്നു അവർ മനസ്സിലാക്കിക്കഴിഞ്ഞു. സുകൃതജീവിതത്തിനു ഒരുങ്ങുന്നവർക്കു ആദ്ധ്യാത്മികപിതാക്കന്മാർ ഒരു “ഗൈഡുബുക്കാ”യി ഇതിനെ നിർദ്ദേശിച്ചുകൊടുക്കുന്നു. ആദ്ധ്യാത്മികചിന്തകന്മാർ ഇത്രമാത്രം വിലയിരുത്തിയിട്ടുള്ള മററു കൃതികൾ അധികമില്ല. സുകൃതജീവിതത്തിന്റെ വിവിധവശങ്ങളെക്കുറിച്ചു പണ്ഡിതോചിതമായ പരിജ്ഞാനമുണ്ടായിരുന്ന വി. ഫ്രാൻസിസ് സാലസ്, തന്നോടു ആദ്ധ്യാത്മികോപദേശം ആരാഞ്ഞിരുന്നവർക്കെല്ലാം കൊടുത്തിരുന്ന നിർദ്ദേശം, “അദ്ധ്യാത്മസമരം വായിക്കുക” എന്നായിരുന്നു.

ക്രിസ്തീയപരിപൂർണ്ണതയുടെ ഉള്ളുകള്ളികൾ തുറന്നു വിവിധമാർഗ്ഗങ്ങളെ സമർത്ഥമായി ഈ ഗ്രന്ഥം പ്രതിപാദിക്കുന്നു. എല്ലാവരും സുകൃതജീവിതം ആഗ്രഹിക്കുന്നു; കുറച്ചുപേർമാത്രം അതിനായി അദ്ധ്വാനിക്കുന്നു. എന്നാൽ ശരിയായ മാർഗ്ഗനിർദ്ദേശം ലഭിക്കാതെ നിരാശരായി പിൻമാറുന്നവരും വിരളമല്ല. ആദ്ധ്യാത്മികജീവിതത്തിൽ വ്യക്തമായ അറിവോടും നിയന്ത്രണത്തോടുംകൂടി മുന്നേറണം. അല്ലെങ്കിൽ നാം വഞ്ചിതരാകും. ക്രിസ്തീയപരിപൂർണ്ണത അടങ്ങിയിരിക്കുന്നതു ബുദ്ധിയുടേയും മനസ്സിന്റേയും ഇന്ദ്രിയങ്ങളുടേയും ശിക്ഷണത്തിലാകുന്നു. ആദ്യമായി നമ്മിലുള്ള ദുഷ്പ്രവണതകളെ കണ്ടുപിടിച്ചു ചുവടേ പിഴുതെറിയണം. നിശ്ചയദാർഢ്യത്തോടും ആത്മധൈര്യത്തോടുംകൂടി നമ്മുടെ ദുർവികാരങ്ങളോടു സമരംചെയ്തു വിജയംവരിക്കണം. ഇവയ്ക്കെല്ലാം പ്രായോഗികവശങ്ങളും നിർദ്ദേശങ്ങളും “അദ്ധ്യാത്മസമര”ത്തിൽ നാം കണ്ടെത്തും. ദുർവികാരങ്ങളെ കീഴടക്കി സുകൃതജീവിതത്തിനിറങ്ങിത്തിരിച്ച ഒരാത്മാവിനു പുണ്യാഭിവൃദ്ധിയിലേക്കുള്ള വിവിധമാർഗ്ഗങ്ങളെ പടിപടിയായി എണ്ണിയെണ്ണിക്കാണിച്ചു മാർഗ്ഗനിർദ്ദേശം നൽകുന്നുണ്ട് ഈ ഗ്രന്ഥം. ഇങ്ങനെ പുണ്യപരിപൂർണ്ണതയിൽ എത്തിച്ചേരുന്നതിനു നമ്മെ സഹായിക്കുവാൻ കെൽപ്പുററതാണ് “അദ്ധ്യാത്മസമരം.”

കടിഞ്ഞാണില്ലാതെ സ്വച്ഛന്ദം വിഹരിക്കുവാൻ അഴിച്ചുവിട്ടിരിക്കുന്ന നമ്മുടെ ദുർവികാരങ്ങളും ദുഷ്പ്രവണതകളുമാണ് ഇന്നത്തെ സമാധാനസംഹാരികൾ. അവയെ അമർത്തിക്കഴിഞ്ഞാൽ നമുക്കു ഹൃദയസമാധാനം സലബ്ധമാകും. ആത്മസമാധാനമില്ലാതെ മനമുരുകിക്കഴിയുന്നവർ “അദ്ധ്യാത്മസമര”ത്തിൽ സമാധാനത്തിന്റെ പൊൻകിരണങ്ങൾ ദർശിക്കും. അങ്ങനെ ശാന്തിയും സമാധാനവും വ്യക്തികളിലും സമുദായത്തിലും കളിയാടുവാൻ, നമ്മുടെ ജീവിതം അതിന്റെ ലക്ഷ്യത്തിലെത്തിച്ചേർന്നു വിജയംവരിക്കുവാൻ “അദ്ധ്യാത്മസമര”ത്തിലെ പ്രായോഗികമാർഗ്ഗങ്ങൾ നമ്മുടെ ജീവിതത്തിലേക്കു പകർത്തിയെടുക്കാം.

ലളിതമായ പ്രതിപാദനരീതി ആസ്വാദ്യകരംതന്നെ. മനോഹരമായ കവർ.

---


നിത്യസഹായമാതാവിന്റെ അനുഗ്രഹത്താലും സി. അൽഫോൻസായുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

എ. എൽ. വറീത്

---

## മെടിക്ക്സമ്പ്രദായത്തിലുള്ള തൂക്കങ്ങളും അളവുകളും

മെട്രിക്ക്സമ്പ്രദായത്തിലുള്ള തൂക്കങ്ങളും അളവുകളും വൻതോതിൽ നിർമ്മിക്കുന്നതിനുള്ള പരിപാടിയെക്കുറിച്ച് ഈ വാരം ആദ്യത്തിൽ ന്യൂഡൽഹിയിൽവച്ചു ചേർന്ന ഒരു സമ്മേളനം ചർച്ച ചെയ്യുകയുണ്ടായി. മെട്രിക്ക്സമ്പ്രദായത്തിലുള്ള തൂക്കങ്ങളുടേയും അളവുകളുടേയും നിർമ്മാണം ഉടൻതന്നെ തുടങ്ങുവാൻ തീരുമാനിച്ചു. ഇപ്പോൾ നിലവിലുള്ള തൂക്കങ്ങൾക്കും അളവുകൾക്കും പകരം പുതിയ സമ്പ്രദായത്തിലുള്ളവ നിർമ്മിക്കുമ്പോൾ 300 ലക്ഷം ഘനതൂക്കങ്ങളും, 40 ലക്ഷം ദ്രാവകാളവുകളും, 5 ലക്ഷം ദീർഘാളവുകളും വേണ്ടിവരുമെന്നു കണക്കാക്കിയിരിക്കുന്നു. ഇക്കാര്യത്തിൽ സ്വകാര്യനിർമ്മാതാക്കളുടെ സഹകരണം തേടുന്നതിനു തീരുമാനിച്ചിരിക്കുന്നു.



പുതിയ സമ്പ്രദായത്തിലുള്ള ഘനതൂക്കങ്ങൾ

(12-ാം പേജ് തുടർച്ച)

ഒരുദിവസം സന്ധ്യാസമയം. പകലവൻ ഭൂമിയോടു യാത്രചോദിക്കുവാൻ പോകുന്നു. പറവകൾ അതിന്റെ കൂടുകൾ അന്വേഷിച്ച് വെമ്പലോടെ പറന്നുപോകുന്നു. നേരം പൂർണ്ണമായും സന്ധ്യയായിക്കഴിഞ്ഞു. അടുത്തുള്ള പള്ളിയിൽനിന്നും പ്രാർത്ഥനയ്ക്കുള്ള മണിനാദം അവരുടെ കർണ്ണപുടങ്ങളിൽ പതിച്ചു. അവർ എല്ലാവരും വിശേഷവിധമായ അലങ്കാരങ്ങളോടുകൂടി സ്ഥാപിച്ചിരിക്കുന്ന ഈശോയുടെ തിരുസ്വരൂപത്തിന്റെ മുൻപിൽവന്നു പ്രാർത്ഥിക്കുന്നതിനായി മുട്ടുകുത്തി. പ്രാർത്ഥനകഴിഞ്ഞ് എല്ലാവരും ശാന്തമായി, ധ്യാനനിരതരായി ഇരിക്കുന്നു. ജോസിന്റെ സ്വരമാണു കേൾക്കുന്നത്; പാവനമായ കുറച്ചു വാക്കുകൾ! “അപ്പാ! ഈ ലോകജീവിതം ജലത്തിലെ കുമിളകൾപോലെയാണ്. ജഡിലമായ ഈ ലോകത്തിലെ ജീവിതം വെറും നശ്വരമാണ്. നമ്മെപ്പോലെ സുഖം അനുഭവിക്കേണ്ട എത്രയോ ആത്മാക്കൾ ഇന്നു അന്ധകാരത്തിൽ ജീവിക്കുന്നു. അവരെ ഉണർത്തി ഈശോയുടെ പക്കലേക്കു ഉയർത്തേണ്ടതു നമ്മളുടെ കടമയല്ലയോ? ഈശോ ഈ ലോകത്തിൽ വന്നതു പാപികളായ നമ്മെ ഉദ്ധരിക്കുന്നതിനുവേണ്ടിയല്ലയോ? കർത്താവായ ഈശോമിശിഹാ ചോദിക്കുന്നതു “നിങ്ങളുടെ ഹൃദയത്തെ എനിക്കു തരുക” എന്നല്ലേ? ഈശോയുടെ ഹൃദയം ദാഹംകൊണ്ടു വലയുകയാണ്. അതിനാൽ ഈശോയ്ക്കുവേണ്ടി അനേകഹൃദയങ്ങളെ സമ്പാദിക്കുന്നതിനായി പോകുവാൻ എന്നെ അനുവദിച്ചാലും.”

ഇതു കേട്ടപ്പോൾ ജോസിന്റെ മാതാപിതാക്കന്മാരുടെ മുഖത്ത് ഒരു വല്ലായ്മ പ്രത്യക്ഷപ്പെട്ടു. അവർ പരസ്പരം നോക്കിനിന്നുപോയി. പിതാവായ വർക്കിച്ചേട്ടൻ പറഞ്ഞു: “എന്റെ പൊന്നുമകനേ, നീ പറഞ്ഞതു ശരിയാണ്. പക്ഷെ ഭാവിയിൽ നമ്മുടെ കുടുംബത്തെ നിലനിർത്തുവാനും, ഞങ്ങളുടെ വാർദ്ധക്യകാലത്തു ഞങ്ങളെ രക്ഷിക്കുവാനും നീ അല്ലാതെ ഞങ്ങൾക്കാരാണുള്ളത്.”

ജോസു പിന്നേയും പറയുകയാണ്: “അതൊക്കെ ശരിയാണ്. നമ്മളുടെ കാര്യങ്ങൾ നോക്കുവാൻ സർവ്വശക്തനായ ദൈവമുണ്ട്. അപ്പാ! ‘കൊയ്ത്തു ധാരാളം, പക്ഷെ കൊയ്ത്തുകാർ ഇല്ല.’ ഒരച്ചൻ (മിഷനറി) എന്നു പറഞ്ഞാൽ ഇന്നു എത്രയോ ആത്മാക്കൾ പുനർജീവൻ പ്രാപിക്കും. അതിനാൽ ഹൃദയത്തിനുവേണ്ടി ദാഹിക്കുന്ന ഈശോയുടെ ഹൃദയദാഹം ശമിപ്പിക്കുവാൻ ഞാനും പോകും. ഈശോയ്ക്കുവേണ്ടി ആയിരക്കണക്കിനു ആത്മാക്കളെ നേടുവാനായി ഞാനും പോകും.”

മകന്റെ ഈ ദൃഢമായ വാക്കുകൾ കേട്ടപ്പോൾ അവരുടെ മനസ്സിൽ എന്തെന്നില്ലാത്ത ആനന്ദം ഉളവായി. മകനെ മിഷനയക്കുവാൻ അവർ തീരുമാനിച്ചു.

ദിവസങ്ങൾ പലതുകഴിഞ്ഞു. ഒടുവിൽ ആ മഹദ്ദിനം വന്നുചേർന്നു. സ്വകുടുംബത്തോടും നാടിനോടും യാത്രചോദിച്ച് ജോസ് ബസ്സുകയറി.

—o—

# വിവിധവൃത്താന്തങ്ങൾ

## പ. പിതാവിൻെറ ആതുരാതിഥികൾ

മോൺ ലൂയി നൊവാരീസിനാൽ സ്ഥാപിതമായ ആതുരകേന്ദ്രത്തിൻെറ പത്താമതു വാർഷികം പ്രമാണിച്ചു് 5000 രോഗാതുരർ ഒക്ടോബർ 4 മുതൽ 8 വരെ തീയതികളിൽ പരിശുദ്ധ പിതാവിൻെറ അതിഥികളായി റോമിൽ സമ്മേളിക്കുന്നതാണു്. റോം നഗരത്തിലെ വി. മാത്താസ് ഒസ്സ്ഫൗസായിരിക്കും ഇവരുടെ വാസസ്ഥലം.

## ചില്ലിയൻ മെത്രാന്മാരുടെ ആഹ്വാനം

സാമാന്യജനങ്ങളുടെ ജീവിതപ്രശ്നങ്ങളെ അവഗണിച്ചുകൊണ്ടുമുന്നോട്ടുപോകുവാൻ ഇനിയുള്ള കാലം സാദ്ധ്യമല്ലെന്നു് ചില്ലിയിലെ മെത്രാന്മാർ രാഷ്ട്രീയനേതാക്കന്മാരെയും ഗവൺമെൻറുദ്യോഗസ്ഥന്മാരെയും ഒരു സംയുക്തപ്രസ്താവനയിൽ ഉൽബോധിപ്പിച്ചിരിക്കുന്നു. ദാരിദ്ര്യത്തിനെതിരായി ഒരു സന്ധിയില്ലാസമരം പ്രഖ്യാപിക്കാനാഹ്വാനം ചെയ്തുകൊണ്ടു് പ്രസ്തുത പ്രസ്താവന ഇപ്രകാരം തുടരുന്നു. പണപ്പെരുപ്പം നാടിനെ അപകടത്തിലേക്കു നയിച്ചുകൊണ്ടിരിക്കയാണു്. പാർപ്പിടമില്ലാത്തവരുടെ എണ്ണം ഭയാനകമായ തോതിലേക്കു് വളർന്നുകൊണ്ടിരിക്കുന്നു. തൊഴിലാളികളുടെ സേവനവ്യവസ്ഥകൾ വളരെ അതൃപ്തികരമാണു്. തൊഴിലുടമകൾ ഇക്കാര്യത്തിൽ അടിയന്തിരമായ പ്രായോഗിക നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ജോലിക്കാരും തങ്ങളുടെ വേലയെ സംബന്ധിച്ചും തങ്ങൾക്കു കിട്ടുന്ന കൂലിയുടെ മുഖ്യഭാഗം സ്വന്തം കുടുംബത്തിനുവേണ്ടി ചെലവാക്കുന്ന കാര്യത്തിലും കൂടുതൽ ശ്രദ്ധ പതിക്കേണ്ടതുണ്ടു്.

## ഇംഗ്ലണ്ടിലെ വമ്പിച്ച സ്കൗട്ടു റാലി

ഈയിടെ ബ്രിട്ടനിൽ നടത്തപ്പെട്ട വമ്പിച്ച സ്കൗട്ടുറാലിയിൽ 8500 കത്തോലിക്കാ സ്കൗട്ടുകാർ സംബന്ധിക്കയുണ്ടായി. ഫ്രാൻസ്, ജർമ്മനി, ഇററലി, ബൽജിയം എന്നീ രാജ്യങ്ങൾ 1000 കത്തോലിക്കാ സ്കൗട്ടുകാരെ വീതം ഇതിലേക്കയച്ചിരുന്നു. 25 രാജ്യങ്ങളിൽ നിന്നായി 203 കത്തോലിക് ചാപ്ലയിന്മാരും ഇതിൽ സംബന്ധിക്കുകയുണ്ടായി.

## വി. കൊച്ചുത്രേസ്യായുടെ ചരമഷഷ്ട്യബ്ദപൂർത്തി

സെപ്തംബർ 29-ാംതീയതിയാണു് വിശുദ്ധകൊച്ചുത്രേസ്യാ മരിച്ചിട്ടു് 60 കൊല്ലം തികഞ്ഞതു. കർമ്മലീത്താസംഘത്തിൻെറ കമർലെങ്കോയും, ഹോളി ഓഫീസ് തിരുസംഘത്തിൻെറ പ്രോസിക്രട്ടറിയുമായ അത്യുന്നതകർദ്ദിനാൾ ഒട്ടാവിയാനി തിരുമനസ്സുകൊണ്ടാണു് തിരുകർമ്മങ്ങളിൽ ആദ്ധ്യക്ഷം വഹിച്ചതു്.

## നിഗ്രോ വൈദികൻ യൂറോപ്യൻസമിതിയിൽ

റുവാന്താ ഉറുന്തി എന്ന ഒരു നീഗ്രോ വൈദികനെ യൂറോപ്യൻ രാജ്യങ്ങളുടെ ഐക്യത്തിനും സഹകരണത്തിനുംവേണ്ടി നടത്തപ്പെടുന്ന യൂറോപ്യൻ സമിതിയിലെ ഒരു പ്രതിനിധിയായി തിരിഞ്ഞെടുത്തിരിക്കുന്നു. ഫ്രാൻസിലെ സ്ട്രാൻസ്ബർഗ് എന്ന സ്ഥലത്തു് 1949-ൽ ആരംഭിച്ച ഈ സമിതിയിൽ യൂറോപ്യൻ രാജ്യങ്ങളുടെ 15 പ്രതിനിധികളാണാകെയുള്ളതു്.

## ഫിലിപ്പൈൻസിലെ ലീജിയൻ ഓഫ് മേരി

കഴിഞ്ഞ വർഷത്തിൽ വടക്കേ ഫിലിപ്പൈൻസിലെ 50,000-ൽ പരം കുട്ടികൾ അവിടത്തെ ലീജിയൻ ഓഫ് മേരി പ്രവർത്തകരിൽനിന്നും വേദോപദേശം സ്വീകരിക്കുകയുണ്ടായതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ഫിലിപ്പൈൻസിലെ ലീജിയൻ സംഘടന വടക്കും തെക്കും രണ്ടു സെനാത്തുസുകളായി വിഭജിക്കപ്പെട്ടിരിക്കയാണു്. ഇതിൽ വടക്കൻ സെനാത്തുസിൻെറ റിപ്പോർട്ടാണിപ്പോൾ പ്രസിദ്ധീകൃതമായിരിക്കുന്നതു്. 22,438 പ്രവർത്തകാംഗങ്ങളും 63,205 സഹായകാംഗങ്ങളുമുൾക്കൊള്ളുന്ന പ്രസ്തുത സെനാത്തുസ് 1956-ൽ 1,50,000 വീടുകൾ സന്ദർശിക്കുകയും 13,491 ശിശുക്കളുടെ ജ്ഞാനസ്നാനത്തിൽ സഹകരിക്കുകയും 17000 നാമമാത്രകത്തോലിക്കരെ യഥാർത്ഥ കത്തോലിക്കാ ജീവിതത്തിലേക്കു തിരിച്ചു കൊണ്ടുവരികയും ചെയ്തിട്ടുണ്ടു്.

—o—

## ഗവ: നിയന്ത്രണം വിദ്യാഭ്യാസരംഗത്തിൽ അപകടകരം

ഗവൺമെൻറുനിയന്ത്രണത്തിലമർന്നിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായം സ്വാതന്ത്ര്യചിന്തയെ നശിപ്പിച്ചുകളയുമെന്നു് കഴിഞ്ഞയാഴ്ചത്തെ ഭൂദാനവാരികയിലെഴുതിയ ഒരു ലേഖനത്തിൽ ആചാര്യവിനോബാഭാവെ അഭിപ്രായപ്പെട്ടിരിക്കുന്നു.

ആചാര്യവിനോബാഭാവെ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ അസംതൃപ്തനാണു്. ബുദ്ധിപരമായ സത്യസന്ധതയ്ക്കും സ്വാതന്ത്ര്യത്തിനും ഈ സമ്പ്രദായം ഉപകരിക്കുന്നില്ലെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. ആത്മവിശ്വാസവും വിനയവും ഈ സമ്പ്രദായം നശിപ്പിച്ചിരിക്കുകയാണു്. കുട്ടികളുടെ മനസ്സിനെ ഒരു പ്രത്യേകവിധത്തിൽ രൂപപ്പെടുത്താൻ വിദ്യാഭ്യാസത്തെ ഉപയോഗിക്കുന്നതു് അപകടകരമാണെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി. അധികാരം ഏതാനും വ്യക്തികളുടെ കൈയിൽ കേന്ദ്രീകരിക്കാൻ ഇതാണു കാരണം. ലോകത്തെത്തന്നെ നശിപ്പിക്കാൻപോരുന്ന അധികാരമുണ്ടു് ഈ ആളുകൾക്കു്. നേതാക്കന്മാർ ദൈവങ്ങളല്ല. അവർക്കു തെററുകൾ പററും. മഹാന്മാരായ നേതാക്കൾ പ്രമുഖസ്ഥാനത്തേക്കുയരുന്നു. അപ്പോൾ സമന്മാരെന്ന നിലയ്ക്കു സംസാരിക്കാൻ കഴിവുള്ളവർ മന്ത്രിസഭയിലുമുണ്ടാവില്ല. ജനാധിപത്യം എല്ലാവർക്കും ഓരോ വോട്ടാണു് അനുവദിച്ചിട്ടുള്ളതു്. സ്വതന്ത്രമായി തീർപ്പെടുക്കാൻ ഓരോരുത്തർക്കും കഴിവുണ്ടെന്നാണു് ഇതിൻെറ അർത്ഥം. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ സ്വതന്ത്രചിന്തയ്ക്കു സ്ഥാനമില്ല. വിദ്യാഭ്യാസം സ്വതന്ത്രമായാൽ മാത്രമേ ചിന്താസ്വാതന്ത്ര്യം ഉണ്ടാവൂ.

ഇന്ത്യയുടെ പുരാതനസംസ്കാരത്തിൽ വിദ്യാഭ്യാസം ഗവൺമെൻറിൻെറ ചുമതലയിലായിരുന്നില്ലെന്നു് ആചാര്യഭാവെ പറഞ്ഞു. എന്നാൽ ഇന്നു സ്ഥിതിക്കു മാററം വന്നിട്ടുണ്ടു്. ലോകമൊട്ടുക്കും വിദ്യാഭ്യാസം ഇപ്പോൾ ഗവൺമെൻറു് നിയന്ത്രണത്തിലായിരിക്കുന്നു. ടെക്സ്റ്റ്ബുക്കുകൾ തയ്യാറാക്കുന്നതു ഗവൺമെൻറാണു്; വിദ്യാർത്ഥികളുടെ മനസ്സിനെ തങ്ങളുടെ വിശ്വാസത്തിനൊത്തു അവർ കരുപ്പിടിപ്പിക്കുന്നു.



കോട്ടയം രൂപതയിൽനിന്നും ജബൽപൂർ രൂപതയ്ക്കുവേണ്ടി റാഞ്ചി മേജർസെമ്മിനാരിയിൽ പഠിച്ചുകൊണ്ടിരുന്ന ബ്രദർ ചാക്കോ കുടിലിൽ കല്ലാ സെപ്തംബർ 26 ാംനു- റോമിൽ ഉപരിപഠനത്തിനായി കൊച്ചിൻ ഹാർബറിൽനിന്നും സിഡ്നി എന്ന കപ്പലിൽ യാത്ര പുറപ്പെട്ടിരിക്കുന്നു.

## കേരളവാർത്തകൾ

എറണാകുളം നഗരത്തിൽ യാചന നിരോധിക്കുവാനും യാചകർക്കു് ഒരു പ്രത്യേകസങ്കേതത്തിൽ സംരക്ഷണം നല്കുവാനും എറണാകുളം മുനിസിപ്പാലിററി തീരുമാനിച്ചിരിക്കുന്നു. ഇപ്പോൾ പൊന്നുരുന്നിയിൽ ഗവൺമെണ്ടു നേരിട്ടുനടത്തുന്ന യാചകകേന്ദ്രം ഇതിലേക്കായി നഗരസഭ ഏറെറടുക്കുന്നതും ഗവൺമെൻറിൻെറയും നഗരസഭയുടെയും പൊതുജനങ്ങളുടെയും പ്രതിനിധികളടങ്ങിയ ഒരു കമ്മിററി അതിൻെറ ഭരണംകൈയേൽക്കുന്നതുമാണു്.

—ദേശീയ വികസന പ്രവർത്തനങ്ങളുടെ ഭരണപരമായ ചുമതലയും നിയന്ത്രണാധികാരവും പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നതായി കേരളത്തിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന കേന്ദ്ര വികസനവകുപ്പു മന്ത്രി എസ്. കെ. ഡേ പ്രസ്താവിച്ചിരിക്കുന്നു. കമ്മ്യൂണിററി ഡവലപ്പ്മെൻറ് പ്രവർത്തനങ്ങൾ കേരളത്തിൽ ത്വരമായ പുരോഗതിയേ ഉണ്ടായിട്ടുള്ളുവെന്നു് അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി.

—ഭരണസംബന്ധമായ സൗകര്യത്തെ പുരസ്കരിച്ചു് സംസ്ഥാനത്തെ നാലു പി. ഡബ്ളിയു ഡി പ്ലാനിംഗ് ഡിവിഷനുകളായി ഗവൺമെണ്ടു് വിഭജിച്ചിരിക്കുന്നു. തിരുവനന്തപുരം, ആലുവാ, കോഴിക്കോട്ട്, തലശേരി എന്നിവയായിരിക്കും പ്രസ്തുത ഡിവിഷനുകളുടെ ആസ്ഥാനങ്ങൾ.

— കലാലയവിദ്യാഭ്യാസഡയറക്ടറുടെ ഓഫീസ് സെപ്തംബർ 26-ാം തീയതി മുതൽ വഴുതയ്ക്കാട്ടുള്ള ബ്ളെൻഹിം ബംഗ്ലാവിൽ സ്ഥാപിച്ചു പ്രവർത്തനമാരംഭിച്ചിരിക്കുന്നു.

—എറണാകുളം ലോകോളേജ് ഹോസ്റ്റൽ, തിരുവനന്തപുരം എൻജിനീയറിംഗ് കോളേജ് ഹോസ്റ്റൽ, യൂണിവേഴ്സിററി കോളേജ് ഹോസ്റ്റൽ എന്നിവ ഗവൺമെൻറിൻെറ നേരിട്ടുള്ള നിയന്ത്രണത്തിലാക്കിക്കൊണ്ടും അതതു ഹോസ്റ്റലുകളിലെ നിയന്ത്രണച്ചുമതല അതാതു കോളേജ് പ്രിൻസിപ്പൽമാരെ ഏല്പിച്ചുകൊണ്ടും ഗവൺമെൻറുത്തരവായിരിക്കുന്നു.

— എൻജിനീയറിംഗ് കോളേജ് അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിൽ താഴെ പറയുംവിധം പരിഷ്കരിച്ചിരിക്കുന്നു: പ്രിൻസിപ്പൽ 800—1000 ക. പ്രൊഫസർമാർ 700—900 ക. അസി: പ്രൊഫ: 500—800 ക. ലക്ചറർമാർ 250—800 ക.

—പ്രൈവററ് കാർഉടമസ്ഥർ ടാക്സിപെർമിററില്ലാതെ പ്രൈവററ് ടാക്സി നടത്തിവരുന്ന സമ്പ്രദായം നിശ്ശേഷം നിറുത്തലാക്കുവാൻ കർശനനടപടികൾ സ്വീകരിക്കാൻ ഗവൺമെൻറു തീരുമാനിച്ചിരിക്കുന്നതായറിയുന്നു.

—തിരുവനന്തപുരം ഹൈക്കോടതിബഞ്ചിൽ ഇന്നു നിലവിലിരിക്കുന്ന കേസുകൾ തീരുന്നതോടുകൂടി അവിടത്തെ താല്ക്കാലികബെഞ്ചു് നിറുത്തലാക്കുന്നതാണെന്നു കേരളചീഫ് ജസ്റ്റിസ് വ്യക്തമാക്കിയിരിക്കുന്നു.

—ആലുവായിൽ ആരംഭിക്കുന്ന ഇൻഡ്യയിലെ രണ്ടാമത്തെ ഡി ഡി ടി ഫാക്ടറി പരീക്ഷണാർത്ഥം അടുത്തമാസത്തിൽ ഉല്പാദനമാരംഭിക്കുന്നതാണു്. പ്രതിവർഷം 1400 ടൺ ഡി ഡി ടി ഉല്പാദിപ്പിക്കാൻ കഴിയുന്ന ഈ ഫാക്ടറി അടുത്തവർഷം ആദ്യംമുതൽ പൂർണ്ണമായ തോതിൽ പ്രവർത്തനം നടത്തുന്നതാണു.

## ഇൻഡ്യാ വാർത്തകൾ

ആസ്സാമിലെ നാഗാ ജില്ലയും വടക്കുകിഴക്കൻ അതിർത്തിയിലെ ട്യൂൻസാങ്ങ് ഡിവിഷനും കൂട്ടിച്ചേർത്തു് ഇൻഡ്യാ യൂണിയൻെറ കീഴിൽ ഒരു ഘടകമാക്കാൻ നാഗാനേതാക്കന്മാരും പ്രധാനമന്ത്രി നെഹ്റുവും തമ്മിൽ നടന്ന കൂടിയാലോചനകളുടെ ഫലമായി തീരുമാനിക്കപ്പെട്ടിരിക്കുന്നു. ഇൻഡ്യൻ പ്രസിഡണ്ടിനുവേണ്ടി ആസ്സാം ഗവർണ്ണർ, വിദേശകാര്യവകുപ്പിൻെറ കീഴിൽ പുതിയ ഘടകത്തിൻെറ ഭരണം നിർവഹിക്കുന്നതാണു്.

—ഗോവാ വിമോചനപ്രവർത്തകരായ ദേശീയവാദികളുടെ ഒരു ഒളിപ്പോർസംഘം ഡാമനിൽ വച്ചു് ഒരുപോർട്ടുഗീസുസൈനികജീപ്പാക്രമിച്ചു തകർത്തതിൻെറ ഫലമായി 9 ഭടന്മാർ മരിക്കുകയും 9 പേർക്കു പരിക്കേല്ക്കുകയും ചെയ്തിരിക്കുന്നു.

—വളരെയേറെ ജീവാപായങ്ങൾക്കും മററു നാശനഷ്ടങ്ങൾക്കുമിടയാക്കിയ മധുര, രാമനാട് ഡിസ്ട്രിക്ടിലെ ഹരിജനങ്ങളും മറവരും തമ്മിലുള്ള സമരത്തിൻെറ മൂലകാരണം സാമുദായികവും മതപരവുമായ വൈരമെന്നതിനെക്കാൾ രാഷ്ട്രീയവൈരമാണെന്നു് ആചാര്യ വിനോബഭാവെ അഭിപ്രായപ്പെട്ടിരിക്കുന്നു.

—ഇൻഡ്യൻ നാഷനൽ കോൺഗ്രസിനോടു ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന യൂത്തുകോൺഗ്രസിൻെറ 2-ാംഅഖിലേന്ത്യാ കൺവൻഷൻ ലക്നോവിൽവച്ചു ഒക്ടോബർ 19 മുതൽ 23 വരെ തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

## റോമിലേക്കു്

റവ. ഫാദർ ആൻറണി പുതുശ്ശേരി, റവ. ഫാദർ മാത്യു വെള്ളാങ്കൽ, റവ. ഫാദർ ജോൺ വള്ളമററം, റവ. ഫാദർ ജോർജ്ജ് പൂഞ്ചേക്കുന്നേൽ എന്നീ വൈദികർ ഉപരിപഠനാർത്ഥം "സിഡ്നി" എന്ന കപ്പലിൽ സെപ്റ്റംബർ 26-ാംതീയതി രാത്രി കൊച്ചി തുറമുഖത്തുനിന്നും റോമിലേക്കു യാത്രതിരിച്ചിരിക്കുന്നു.


## ചരമവാർത്തകൾ

**കുന്നമ്മാവു്:** ആനമല, മുരുഗാളി എസ്റ്റേററിലെ ഒരു ബിൽഡിംഗ് കൺട്രാക്ടറായ മി. പി സി ദാനിയേലിൻെറ പിതാവു് പള്ളിപ്പറമ്പിൽ ശവരോ അവർകൾ തൻെറ 81-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു.

**മൂലമ്പിള്ളി:** ഈ ഇടവക പനയ്ക്കൽ ശ്രീ അന്തോണിയുടെ പത്നി ശ്രീമതി മറിയം സെപ്തംബർ 25-ാംനു തൻെറ 85-ാമത്തെ വയസ്സിൽ നിര്യാതയായി. ശവസംസ്കാരം പിറേറദിവസം ഉച്ചതിരിഞ്ഞു 3 മണിക്കു യഥാവിധി നടത്തപ്പെട്ടു.

**പുത്തൻപള്ളി:** ഈ ഇടവക പുളിശ്ശേരി വറീതു കുഞ്ഞുവറീതു സെപ്തംബർ 27-ാംനു നിര്യാതനായി. ശവസംസ്കാരം പിറേറദിവസം വൈകിട്ടു് റവ ഫാദർ എഡ്മണ്ടു് ടി. ഒ. സി. ഡി.യുടെ പ്രധാനകാർമ്മികത്വത്തിലും ഭക്തസമൂഹങ്ങളുടേയും ഒരു വമ്പിച്ച ജനാവലിയുടേയും സഹകരണത്തിലും പുത്തൻപള്ളി പള്ളിസിമത്തേരിയിൽ നടത്തപ്പെട്ടു.

R. I. P.



# ഒരു വലതുപക്ഷ സാഹിത്യമുന്നണി ഉണ്ടാകണം

(ജോസ് വാക്കയിൽപറമ്പിൽ)

"സാഹിത്യം എങ്ങോട്ട്?" എന്ന ശീർഷകത്തിൽ ശ്രീ മത്യു ഉലകംതറ കഴിഞ്ഞ സെപ്റ്റംബർ 6-ാം തീയതിയിലെ ദീപികയിലെഴുതിയിരുന്ന ലേഖനം ശ്രദ്ധാർഹങ്ങളായ പല വസ്തുതകളുമുൾക്കൊള്ളുന്നുണ്ട്. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വരുന്നതിനു് ഇവിടത്തെ സാഹിത്യത്തിൻെറ സ്വാധീനശക്തി വളരെയധികം ഉപയോഗിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണു്. ഒരു വ്യാഴവട്ടക്കാലത്തിനിടയ്ക്കു് മലയാളത്തിലുണ്ടായിട്ടുള്ള മിക്ക സാഹിത്യകൃതികളിലും ഈ കമ്മ്യൂണിസ്റ്റ് പ്രേമം ആധിക്യേന കാണപ്പെടുന്നുണ്ട്. തകഴിയുടെ "രണ്ടിടങ്ങഴി" മുതൽ ഒ എൻ വി കുറുപ്പിൻെറ

"മിന്നുമരിവാളിലാശയുൾ
 ക്കൊള്ളുന്നോ-
രിന്നിൻെറ വേലക്കാരേ .....
..............................
നഷ്ടപ്പെടുവാൻ വിലങ്ങുക
 ൾ....കിട്ടുവാ-
നിദ്ധരയാകമാനം..." എന്നുവരെയുള്ള വരികളിൽ മുഴങ്ങിക്കേൾക്കുന്നതു് ഒരു കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിക്കുവേണ്ടിയുള്ള കുഴൽവിളിയായിരുന്നില്ലെങ്കിൽ മറെറന്താണു്? അശ്ലീലതയുടെ അരങ്ങേററം നിറഞ്ഞ കൃതികളിലൂടെ, മാനമുള്ള മനുഷ്യൻ മനസ്സിൽ വിചാരിക്കുവാൻ മടിക്കുന്ന വൃത്തികേടുകൾ ഭാഷയിലൂടെ പകർത്തി, അതിൻെറ മാദകത്വത്തിലൂടെ മാർക്സിയൻ ചിന്താഗതികൾ സാധാരണക്കാരിൽ കുത്തിവയ്ക്കുവാൻ കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാർ അക്ഷീണയത്നം ചെയ്തുകൊണ്ടിരുന്നപ്പോൾ, സാഹിത്യത്തിൻെറ പ്രചോദനശക്തി വേണ്ടപോലെ മനസ്സിലാക്കാതെയോ, അഥവാ മനസ്സിലാക്കിയെങ്കിൽതന്നെ അതിനനുസൃതമായി നമ്മുടെ കർമ്മപദ്ധതികളെ ആസൂത്രണം ചെയ്യാതെയോ നാം അലസരായിരിക്കുകയായിരുന്നു. ഇവിടത്തെ സാഹിത്യലോകത്തു കടന്നുകൂടിയ പരിവത്തനങ്ങളൊന്നും കാണാതെ, സാഹിത്യം തലകുത്തിമറിഞ്ഞാലും തലയിൽ കയറിയിരുന്നു തുള്ളിയാലും ഇവിടെയൊന്നും സംഭവിക്കുവാൻ പോകുന്നില്ലെന്നുള്ള അലംഭാവമനോഭാവത്തോടു കൂടി നാം കാലം കഴിച്ചുകൂട്ടുകയായിരുന്നു. അതിൻെറ ഫലമോ, റഷ്യൻ മോഡലിലുള്ള സാഹിത്യം ഇവിടെ കരുപ്പിടിപ്പിച്ചു് നമ്മുടെ സാഹിത്യത്തെ ബോൾഷെവിക്കു് റഷ്യയ്ക്കു തീറുകൊടുത്തതുപോലെയുള്ള പരിണാമങ്ങളും...!

ആധുനിക മലയാളസാഹിത്യത്തിൻെറ ദാരുണസ്ഥിതി സുബോധമുള്ള ആരെയും അമ്പരപ്പിക്കുകതന്നെ ചെയ്യും. പുരോഗമനത്തിൻെറ പേരിൽ ഇവിടത്തെ ചില സാഹിത്യകാരന്മാർ കാട്ടിക്കൂട്ടുന്ന വൃത്തികേടുകൾ അചിന്ത്യങ്ങളാണു്. നമ്മുടെ സാഹിത്യത്തെ എങ്ങോട്ടാണീ റഷ്യൻ പ്രേമികൾ കൊണ്ടുപോകുന്നതെന്നറിഞ്ഞുകൂടാ. മക്കടത്തിൻെറ കൈയിൽ കിട്ടിയ മലർമാല്യം പോലെയായിട്ടുണ്ടു് ഇവിടത്തെ ചില സാഹിത്യകാരന്മാരുടെ കുത്തകയായിക്കഴിഞ്ഞിരിക്കുന്ന നമ്മുടെ സാഹിത്യത്തിൻെറ നില പാടു്.

ലോകസാഹിത്യത്തറവാട്ടിൽ സംഭവിച്ച പുതുക്കിപ്പണിയലിൻെറ ഫലമായി നമ്മുടെ സാഹിത്യത്തിലും ചില പരിവത്തനങ്ങൾ ദൃശ്യമായി. ക്ലാസ്സിസത്തെയും റൊമാൻറിസത്തെയും പിന്നിട്ടുകൊണ്ടു് "പുരോഗമനസാഹിത്യ"മെന്ന പേരിൽ വിശ്വസാഹിത്യം വളന്നുകഴിഞ്ഞപ്പോൾ അതിൻെറ നിഴൽപ്പാടുകൾ നമ്മുടെ സാഹിത്യത്തിലും പ്രതിഫലിച്ചു. ഇവിടെയും പുരോഗമനസാഹിത്യപ്രസ്ഥാനം ഉടലെടുത്തു. അതിലാക്ഷേപം എതിരുണ്ടായിരുന്നില്ല. പക്ഷേ പുരോഗമനത്തിൻെറ പേരിൽ ഇവിടത്തെ ചില സാഹിത്യകാരന്മാർ നമ്മുടെ സാഹിത്യത്തെ കുത്തകയ്ക്കു പിടിച്ചതോടുകൂടി സംഗതികൾ വഷളായിത്തീന്നു. അതുവരെ വളന്നുകൊണ്ടിരുന്ന മലയാളസാഹിത്യം അതോടുകൂടികുമ്പടഞ്ഞു. പുരോഗമനത്തിൻെറ പേരിൽ എന്തും എഴുതാമെന്നും എന്തും പറയാമെന്നുമുള്ള നില വന്നുചേന്നു. ദൈവവും മതവും സന്മാർഗ്ഗവുമെല്ലാം പിൻതിരിപ്പനായി. ദൈവവിശ്വാസികളും മതവിശ്വാസികളുമെല്ലാം അവഹേളനാപാത്രങ്ങളുമായി. തങ്ങളുടെ അഭീഷ്ടാനുസരണം എഴുതപ്പെടാത്ത കൃതികളൊന്നും സാഹിത്യസൃഷ്ടികളേ അല്ലെന്നായി അവരുടെ വയ്പ്. ഇവിടത്തെ കലാസൃഷ്ടികളുടെ മൂല്യം നിശ്ചയിക്കുന്നതിനുള്ള സ്ഥിരാവകാശം ചില സാഹിത്യകാരന്മാരും മുദ്രാലയക്കാരും ഏറെറടുത്തിരിക്കുകയാണു്. അവക്കിഷ്ടപ്പെടാത്ത കൃതികളെയെല്ലാം പിൻതിരിപ്പനായും അവയുടെ കത്താക്കളെ പഴഞ്ചന്മാരായും മുദ്രകുത്തി കലാകമ്പോളത്തിൽനിന്നവരെ പുറംതള്ളുവാനാണു ഭാവം.



**For Favours Received**
Excuse delay
By Lily P. Alapatt

ഇവിടത്തെ സാഹിത്യകാരന്മാരുടെ മനസ്സാക്ഷിപാപ്പരത്വത്തിനും, വൈതാളികത്വത്തിനും ഉത്തമദൃഷ്ടാന്തമാണു് കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടിൻെറ വിദ്യാഭ്യാസബില്ലിനെ അനുകൂലിച്ചുകൊണ്ടുള്ള ആ പത്തു സാഹിത്യകാരന്മാരുടെ പ്രസ്താവന. പക്ഷേ വിദ്യാഭ്യാസബില്ലിനെ നഖശിഖാന്തമെതിക്കുന്ന പത്തല്ല പരശതം സാഹിത്യകാരന്മാരും ബുദ്ധിജീവികളും ഇവിടെയുണ്ടെന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയും അവക്കുവേണ്ടി മനസ്സാക്ഷി പണയപ്പെടുത്തിയിരിക്കുന്ന സാഹിത്യകാരന്മാരും മനസ്സിലാക്കിയാൽ കൊള്ളാം.

പുരോഗമനസാഹിത്യം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കളിത്തട്ടമാത്രമാണെന്നു് ഇവിടത്തെ പേരെടുത്ത ചില സാഹിത്യകാരന്മാർ ആവത്തിച്ചാവത്തിച്ചു പ്രസ്താവിച്ചിട്ടുണ്ടു്. ശ്രീ നാഗവള്ളിയുടെ വാക്കുകൾ ശ്രദ്ധിക്കുക: "പുരോഗമനസാഹിത്യകാരൻ കമ്മ്യൂണിസത്തിൻെറ മൗലികമായ ചില സിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്നുണ്ടെന്നുള്ള പരമാർത്ഥം ഉറക്കെ വിളിച്ചുപറയുവാൻ ഞങ്ങൾക്കു മടിയില്ല." മറെറാരു പുരോഗമന സാഹിത്യാചാര്യനായ ചങ്ങമ്പുഴ പറയുന്നു: "കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കാൻതന്നെയാണു് പുരോഗമനസാഹിത്യമെന്നു വിചാരിക്കുക. എന്താണതിനൊരു കുറവു്?" ശ്രീ ഗുപ്തൻ നായർ: "ഭൗതികവാദത്തിൻെറ സന്താനമായ പുരോഗമന സാഹിത്യകാരനു് ജീവിതത്തിലെ പ്രശ്നങ്ങളെ അപ്രധാനങ്ങളെന്നു പറഞ്ഞു പുറംതള്ളുക സാദ്ധ്യമല്ല ജീവിതം തന്നെ നശ്വരമായിരിക്കുന്ന സ്ഥിതിക്കു അനശ്വരങ്ങളായ ആദ്ധ്യാത്മികമൂല്യങ്ങളെ ആരാഞ്ഞു ക്ലേശിക്കുന്നതിലർത്ഥമില്ല." മാനുഷികാദർശമഹത്വത്തിൽ വിശ്വസിക്കുന്ന ചില മഹാകവികൾ പോലും ഈ അഭിപ്രായം ആവത്തിക്കുന്നതാണത്ഭുതം. ജി പറയുന്നു: "എന്താണു സാഹിത്യത്തിൻെറ മുഖ്യലക്ഷ്യം? മനുഷ്യസമത്വം—ആ സമത്വം സാമ്യവാദാടിസ്ഥാനത്തിലുള്ള ഒരു സാമൂഹ്യവ്യവസ്ഥിതിയിൽ മാത്രമേ ഉള്ളൂവെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. അത്തരമൊരു സാമൂഹ്യവ്യവസ്ഥിതി ഇന്നു റഷ്യയിൽ മാത്രമാണുള്ളതു്"

ഈ അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ നമുക്കു കാണാം, കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളോടു വിയോജിക്കുന്ന ഒരു സാഹിത്യകാരൻെറ നില, ഇന്നത്തെ സാഹിത്യരംഗത്തു വളരെ ദയനീയമാണെന്നു്. അവൻെറ കലാസൃഷ്ടികൾക്കു ഇന്നത്തെ സാഹിത്യക്കമ്പോളത്തിൽ ഒരു താണനിലവാരമേ പ്രതീക്ഷിക്കേണ്ടതുള്ളുവെന്നു്. അത്ഭുതപ്പെടുവാനില്ല. സാഹചര്യങ്ങളുടെ സമ്മദ്ദത്തിനു് അടിയറവു പറഞ്ഞുപോകുന്ന അവൻ ഇടതുപക്ഷ ചേരിയിലേക്കു ചാഞ്ഞുപോകുന്നതിൽ.

എന്താണിതിനൊരു പ്രതിവിധി? ഒരു "വലതുപക്ഷ സാഹിത്യമുന്നണി" കെട്ടിപ്പടുക്കുകതന്നെ. ജനാധിപത്യവാദികളായ, സദാചാരത്തെയും സന്മാർഗ്ഗബോധത്തെയും മാനിക്കുന്ന എല്ലാ കലാകാരന്മാരുടെയും സാഹിത്യാനുഭാവികളുടെയും ഒരു സംഘടനയായിരിക്കണമതു്. ഒരു സാഹിത്യസംഘടനയെന്നതിൽ കവിഞ്ഞു് ഒരു സന്മാർഗ്ഗമുന്നണി കൂടിയായിരിക്കണമതു്. അനുനിമിഷമെന്നോണം ആയിരക്കണക്കിനു പുറത്തിറങ്ങുന്ന ക്ഷുദ്രകൃതികൾക്കു്, സന്മാർഗ്ഗബോധത്തിൻെറ നാരായവേരറുക്കുന്നതും മനുഷ്യമഹത്വത്തിൻെറ അസ്ഥിവാരം തകക്കുന്നതുമായ അശ്ലീലസാഹിത്യ വ്യവസായത്തിനു് ചുട്ടുള്ള ഒരു തിരിച്ചടി തന്നെയായിരിക്കണമതു്. ഉത്തമകൃതികളുടെ നിമ്മാണംവഴി—ഉത്തമസാഹിത്യകാരന്മാക്കു നൽകുന്ന ന്യായമായ പ്രോത്സാഹനം വഴി ഈ ദുഷിച്ച സാഹിത്യത്തിൻെറ കുതിച്ചൊഴുക്കിനെ നാം ചിറകെട്ടി തടഞ്ഞു നിത്തുകതന്നെ വേണം.

ഇതിനു മുൻപു് പലപ്പോഴും ഒരു ജനകീയ സാഹിത്യമുന്നണി കെട്ടിപ്പടുക്കുന്നതിനുള്ള യത്നം പരാജയമടഞ്ഞിട്ടുണ്ടെന്നു വിചാരിച്ചു് നാം ഭഗ്നാശരാകേണ്ടതില്ല. ഈ പതിനൊന്നാം മണിക്കൂറിലെങ്കിലും ഉയന്ന ഉത്തേജനത്തോടുകൂടി നാം പരിശ്രമിക്കുകയാണെങ്കിൽ, ഇവിടത്തെ തലയെടുപ്പുള്ള സാഹിത്യനായകന്മാരും, സമുദായ പരിഷ്കത്താക്കളും അരയും തലയും മുറുക്കി രംഗത്തിറങ്ങുകയാണെങ്കിൽ ഇതു വിജയിക്കുകതന്നെ ചെയ്യും; ഈ മുന്നണി മന്നേറുകതന്നെ ചെയ്യും. ഇവിടത്തെ പേരെടുത്ത സാഹിത്യനായകന്മാരായ ഫാ. സി കെ മററം, ഫാ. ജോൺ. ഒക്കംമ്പ' നടുവത്തുശേരി, ശ്രീ ഐ സി ചാക്കോ മുതലായവർ ഈ പ്രസ്ഥാനത്തിനു നേതൃത്വവും മാർഗ്ഗനിർദ്ദേശവും നൽകട്ടെ. ഉയരുന്ന തലമുറയ്ക്കു് ഉണർവും ഉത്തേജനവും പകന്നുകൊടുക്കേണ്ടതു് ഈ പണ്ഡിതവൃദ്ധന്മാരാണു്. കത്തോലിക്കാ കോൺഗ്രസ് മുതലായ സാമുദായിക സംഘടനകൾ ഇതിനു താങ്ങും തണലുമായി വത്തിക്കണം. ഈശ്വരവിശ്വാസവും സന്മാർഗ്ഗബോധവുമുള്ള എല്ലാ ജനവിഭാഗങ്ങളും ഇതിനെ വളത്തിക്കൊണ്ടുവരുവാൻ ശ്രമിക്കേണ്ടതാണു്.

പൊതുജനങ്ങളിൽനിന്നും സാമുദായികസംഘടനകളിൽനിന്നും സംഭാവനകൾ സ്വീകരിച്ചു് ഈ സംഘടനയുടെ പ്രവത്തനത്തിനു വേണ്ട മൂലധനം കരുപ്പിടിപ്പിക്കാം. കലാലയങ്ങൾക്കും, സ്മാരകസ്തംഭങ്ങൾക്കും, മറെറാഘോഷങ്ങൾക്കും വേണ്ടി ധാരാളം പണം ചിലവാക്കുന്നതിൽ ഒരു പങ്കു് ഇതിനായി നൽകുക അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ലല്ലോ?

ഉത്തമസാഹിത്യകാരന്മാരുടെ മെച്ചപ്പെട്ട കൃതികൾ ന്യായമായ പ്രതിഫലം നൽകി പ്രസിദ്ധപ്പെടുത്തുകയായിരിക്കണം ഈ സംഘടനയുടെ പ്രധാന പ്രവത്തനം. ജനിക്കുവാൻ പോകുന്ന സാഹിത്യമുന്നണിതന്നെ ഇതിൻെറ നേതൃത്വം ഏറെറടുക്കണം കേരളത്തിൽ ഇന്നു് വിജയകരമായി പ്രവത്തിക്കുന്ന പ്രതിമാസഗ്രന്ഥക്ലബ്ബ്, എസ്. എച്ച്. ലീഗ് മുതലായ മുദ്രാലയങ്ങൾ ഇക്കാര്യത്തിൽ നമുക്കു് ഉത്തമമാതൃകകളാണു്. ഇവയുടെ പ്രവത്തനം ഇക്കാര്യത്തിൽ നമുക്കു് മാർഗ്ഗദർശകങ്ങളായിരിക്കണം. ഇവയോടു യോജിച്ചുകൊണ്ടു വേണം നമ്മുടെ മുന്നണി മന്നേറുവാൻ.

സന്മാർഗ്ഗപ്രബോധകങ്ങളും കമ്മ്യൂണിസത്തിൻെറ ഉള്ളുകള്ളികൾ വെളിപ്പെടുത്തുന്ന വയുമായ നോവലുകൾ, ചെറുകഥകൾ, മററു ഗ്രന്ഥങ്ങൾ ആദിയായവ പ്രസിദ്ധീകരിക്കുവാൻ ഈ സംഘടന മുൻകൈയെടുത്തു പ്രവത്തിക്കണം. അതുപോലെതന്നെ കമ്മ്യൂണിസത്തിൻെറ തനിനിറം വെളിപ്പെടുത്തുന്നവയും അശ്ലീലസ്പർശമില്ലാത്തവയുമായ ഉത്തമനാടകങ്ങൾ രചിപ്പിച്ചു്, സുശിക്ഷിതമായ നാടകസംഘത്തിൻെറ നേതൃത്വത്തിൽ ഇടവകകൾതോറും അരങ്ങേററം നടത്തണം. കഴിവും പ്രാപ്തിയുമുള്ള നാടകകത്താക്കൾ നമുക്കുണ്ടു്; പരിചയവും പാകതയുമുള്ള നടീനടന്മാരുമുണ്ടു്. ശരിയായ പ്രോത്സാഹനത്തിൻെറ അഭാവത്തിൽ അരങ്ങത്തിറങ്ങാതെ അടങ്ങിക്കഴിയുകയാണവർ; കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രചരണോപാധികളിൽ മുഖ്യസ്ഥാനം നാടകങ്ങൾക്കാണെന്നുള്ളതു നാം മറക്കരുതു്. പ്രതിപക്ഷത്തിൻെറ സമരസൂത്രങ്ങളിൽ ഉത്തമമായവയെ സ്വീകരിച്ചുകൊണ്ടു വേണം ഈ പ്രശ്നത്തെ നാം അഭിമുഖീകരിക്കുവാൻ.

ഇടതുപക്ഷ സാഹിത്യകാരന്മാരുടെ അധിക്ഷേപത്തിനും അപഹാസത്തിനും അധികം ഇരയായിട്ടുള്ളതു കത്തോലിക്കാ വൈദികരും, ക. മതസിദ്ധാന്തങ്ങളുമാണു്. ക വൈദികർ ഈ ആക്ഷേപങ്ങൾക്കു് "ഉരുളയ്ക്കുപ്പേരി കൊടുക്കുകയില്ലെന്നുള്ള" സുരക്ഷിതബോധമാണോ നിരുപദ്രവികളായ സാധുക്കളെ ഉപദ്രവിക്കുന്നതിൽ സംസ്കാരശൂന്യരായ ചിലക്കുള്ള പ്രത്യേക സാമത്ഥ്യമാണോ ഇതിനു കാരണമെന്നറിഞ്ഞുകൂടാ. ക. പൗരോഹിത്യത്തിൻെറ അന്തരാദർശ ശുദ്ധിയേയോ, ക. മതസിദ്ധാന്തങ്ങളുടെ ആദർശ വിമോഹനതയേയോ പററി യാതൊന്നും അറിഞ്ഞുകൂടുവാൻ പാടില്ലാത്ത ഇതരമതസ്ഥർ വരെ ഇക്കാര്യത്തിൽ മുൻകൈ എടുത്തു പ്രവത്തിക്കുന്നുണ്ടു്. ഈ അവമതികൾക്കു് ചുട്ടുള്ള തിരിച്ചടി കൊടുക്കേണ്ടതു് ഉയരുന്ന കത്തോലിക്കാ യുവസാഹിത്യകാരന്മാരായിരിക്കണം.

ഇവ ചില വിനീതനിർദ്ദേശങ്ങൾമാത്രം. വിപുലമായ ഒരു പരിപാടി ആസൂത്രണം ചെയ്യുവാൻ പ്രശസ്തമതികളായ സമുദായസ്നേഹികൾക്കു് ഇതു മാർഗ്ഗനിർദ്ദേശം നൽകുമെങ്കിൽ ലേഖകൻ കൃതാത്ഥനാണു്

## വിനോദവീഥി

ഭ്രാന്താശുപത്രി സന്ദർശിച്ച ആരോഗ്യമന്ത്രി ഏതോ സന്ദേശം ആപ്പീസിലറിയിക്കുന്നതിനായി ഫോണിൽ വിളിച്ചു. എക്സ്ചേഞ്ചാപ്പീസിൽ ഡ്യൂട്ടിയിൽനിന്ന യുവതി ഭ്രാന്താശുപത്രിയിൽനിന്നുള്ള വിളിയായതുകൊണ്ടു് പെട്ടെന്നതു ശ്രദ്ധിച്ചില്ല. ക്രുദ്ധനായ മന്ത്രി ഫോണിൽക്കൂടി അലറി:- ഹേ, യുവതി, ആരാണു ഫോണിൽ വിളിക്കുന്നതെന്നു നിങ്ങൾക്കു മനസ്സിലായില്ലേ?

ഓപ്പറേററർ:- ഇല്ല; ആളാരാണെന്നു മനസ്സിലായില്ല. എങ്കിലും എവിടെനിന്നാണു വിളിക്കുന്നതെന്നു മനസ്സിലായി. അതു മതിയല്ലോ.

× × ×

ഭാര്യ:- (ഭത്താവിനോടു്) നിങ്ങളോടു എന്തെങ്കിലും പറഞ്ഞാൽ ഒരു ചെവിയിൽക്കൂടി കടന്നു മറേറ ചെവിയിൽക്കൂടി പോകും. ഞാൻ തോററു! എന്താ ചെയ്യുക?

ഭത്താവു്:- ഞാനും തോററിരിക്കുകയാണു്. നിന്നോടു എന്തെങ്കിലും പറഞ്ഞാൽ അതു രണ്ടു ചെവിയിൽക്കൂടിയും കടന്നു് വായിൽക്കൂടി പുറത്തേക്കുപോകും. എന്താ ചെയ്യുക?

× × ×



"10,000 രൂപയുടെ ഒരു ചെക്കു് ഈ നിമിഷത്തിൽ എഴുതിത്തരാൻ എന്നെക്കൊണ്ടു കഴിയും; അറിയാമോ നിങ്ങൾക്കു്!"

"അതറിയണമെന്നില്ല ആ ചെക്കു മാററി പണം വാങ്ങിത്തരാൻ നിങ്ങൾക്കു് കഴിയുമോ എന്നാണറിയേണ്ടതു്!"

× × ×



"ബസ്സിലിടമില്ല സാർ. റോഡിനു കുറുകെ നിന്നോളൂ, പുറകെ ഒരു കാലി ലോറി വരുന്നുണ്ടു്. അതിൽ പോകാമെന്നോത്തേക്കും!"

കമ്മ്യൂണിസം കുഴൽക്കണ്ണാടിയിൽ

# ക്രൂഷേവിൻെറ നയപ്രഖ്യാപനം

(നിരീക്ഷകൻ)

കഴിഞ്ഞ ജൂൺ മാസത്തിലെ കമ്മ്യൂ: സെൻട്രൽ കമ്മിററി പ്ലീനത്തിൽ മൊളോട്ടോവു്—കഗനോവിച്ചു്—മലങ്കോവു് ഗ്രൂപ്പ് പരാജയപ്പെടുകയും, അവരെ താക്കീതു ചെയ്തു പുറംതള്ളിയശേഷം ക്രൂഷേവിൻെറ നേതൃത്വത്തിൽ ഒരു പുതിയ സെൻട്രൽ കമ്മിററി പ്രസീഡിയം തിരിഞ്ഞെടുക്കപ്പെടുകയും ഈ പുതിയ ഭരണകൂടം അതിൻെറ നയപ്രഖ്യാപനം നടത്തുകയും ചെയ്തിരുന്നുവല്ലൊ. പ്രസ്തുത നയപരിപാടിയിൽ അടിസ്ഥാനപരമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന തത്വങ്ങൾ:

1) സമാധാനപരമായ സഹവർത്തിത്വാദർശം അഭംഗം തുടരുക; 2) രാജ്യങ്ങൾ തമ്മിലുള്ള സുഹൃൽബന്ധം നിലനിറുത്തുന്നതിനു അങ്ങെ അററം ശ്രമിക്കുക; 3) വ്യവസായത്തിൽ കൂടുതൽ വിദഗ്ദ്ധമായ നേതൃത്വം നൽകുക; 4) കൃഷി വികസിപ്പിക്കുക, പ്രത്യേകിച്ചും ഭക്ഷ്യോല്പന്നങ്ങൾ; 5) യൂണിയനിലെ റിപ്പബ്ലിക്കുകൾക്കു വിപുലമായ അവകാശങ്ങൾ നൽകുക; 6) ദേശീയ സംസ്കാരത്തിനു കൂടുതൽ പ്രോത്സാഹനം കൊടുക്കുക; 7) പൊതുജനങ്ങളുടെ സംരംഭങ്ങളെ വികസിപ്പിക്കുന്നതിനു എല്ലാ വിധത്തിലും സഹായിക്കുക, മുതലായവയാണു് (പ്രവ്ദാ: 4 ജൂലൈ 1957)

ക്രൂഷേവും അദ്ദേഹത്തിൻെറ സഹപ്രവർത്തകന്മാരായ പുതിയ പ്രസീഡിയാംഗങ്ങളും ഈ നയപരിപാടികളെ വിശദീകരിച്ചും അതിൻെറ ഗുണഫലങ്ങളെ പ്രകീർത്തിച്ചും ഒരു പ്രസംഗപര്യടനം തന്നെ അന്നുമുതൽ നടത്തിക്കൊണ്ടിരിക്കുകയാണു്. സാർവ്വദേശീയമായ അസ്വസ്ഥതാവസ്ഥയെ അതു നിവാരണം ചെയ്യുമെന്നും, തൊഴിലാളികളുടെ ജീവിതസൗകര്യങ്ങളെ അതു വിപുലമാക്കുമെന്നും ദേശീയമായ പദ്ധതികളിൽ പൗരസഞ്ചയത്തിനു ധാരാളം സ്വാതന്ത്ര്യം ലഭിക്കുമെന്നുമെല്ലാം അവർ പ്രസംഗിക്കുന്നു. ഒരു രാഷ്ട്രീയനയത്തിൻെറ ഗുണാഗുണങ്ങളെപ്പററി ഖണ്ഡിതമായ അഭിപ്രായം പ്രായുന്നതിനു് മൂന്നുമാസക്കാലത്തെ അതിൻെറ പ്രവത്തനചരിത്രം ഒട്ടും മതിയാകാത്തതാണെങ്കിലും, അതിൻെറ പ്രവത്തനരീതിയെപ്പററി നിരീക്ഷണം നടത്തുന്നതിനും അഭിപ്രായം രൂപവൽക്കരിക്കുന്നതിനും ഇത്രയും കാലദൈർഘ്യം ധാരാളം മതിയാകുമെന്നു പറയാം.

റഷ്യയിൽ നടന്ന പുതിയ പരിവത്തനം എന്തായിരുന്നു എന്നു കഴിഞ്ഞ ലേഖനത്തിൽ വിശദീകരിച്ചിരുന്നല്ലോ. മൊളോട്ടോവും ക്രൂഷേവും തമ്മിൽ ഉണ്ടായ അകൽച്ചയ്ക്കു പ്രമുഖമായ കാരണം അവർ തമ്മിൽ നിലനിന്നുപോന്ന വിദേശനയത്തെ സംബന്ധിച്ച ആശയവ്യത്യാസമായിരുന്നു. ക്രൂഷേവിൻെറ നയത്തോടാണു് ജൂൺ പ്ലീനം യോജിച്ചതു്. ഉദ്ദേശം രണ്ടു കൊല്ലക്കാലമായി, ഗവമ്മെണ്ടിൻെറ സൈനികകേന്ദ്രീകരണത്തിലൂടെയുള്ള രാഷ്ട്രീയ വികസനാദർശത്തെ ക്രൂഷേവു് എതിർക്കുവാൻ തുടങ്ങിയിട്ടു്. ഈ നയം ആത്മഹത്യാപരമാണെന്നായിരുന്നു അദ്ദേഹത്തിൻെറ വാദം. 1951 മുതൽ 1953 വരെ ഈ നയം ഇറാനിൽ പ്രയോഗിച്ചതു് ഒരു ഭീമപരാജയമായി. അവിടെ മൊസ്സാഡെക്കിൻെറ ഗവമ്മെണ്ടു് ഈ നയത്തെ പിന്താങ്ങിയതുകൊണ്ടു് പാശ്ചാത്യശക്തികളുടെ സഹായം നഷ്ടപ്പെടുകയും തന്മൂലം സംജാതമായ സാമ്പത്തികതകച്ച ഗവമ്മെണ്ടിനെതിരായ വിപ്ലവത്തിൽ കലാശിക്കുകയും, അങ്ങനെ റഷ്യക്കു ഇറാനിൽ വളരെ എളുപ്പത്തിൽ കൈവന്നിരുന്ന പ്രാബല്യം പാടെ നഷ്ടപ്പെടുകയും ചെയ്തു. ഈജിപ്തിലും ഏതാണ്ടിതുപോലെ സംഭവിച്ചു. പശ്ചിമയൂറോപ്പിലേക്കുള്ള വികസനശ്രമങ്ങളിലും ഫലം മററുതരത്തിലായിരുന്നില്ല. ഈ അനുഭവങ്ങളെല്ലാം വേണ്ടവിധത്തിൽ മനസ്സിലാക്കിക്കൊണ്ടാണു് പുതിയ നയവ്യതിയാനത്തിനു റഷ്യ സന്നദ്ധമായിരിക്കുന്നതു്. സൈനിക-രാഷ്ട്രീയ വികസനത്തിനു പകരം സാമ്പത്തിക വികസനരീതിയിലേക്കു റഷ്യൻ നയം മാറിയിരിക്കുന്നു.

കഴിഞ്ഞ രണ്ടുകൊല്ലത്തെ കണക്കനുസരിച്ചു സോവ്യററു് യൂണിയൻ നിഷ്പക്ഷരാജ്യങ്ങൾക്കു കടം കൊടുത്തിട്ടുള്ള തുക 78 കോടിയിൽ പരം ഡോളറാണു്. അതിൽ സിറിയായ്ക്കു സൈനികസഹായം കൊടുത്തതു് 24 കോടി ഡോളറുണ്ടു്. കൂടാതെ 14 കോടി കൂടി സാമ്പത്തികസഹായമായി കൊടുക്കാമെന്നു വാഗ്ദാനം ചെയ്തിട്ടുമുണ്ടു്. ഇതുപോലെ അറബി രാജ്യങ്ങളിലേക്കും ആയുധോപകരണങ്ങളായും സാമ്പത്തികസഹായങ്ങളായും പ്രവഹിച്ചുകൊണ്ടിരിക്കുന്ന വൻതുകകൾ രാഷ്ട്രീയാന്തരീക്ഷത്തിലെ സംഘർഷാവസ്ഥയെ ഒന്നിനൊന്നു വർദ്ധിപ്പിക്കുന്നതല്ലാതെ കുറയ്ക്കുന്നില്ല. സോവ്യററു യൂണിയൻെറ ഈ ഭാരിച്ച വിദേശനയത്തെയാണു് ക്രൂഷേവും അനുയായികളും ഉയത്തിക്കാണിച്ചതു്. വിദേശശക്തികളോടുള്ള വൈരമനോഭാവത്തിൽ ക്രൂഷേവിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിൻെറ മുൻഗാമികളുടേതിൽനിന്നു യാതൊരു വ്യത്യാസവുമുണ്ടെന്നു പറഞ്ഞുകൂടാ. അതിനുവേണ്ടി സോവ്യററുയൂണിയൻെറ പണം വളരെയധികം ചിലവാക്കുന്നതിൽ മാത്രമാണു് അദ്ദേഹത്തിനു അഭിപ്രായവ്യത്യാസം. ചിലവു കുറഞ്ഞ മാർഗ്ഗങ്ങളിൽക്കൂടി കാര്യം നേടുന്നതിൻ അദ്ദേഹം അഭിലഷിക്കുന്നു എന്നുമാത്രം. റഷ്യയിലെ ജനങ്ങൾ വളരെ അരിഷ്ടതയിൽ ജീവിച്ചു് ഗവമ്മെണ്ടിനുവേണ്ടി സമ്പാദിക്കുന്ന പൊതുമുതൽ അന്യരാജ്യങ്ങൾക്കുവേണ്ടി നിഷ്ഫലമായി ചിലവാക്കുന്നു എന്നു വരുന്നതു് അവരെ പ്രക്ഷോഭിപ്പിക്കുന്നതിനുള്ള അവസരമാകുമല്ലൊ.

റഷ്യയിലെ ജനങ്ങൾ സാമ്പത്തികമായി അനുഭവിച്ചുപോരുന്ന ക്ലേശങ്ങൾ ദാരുണങ്ങളാണു്. യുക്രെയിനിൽനിന്നു ഒരു ലേഖകൻ എഴുതുന്നു: “കെർസൻ ഷെവുച്ചെങ്കോപട്ടണത്തിൽ രണ്ടു വിറകുഡിപ്പോകളാണുള്ളതു്. ഒന്നു സംഘടനകൾക്കും സ്ഥാപനങ്ങൾക്കും വിറകു സപ്ലൈചെയ്യുന്നു. മറേറതിൽനിന്നു് വിറകു ലഭിക്കണമെങ്കിൽ ഉപഭോക്താക്കളുടെ സഹകരണസംഘത്തിനു മുട്ടകൾ വിററിരിക്കണം. ഞാൻ രണ്ടാം ലോകമഹായുദ്ധത്തിലെ ഒരു വിമുക്തഭടനാണു്. ഞാനും എൻെറ ഭാര്യയും തൊഴിലാളികളാണു്. ഞങ്ങൾക്കു കോഴിവളത്തലില്ല. തന്മൂലം ഞങ്ങൾ വിറകിനുവേണ്ടി മുട്ടകൾ വിലയ്ക്കു വാങ്ങിച്ചു അവയെ സഹകരണസംഘത്തിൽ വിററു് രശീതു വാങ്ങിക്കേണ്ടിവരുന്നു.” (Radyanka Ukraina 3 സെപ്തംബർ 1957) കഴിഞ്ഞ വേനൽക്കാലത്തു റഷ്യ സന്ദർശിച്ച അമേരിക്കൻ പ്രൊഫസർ ജോൺ റെഷെററാർ ഒരനുഭവം വിവരിക്കുന്നു. റഷ്യയിൽ മുഴുവനും പച്ചക്കറിയിനങ്ങൾ സപ്ലൈചെയ്യുന്ന ക്രിമിയായിലും കാക്കസസ്സിലും നല്ല പച്ചക്കറിസാമാനങ്ങൾ വാങ്ങിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. കാർക്കോവിൽ ചെറിപ്പഴങ്ങൾ വാങ്ങുന്നതിനു വളരെ നീളത്തിൽ ജനങ്ങൾ ക്യൂ നില്ക്കുന്നതദ്ദേഹം കണ്ടു. മോസ്കോയിൽ മധുരനാരങ്ങ വില്പനയ്ക്കു വച്ചിരിക്കുന്നതദ്ദേഹം കാണുവാനിടയായി. പക്ഷെ വില ഒരെണ്ണത്തിനു 15 റൂബിൾസാണു്. ഒരു തൊഴിലാളിക്കു മോസ്കോയിൽ പ്രതിമാസം ശരാശരി വരവു് 500 മുതൽ 600 വരെ റൂബിൾസാണു്; അതായതു് കൂടിയാൽ ഒരു മാസത്തെ സമ്പാദ്യംകൊണ്ടു് 40 മധുരനാരങ്ങ വാങ്ങാം. (Ukrainsky Visty-8 സെപ്തംബർ 1957)

റഷ്യയിൽ ജനങ്ങളുടെ ദയനീയമായ ഈ കഷ്ടസ്ഥിതിക്കു കാരണം റഷ്യൻ പണമെല്ലാം മററു രാജ്യങ്ങളിലേക്കു ആയുധസാമഗ്രികളായുംമററും ചോർന്നുപോകുന്നു എന്നുള്ളതാണല്ലോ. ഈ നില തുടർന്നുപോകണമെങ്കിൽ നിർദ്ദാക്ഷിണ്യമായ സ്വേച്ഛാധിപത്യഭരണരീതി കൂടാതെ സാദ്ധ്യമല്ല എന്നും എല്ലാവർക്കുമറിയാം. അതുകൊണ്ടാണു് ക്രൂഷേവിൻെറ അല്പം മയമുള്ളതായ നയപ്രഖ്യാപനത്തിനു ശക്തിയായ പിന്തുണ ലഭിക്കുവാനിടയായതു്. ക്രൂഷേവിൻെറ നയപ്രഖ്യാപനത്തിൽ കാണുന്ന അല്പസ്വല്പമയപ്പെടലിനുകാരണം ജനങ്ങളുടെ ഭാഗത്തുനിന്നുള്ള ശക്തിയായ സമ്മർദ്ദമാണെന്നുള്ളതും അനുസ്മരിക്കണം. വ്യവസായം സംബന്ധിച്ച വികേന്ദ്രീകരണനടപടികളും, റിപ്പബ്ലിക്കുകൾക്കു അതതിൻെറ ദേശീയഭാഷയിൽ പ്രസിദ്ധീകരണങ്ങൾക്കു കൊടുത്തിട്ടുള്ള പരിമിതാനുവാദങ്ങളും മററും താങ്ങാനാവാത്ത സമ്മർദ്ദംകൊണ്ടു നൽകപ്പെട്ടിട്ടുള്ളവയാണു്. ചുരുക്കത്തിൽ ക്രൂഷേവിൻെറ നയപരിപാടികൾ തല്ക്കാലത്തെ സാഹചര്യങ്ങളിൽ നിവൃത്തിയില്ലാത്തതുകൊണ്ടു് വിട്ടുകൊടുക്കപ്പെട്ടിട്ടുള്ള ഏതാനും ചില ജനകീയാഭിലാഷങ്ങളിലുള്ള ഒരു ഒത്തുതീർപ്പാണെന്നു വേണം പറയുവാൻ. അതെത്രകാലം പുലരുമെന്നു കണ്ടറിയണം. ജനകീയാഭിലാഷങ്ങൾ ചിറകെട്ടി നിയന്ത്രിക്കപ്പെടുവാൻ രാഷ്ട്രശക്തികൾ ചെയ്യുന്ന ശ്രമങ്ങൾ കാലാന്തരത്തിൽ പൊട്ടിത്തകർന്നുപോകുക അപവാദമില്ലാത്ത നിയമമാണു്. ക്രൂഷേവിൻെറ സാഹസികയത്നങ്ങളുടേയും ഫലം മററു തരത്തിലാകാൻ സാദ്ധ്യതയില്ലല്ലോ. ഏതായാലും ഇന്നത്തെ പരിതസ്ഥിതിയിൽ തൻെറ പ്രതിയോഗികളിൽനിന്നും അധികാരം തട്ടിയെടുക്കുന്നതിനു് ഈ നയം മൂലം സാധിച്ചു എന്നുള്ളതു് ഒരു നേട്ടമാണു്. സ്റ്റാലിൻെറ സ്വേച്ഛാധിപത്യപരമായ കേന്ദ്രീകരണപദ്ധതിക്കും “ഏകവ്യക്തിഭരണ”ത്തിനും മാത്രമേ ജനഹിതത്തെ വകവയ്ക്കാതെ മുന്നോട്ടുപോകുവാൻ സാധിക്കുകയുള്ളു. അതിൽനിന്നു വ്യതിചലിച്ചാൽ സാക്ഷാത്തായ ജനകീയഭരണസ്ഥിതിയിൽ വന്നു നില്ക്കണം. ഇതിനു ക്രൂഷേവു് സന്നദ്ധനാകുമോ?

Chakolas SILK HOUSE
TRICHUR-ERNAKULAM
കല്യാണ സാരികൾ
ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.
EP

ലീജിയൻ പംക്തി

# നമ്മുടെ ഹാൻഡ്ബുക്ക്




ലീജിയൻെറ വിജയത്തിനുള്ള കാരണം അതിൻെറ അരൂപിയാണു്. ഈ അരൂപി ലീജിയൻെറ ഹാൻഡ്ബുക്കിൽ പ്രതിഷ്ഠാപിതമായിരിക്കുന്നു.

നമ്മുടെ ഹാൻഡ്ബുക്കിനെ നാം സ്നേഹിക്കുന്നതു് അതു നമ്മുടെ ഭരണഘടനയും നിയമാവലിയുമായതുകൊണ്ടത്രെ. ഹാൻഡ്ബുക്കു് ലീജിയൻ എന്താണെന്നും. അതിൻെറ അരൂപി എന്താണെന്നും അതിൻെറ പ്രവത്തനരീതി എന്താണെന്നും നമ്മെ പഠിപ്പിക്കുന്നു ഇതരസംഘടനകളിൽനിന്നും എങ്ങനെ വ്യത്യസ്തമാണു് ലീജിയനെന്നും അതു നമുക്കു കാണിച്ചുതരുന്നു. ഉത്തമസൈനികരാകാനുള്ള മാർഗ്ഗങ്ങൾ അതു നമുക്കു നിർദ്ദേശിച്ചുതരുന്നു. വിശ്വസ്തതയോടുകൂടി ചട്ടങ്ങളനുസരിച്ചു നടത്തപ്പെട്ടിട്ടുള്ള ലീജിയൻെറ ഒരു ശാഖയും പരാജയപ്പെട്ടിട്ടില്ല.

ലീജിയൻെറ സ്ഥാപകന്മാരെക്കാൾ കൂടുതൽ അറിയാമെന്നു ഭാവിക്കുന്നവർ വിഭിന്നങ്ങളായ ചുററുപാടുകളുടേയും വിശേഷവിധിയായ സാഹചര്യങ്ങളുടേയും തണലിൽ നിബന്ധനകളെ അവഗണിക്കുമ്പോൾ ലീജിയൻെറ നാശത്തിനുള്ള ആപ്പിൻെറ നേത്തവശം അടിച്ചിറക്കുകയാണു ചെയ്യുന്നതു്. ചട്ടങ്ങളുടെ ഏതെങ്കിലും ഒരു ഭാഗം ഉപേക്ഷിക്കുകയോ, രൂപഭേദപ്പെടുത്തുകയോ ചെയ്താൽ അതിൻെറ ക്രമം മുഴുവനും ശിഥിലീകരിക്കപ്പെടുന്ന രീതിയിലാണു് ലീജിയൻ സംഘടിതമായിരിക്കുന്നതു്. ചട്ടങ്ങൾ അറിയാതെ അവയെ സ്നേഹിക്കുക സാദ്ധ്യമല്ല. ചട്ടങ്ങളെ സ്നേഹിക്കാതെ അവയനുസരിച്ചു ജീവിക്കുക സാദ്ധ്യമല്ല. ചട്ടങ്ങൾ അനുസരിച്ചു ജീവിക്കാതെ ഒരുത്തമസൈനികനാകുക സാദ്ധ്യമല്ല.

നാം നമ്മുടെ ഹാൻഡ്ബുക്കിനെ സ്നേഹിക്കുന്നതിനുള്ള വേറൊരു കാരണം അതു നമ്മുടെ ആദ്ധ്യാത്മികപുരോഗതിക്കുള്ള നിർദ്ദേശങ്ങളുടെ നികേതനമായതുകൊണ്ടാണു്. മരിയസൈന്യത്തിൻെറ അരൂപിക്കു് ഒരു പ്രത്യേകതയുണ്ടു്. അതിൻെറ അംഗങ്ങളെ അതു പുണ്യപൂർണ്ണതയിലേക്കു ആനയിക്കുന്നതു് പ്രേഷിതവൃത്തിയിൽ പരിശീലിപ്പിച്ചിട്ടാണു്. വ്യക്തികളുടെ വിശുദ്ധീകരണം ലീജിയൻെറ ലക്ഷ്യം മാത്രമല്ല അതിൻെറ പ്രധാന മാർഗ്ഗംകൂടിയാണു്. നമ്മുടെ ഹാൻഡ്ബുക്കു് നമ്മുടെ നിയമഗ്രന്ഥംമാത്രമല്ല, നമ്മുടെ പ്രാർത്ഥനാപുസ്തകവും ധ്യാനപുസ്തകവുംകൂടിയാണു്. അതിൽ പല പ്രശസ്ത കത്തോലിക്കാഗ്രന്ഥങ്ങളുടേയും തേച്ചുരുക്കം ഉൾപ്പെടുത്തിട്ടുണ്ടു്; വിശേഷിച്ചും പരിശുദ്ധ കന്യകാമറിയത്തെ സംബന്ധിച്ചുള്ളതു്.

നമ്മുടെ ഹാൻഡ്ബുക്കു് പ്രായോഗികപ്രവത്തനങ്ങളുടെ സംഗ്രഹംകൂടിയാണു്. അതു പ്രായോഗികജ്ഞാനംകൊണ്ടു് അലംകൃതമായിരിക്കുന്നു. ലീജിയനിൽ ആദ്യമായുണ്ടായതു് പ്രവത്തനമാണു്, അല്ലാതെ തത്വസംഹിതയല്ല. കൂടെക്കൂടെയുള്ള ചർച്ചകൾകൊണ്ടും പരിചയവിനിമയംകൊണ്ടും പരീക്ഷണംകൊണ്ടും സുധീരമായ മുന്നേററംകൊണ്ടും പണിതെടുത്ത പ്രവത്തനപദ്ധതിയാണു് ലീജിയൻ. വളരെ വ്യത്യസ്തങ്ങളായ ചുററുപാടുകളിലും സാഹചര്യങ്ങളിലും അനേകരാജ്യങ്ങളിൽ പരീക്ഷിച്ചുകണ്ടിട്ടുള്ളതാണു് അതിലെ ഓരോ നിർദ്ദേശവും. അതിൽ അപ്രധാനമായി ഒന്നുംതന്നെയില്ല. ഓരോ റൂളിനും അതിൻെറ ഉദ്ദേശവും വിലയുമുണ്ടു്.

നാം നമ്മുടെ ഹാൻഡ്ബുക്കിനെ സ്നേഹിക്കുന്നതിനുള്ള മറെറാരു കാരണം അതിനോടനുബന്ധപ്പെട്ട കാര്യങ്ങളാണു്. ലീജിയൻെറ ചുരുങ്ങിയ ജീവിതദശയിൽ പല ഘട്ടങ്ങളിൽ അതു ആവശ്യമുള്ള പ്രചോദനവും പ്രേരണയും നൽകിട്ടുണ്ടു് ഒന്നിനു പുറകെ ഒന്നായി അനേകരാജ്യങ്ങൾ ആത്മാക്കൾക്കായുള്ള സമരത്തിൽ പങ്കുകൊണ്ടപ്പോൾ നേതാക്കന്മാർക്കു വഴികാട്ടിയായിരുന്നതു് നമ്മുടെ ഹാൻഡ്ബുക്കല്ലാതെ മറെറാന്നുമല്ല. ആധുനികകാലത്തെ മറേറതു ഗ്രന്ഥത്തെക്കാളും കൂടുതൽ ഭാഷകളിൽ തർജ്ജിമചെയ്യപ്പെട്ടിട്ടുള്ളതും നമ്മുടെ ഹാൻഡ്ബുക്കാണു്. ലോകത്തിൽ വിശ്വാസത്തിൽ ഒഴികെ മററു സർവ്വപ്രകാരത്തിലും വിഭിന്നരായ സൈനികരെ സംയോജിപ്പിക്കുന്നതു നമ്മുടെ ഹാൻഡ്ബുക്കുമാത്രമാണു്.

സർവ്വതിലും ഉപരിയായി നമ്മുടെ ഹാൻഡ്ബുക്കിനെ നാം സ്നേഹിക്കുന്നതു് അതു നമ്മുടെ അമ്മയുടെ നേരെയുള്ള പ്രായോഗികഭക്തിദീപമായതുകൊണ്ടാണു്. നമ്മുടെ അമ്മ കത്തോലിക്കാജീവിതത്തിൻെറ അഭേദ്യഘടകമാണല്ലൊ. ആദ്ധ്യാത്മികജീവിതത്തിൽ നമ്മെ നമ്മുടെ അമ്മയുമായി ഘടിപ്പിക്കുന്നതാണു് ലീജിയൻെറ പ്രത്യേകത. സകല പ്രസാദവരങ്ങളുടേയും നിർച്ചാലായി അതു അമ്മയെ കാണിച്ചുതരുന്നു. ദൈവസഹായംകൂടാതെ വിശുദ്ധതയിലേക്കോ, ആത്മരക്ഷയിലേക്കോ ഒരടിപോലും വയ്ക്കുന്നതിനു നമുക്കു അസാദ്ധ്യമാണെന്നു നമ്മുടെ വിശ്വാസം നമ്മെ പഠിപ്പിക്കുന്നു. സർവ്വഅനുഗ്രഹങ്ങളും അമ്മവഴി നാം ആർജ്ജിക്കേണ്ടിയിരിക്കുന്നു. മറിയംവഴി ക്രിസ്തുവിലേക്കു്.

നമ്മുടെ വാത്സല്യകേരളം ഒരാ പൽഘട്ടത്തിൽ എത്തിയിരിക്കുകയാണു്. പ്രാബല്യം പ്രാപിച്ചുവരുന്ന പൈശാചികശക്തികളോടു സമരംചെയ്യുന്നതിനു് മരിയസൈന്യത്തിൻെറ അണികളെ കൂടുതൽ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. പ്രാർത്ഥനയും ശിക്ഷണവും ആത്മാർത്ഥമായ പ്രവത്തനവും കൊണ്ടുമാത്രമേ സൈനികർക്കു ആവശ്യമുള്ള ശക്തി ലഭ്യമാകയുള്ളു. അതുകൊണ്ടു് നമുക്കു നമ്മുടെ ഹാൻഡ്ബുക്കിനെ സ്നേഹിക്കാം, പഠിക്കാം, തദനുസരണം ജീവിക്കാം. എങ്കിൽ സർവ്വവല്ലഭയായ നമ്മുടെ സേനാനിയുടെ കീഴിൽ നമുക്കു വിജയം നിശ്ചയം. ആവേ മരിയ.

ജെ. എൽ. ലോപ്പസ്,
പ്രസിഡണ്ടു്,
തിരുവനന്തപുരം പ്രസിദിയം

—o—

(2-ാംപേജ് തുടർച്ച)

ണിയെടുക്കുന്നവർ കഴിയണം...? എന്തോ!

എങ്ങും ഇരുളിന്റെ തിരശ്ശീല നിവക്കപ്പെടുകയാണ്. വെംഗ്ലാവിനുള്ളിൽ പ്രകാശത്തിന്റെ ദീപനാളം ഉയർന്നുകഴിഞ്ഞു. അതോടൊപ്പം തൊഴിലാളികളുടെ ഹൃദയസാമ്രാജ്യത്തിലും.

നേതാവു പുഞ്ചിരിയോടുകൂടി പുറത്തേക്കുവന്നു. പ്രതീക്ഷകളുടെ കൊടുമുടിയിൽ നില്ക്കുന്ന തൊഴിലാളികൾ മുദ്രാവാക്യം മുഴക്കി.

"വിജയംവരെ സമരംചെയ്യും"

"അവകാശങ്ങൾ പിടിച്ചുവാങ്ങും"

"തൊഴിലാളിഐക്യം സിന്ദാബാദ്"

"കരിങ്കാലികളെ ഒററപ്പെടുത്തും"

"ഇൻക്വിലാബ് സിന്ദാബാദ്"

അദ്ദേഹം തൊഴിലാളിസഖാക്കളുടെ അണിയിലേക്കു വന്നു, യുദ്ധത്തിൽ വിജയംവരിച്ച് ചെങ്കോൽ നാട്ടിയ പടത്തലവന്റെ അഭിമാനത്തോടെ.

അദ്ദേഹം ആംഗ്യംകാട്ടി.

തൊഴിലാളികൾ മുദ്രാവാക്യം നിറുത്തി.

നേതാവ് തീരുമാനം വിശദീകരിച്ചു.

"ബോണസ് പത്തുശതമാനം ഉടനെ തരാമെന്നും മററുള്ള നമ്മുടെ അവകാശവാദങ്ങളെക്കുറിച്ച് അടുത്തുതന്നെ ഒരു ത്രികക്ഷിസമ്മേളനം കൂടി തീരുമാനിക്കാമെന്നും മാനേജർ സമ്മതിച്ചിരിക്കുന്നു. അതിനാൽ സമരം നമുക്കു പിൻവലിക്കാം..."

തൊഴിലാളികളുടെ ആഹ്ലാദവും, ഉത്സാഹവും വളരെ വേഗം മാഞ്ഞുപോയി. ജീവച്ഛവങ്ങളെപ്പോലെ നിലകൊണ്ടു.

"എന്താ നിങ്ങളൊന്നും മറുപടി പറയാതെ നിൽക്കുന്നത്?"

നേതാവു സത്യഗ്രഹിയുടെ അടുക്കലേക്കു നീങ്ങി പറഞ്ഞു:

"സഖാവേ, സത്യഗ്രഹം അവസാനിപ്പിക്കുവാൻ യൂണിയൻ തീരുമാനിച്ചിരിക്കുന്നു. അതിനാൽ എഴുന്നേററ് ഈ പാനീയം കുടിക്കൂ"

ദേവസിയുടെ ഹൃദയം പതറി. അയാളുടെ മുഖത്ത് ഒരു കാർമേഘക്കീറ് ഇഴഞ്ഞിഴഞ്ഞുകയറി.

"എഴുന്നേല്ക്കൂ സഖാവേ." നേതാവു വീണ്ടും അഭ്യർത്ഥിച്ചു.

"നേതാവേ, ഈ തീരുമാനം തൊഴിലാളികൾക്കു സ്വീകാര്യമാണെന്ന് അങ്ങു കരുതുന്നോ?"

നേതാവ് അമ്പരന്നുപോയി.

വർഗ്ഗബോധം ഇത്രത്തോളം വളർന്നോ? പാർട്ടിനേതാവിന്റെ മുഖത്തുനോക്കി പറയുവാൻ ഇതേവരെ ആരും മുതിർന്നിട്ടില്ല. പാർട്ടിയുടെ തീരുമാനം എന്തുതന്നെ ആയാലും അതു കണ്ണുമടച്ചു വിഴുങ്ങിക്കൊള്ളണമെന്നുള്ളതാണ് പാർട്ടിയുടെ നിയമം. ആ സ്വേച്ഛാധികാരത്തെ ഇന്ന് ഒരു തൊഴിലാളി ചോദ്യംചെയ്യുന്നുവോ?

അദ്ദേഹം പറഞ്ഞു:

"സഖാവേ, പാർട്ടിപൊളിററിക്സ് അറിയാൻ പാടില്ലേ...? യൂണിയന്റെ തീരുമാനം അനുസരിപ്പാൻ തൊഴിലാളികൾ ബാധ്യസ്ഥരാണ്..."

ദേവസിയുടെ ഹൃദയം നീറി.

"അതിനു ഞങ്ങൾ തയ്യാറില്ലെങ്കിലോ? ദേവസിയുടെ ആ വാക്കുകളിൽ ഒരു ശക്തിയും ഓജസ്സും ഓളംതല്ലുന്നുണ്ടായിരുന്നു

"പാർട്ടിയുടെ തീരുമാനം അന്ത്യമായിട്ടുള്ളതും, അയവില്ലാത്തതുമാണ്. അതു് എല്ലാ കീഴ്ഘടകങ്ങളും സ്വീകരിച്ചേ മതിയാവൂ..."

"ഞങ്ങൾക്ക്— വേലചെയ്യുന്ന ഞങ്ങൾക്കു—സ്വീകരിക്കാൻ മനസ്സില്ലെങ്കിൽ..." ദേവസിയുടെ സ്വരം അല്പം മാറി ഇതു പറയുമ്പോൾ. നേതാവിന്റെ വെളുത്ത മുഖം ചുവന്നു. ആ ചുവന്ന വട്ടക്കണ്ണുകളിൽനിന്നും ഒന്നുരണ്ടു തീപ്പൊരി പറന്നുകന്നു.

"എന്ത്? നിങ്ങൾ ആരോടാണു കളിക്കുന്നതെന്നോർമ്മവേണം. തീക്കട്ടയോടാ. പാർട്ടിയുടെ നയപരിപാടികൾക്കു വിധേയമാകുന്നില്ലെങ്കിൽ നിങ്ങളെ പാർട്ടിയിൽനിന്നും ലിക്വിഡേററുചെയ്യാൻ പാർട്ടി ബാദ്ധ്യസ്ഥമാകും എന്ന സംഗതി സഖാവ് ഓർമ്മിക്കണം."

"അതിൽ എനിക്കു ഭയമില്ല. ഞങ്ങളുടെ അവകാശവാദത്തിന്റെ മറവിൽനിന്നുകൊണ്ട് പാവപ്പെട്ട തൊഴിലാളികളെ ബലിയാടുകളാക്കിക്കൊണ്ട് പാർട്ടിയും നിങ്ങളുംകൂടി മാനേജുമെൻറുമായി ഒത്തുകളി നടത്തുകയാണ്? പക്ഷേ ആ രഹസ്യഒത്തുതീർപ്പ് ഞങ്ങൾക്കു സ്വീകാര്യമല്ല നേതാവേ."

നേതാവു കോപാകുലനായി വീണ്ടും ഗർജ്ജിച്ചു:

"എഴുന്നേൽക്കൂ, നിങ്ങൾ ഒററപ്പെട്ടു. നിങ്ങളെ പാർട്ടിയിൽനിന്നും പുറംതള്ളും. എടുക്കൂ പതാകാ..." അദ്ദേഹം അടുത്തുനിന്ന ഒരു തൊഴിലാളിസുഹൃത്തിനോടാജ്ഞാപിച്ചു.

ആരുംതന്നെ നേതാവിന്റെ അഭിപ്രായം കേട്ടതായി ഭാവിച്ചില്ല. അവർ മൗനമായി അവിടവിടെ കുത്തിയിരുന്നു.

നേതാവു ഇളിഭ്യനായി.

"നിങ്ങളാരും ഈ പതാക എടുക്കുകയില്ലേ?"

"ഇല്ല. തീർച്ചയായും ഇല്ല." തൊഴിലാളികൾ ഒന്നടങ്കം വിളിച്ചുപറഞ്ഞു. നേതാവ് ഇതികർത്തവ്യതാമൂഢനായിത്തീർന്നു. അദ്ദേഹത്തിന്റെ നയനങ്ങളിൽനിന്നും രണ്ടുതുള്ളി കണ്ണുനീർ അടർന്നു താഴെവീണു.

നിശ്ശബ്ദത കളിയാടുന്ന കുറെ നിമിഷങ്ങൾ നീങ്ങുകയാണ്.

അവശനായ സത്യഗ്രഹി എഴുന്നേററു. ക്ഷീണിതനായ അയാളുടെ ഹൃദയം നീറുകയാണ്.

സമാധാനപരമായി തൊഴിൽ ചെയ്തുപോന്ന തൊഴിലാളികളുടെ ഇടയിൽ പാർട്ടി ചിന്താകുഴപ്പം സൃഷ്ടിച്ചു; ബോണസിന്റേയും അലവൻസിന്റേയുംപേരിൽ സമാധാനപരമായി തീരേണ്ട, അല്ലെങ്കിൽ തീർക്കേണ്ട കാര്യങ്ങൾ കൊടുംസമരത്തിലേക്കും സത്യഗ്രഹത്തിലേക്കും തള്ളിനീക്കി അതിൽനിന്നും പാർട്ടി മുതലെടുക്കുകയാണ്—കോഴ വാങ്ങുകയാണ്. ഈ ദൂഷണസമ്പ്രദായത്തിനു ഇനി തൊഴിലാളികൾ കൂട്ടുനിൽക്കുകയില്ല. അവർ ഒന്നിച്ചുകൂടി. ഇന്നലെവരെ ഇതുപോലുള്ള നൂറുകൂട്ടം സമരങ്ങളുടെ പിന്നിലുണ്ടായിരുന്ന കഥകൾ അവർക്കു മനസ്സിലായി. അവർ ആവേശരായി.

"ചെങ്കൊടിക്കീഴിൽ ഞങ്ങളില്ലേ."

"തൊഴിലാളിവഞ്ചകരെ ഒററപ്പെടുത്തുക."

"മണ്ടനായ നേതാവേ, വഞ്ചന ഇനിയും ചിലവില്ല."

തൊഴിലാളികളിൽ ഉണ്ടായ ആവേശം കണ്ടു നേതാവു പരിഭ്രാന്തനായി.

തൊഴിലാളികളുടെ ജീവനെ വഞ്ചിച്ച രക്തപതാക അവർ നേതാവിന്റെ മുന്നിൽവച്ചുതന്നെ ചുട്ടെരിച്ചു തൃപ്തരായി.

വിറളിപിടിച്ച നേതാവ് കാറിൽ കയറി പാർട്ടി ആഫീസിലേക്കു തിരിച്ചു.

ആ സംഭവത്തെക്കുറിച്ച് പിറേറദിവസം പാർട്ടി മുഖപത്രത്തിൽവന്ന വാർത്ത ഇങ്ങനെ ആയിരുന്നു:

"സ്ഥലത്തെ കമ്മ്യൂണിസ്റ്റ്പാർട്ടിയംഗങ്ങളും പ്രവർത്തകരുമായ ദേവസിയും, മററു ചില സഖാക്കളും അമേരിക്കൻ ചാരവൃത്തി സ്വീകരിച്ചിരിക്കുന്നതിനാലും, സ്ത്രീസഖാക്കളോടു അപമര്യാദയായി പെരുമാറി എന്നു പാർട്ടിക്കു ഉത്തമബോദ്ധ്യമായിരിക്കുന്നതിനാലും ടി സഖാക്കളെ കമ്മ്യൂണിസ്റ്റ്പാർട്ടിയിൽനിന്നും പുറംതള്ളിയിരിക്കുന്നു. സ്വ. ലേ."

ഈ വാർത്ത പട്ടണത്തിൽ കാട്ടുതീ പോലെ പടർന്നുപിടിച്ചു. ആളുകൾ അമ്പരന്നു. ഇന്നലെവരെ പാർട്ടിയുടെ ഉന്നമനത്തിനും അധികാരലബ്ധിക്കുംവേണ്ടി പ്രവർത്തിച്ചിരുന്നവർ ഇന്നു് അമേരിക്കൻ ചാരന്മാരായിത്തീർന്നിരിക്കുന്നുപോലും! എന്തൊരു വൈചിത്ര്യം!!

റഷ്യൻ വിപ്ലവത്തിലും, അതുപോലെ പാർട്ടിയുടെ എല്ലാ നയപരിപാടികളിലും പങ്കുവഹിച്ച് പാർട്ടിക്കുവേണ്ടി ത്യാഗങ്ങളും, പ്രയാസങ്ങളും അങ്ങേഅററം കാഴ്ചവച്ച റഷ്യൻ നേതാവായ സ: ബെറിയായുടെ നില എന്തായിരുന്നു? മററു പല റഷ്യൻനേതാക്കളുടേയും നില എന്തായിരുന്നു? അവരെല്ലാംതന്നെ അമേരിക്കൻ ചാരന്മാർ. അമേരിക്കൻ ചാരനല്ല എന്നു തെളിയിക്കാനുള്ള സ: ബെറിയായുടെ പൗരസ്വാതന്ത്ര്യത്തിനു് എത്രനിമിഷത്തേക്കു സുപ്രീംസോവ്യററ് ബെറിയക്കു അനുമതി നൽകി? കേവലം 24 മണിക്കൂറിനകം സഖാവിന്റെ തല പൊയ്പ്പോയ കഥയും, ആ സംഭവത്തിനു പാർട്ടിയും, പാർട്ടിപത്രവും നൽകിയ നിറവും എല്ലാം പാവം ദേവസി ഓർത്തുപോയി.

ഈ വാർത്ത പാർട്ടിയുടെ ഗതി കേട്ടു വിളിച്ചറിയിച്ചു.

പുറംതള്ളപ്പെട്ട ദേവസിയും കൂട്ടുസഖാക്കളും ഈ വാർത്ത കണ്ടു പൊട്ടിച്ചിരിച്ചു അവർ അന്യോന്യം പിറുപിറുത്തു "ഇതും മറെറാരടവാണ്. പക്ഷെ ചിലവാകുന്ന കാലം പൊയ്പ്പോയി. തൊഴിലാളികൾ വർഗ്ഗബോധമുള്ളവരായിത്തീർന്നുകഴിഞ്ഞു. അവർ അവരുടെ സ്വാതന്ത്ര്യസ്വർഗ്ഗത്തിലേക്ക് സമാധാനപരമായി നീങ്ങിക്കൊള്ളും. അതിനു രക്തച്ചൊരിച്ചിലും മറിവിപ്ലവവും കരുതിക്കൊടുക്കലും ഒന്നും ആവശ്യമില്ല."

തൊഴിലാളികൾ ഒന്നടങ്കം ഉണർന്നുകഴിഞ്ഞു.

വ്യാകുലമാതാവിന്റേയും വി. റീത്താപുണ്യവതിയുടേയും മാദ്ധ്യസ്ഥതാലും ബ: അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ട കാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

തങ്കമ്മ തോമസ്, കീടങ്ങൂർ

രക്തപതാകയുടെ സ്ഥാനത്തു സമാധാനത്തിന്റെ ചിഹ്നങ്ങൾ പാറുകയാണ്. തൊഴിലാളികൾ പാർട്ടിയുടെ കഴിഞ്ഞകാലസംഭവങ്ങൾ ഓർക്കുകയാണ് "......ഞങ്ങളെ നിങ്ങൾ അധികാരത്തിലേററൂ; ഞങ്ങൾ സൗന്ദര്യവും കലാഭംഗിയുമുള്ള ഈ കേരളം സമ്പൽസമൃദ്ധമാക്കിത്തരാം.........നിയമം കൈകാര്യം ചെയ്യാൻ ഞങ്ങളെ അനുവദിക്കൂ; ഈ നാട്ടിലെ വൻകിട വ്യവസായങ്ങൾ ഞങ്ങൾ ദേശവല്ക്കരിക്കാം......ഞങ്ങൾക്കു നിങ്ങൾ വോട്ടുതരൂ; ഇരുപത്തിനാലുമണിക്കൂറിനകം വെള്ളമൂരാച്ചികളെ ഞങ്ങൾ കെട്ടുകെട്ടിക്കാം. ഈ രാജ്യത്തെ വിദേശഉടമകളുടെ തോട്ടങ്ങൾ ഞങ്ങൾ സ്റ്റേററിന്റെ കുത്തകയാക്കാം."

അങ്ങനെ വാഗ്ദാനങ്ങളുടെ ഘോഷയാത്ര നീണ്ടുനീണ്ടുപോകുകയാണ്. പക്ഷെ യാഥാർത്ഥ്യങ്ങളോടടുത്തപ്പോഴാണ് വാഗ്ദാനങ്ങളുടെ പൊള്ളത്തരം ജനതയ്ക്കു മനസ്സിലായതു്. അങ്ങനെ ഇന്നു "പൂച്ച പുറത്തായി."

ഇന്നു്, കഴിഞ്ഞകാലങ്ങളിലെ വാഗ്ദാനങ്ങൾ മറക്കുവാനും ചോദ്യംചെയ്യപ്പെടാതിരിക്കുന്നതിനും വേണ്ടി ബില്ലുകൾ ഒന്നിനുപുറകെ ഒന്നായി വാർത്തു് ഇറക്കിവിടുകയാണ്. അങ്ങനെ ജനങ്ങളുടെ ശ്രദ്ധയെ ബില്ലുകളിലേക്കു തിരിച്ചുവിടുകയാണ്.

പക്ഷെ തിരിഞ്ഞെടുത്തയച്ചവർക്കറിയാം, മന്ത്രിക്കസേരകളിൽനിന്നും താഴെ ഇറക്കുവാൻ ആ നല്ലൊരുകാലം, ജനവഞ്ചകരായ നേതാക്കന്മാർ ചവററുകൊട്ടയിലേക്കെറിയപ്പെടുന്ന ദിനങ്ങൾ, ആഞ്ഞടുക്കുകയാണ്. പാർട്ടിയുടെ ഉള്ളുകള്ളികളും, ക്ലിക്കുകളും, അടവുകളും മനസ്സിലാക്കി പാർട്ടിയുടെ ഇരുമ്പുവലയത്തിൽനിന്നും വെളിക്കുചാടിയ തൊഴിലാളിസഖാക്കൾ കാത്തിരിക്കുകയാണ്, വോട്ടുമൂലംതന്നെ അവരെ താഴെയിറക്കുവാൻ.

അതിലേക്കു ദേവസിയും വർഗ്ഗബോധമുള്ള തൊഴിലാളിപ്രവർത്തകരും അണിഞ്ഞൊരുങ്ങുകയാണ്.

—o—


## For Favours Received



Please excuse delay.
Mariyamma Mathew
Kuzhimuttathil, Ayarkunnam


സംഭവകഥ

# നമ്മളോ?

(വിൻസെൻറ് പോൾ ഇരിങ്ങാലക്കുട)

അന്നു് ചൂടു് വളരെ കൂടുതലായിരുന്നു; പക്ഷെ, വെസ്റ്റിൻഡീസിലെ ഉഗ്രമായ ചൂടുപോലും ആ മിഷനറിക്കൊരു തടസ്സമായിരുന്നില്ല. തലയെടുപ്പോടെ നില്ക്കുന്ന ആ മലകളെ പിന്നിട്ടുവേണം അദ്ദേഹത്തിനു് അടുത്ത പള്ളിയിലേക്കെത്താൻ. ഞായറാഴ്ചയായിരുന്നതുകൊണ്ടു് മററു രണ്ടു് സ്ഥലത്തുകൂടി ദിവ്യബലിയർപ്പിക്കേണ്ടതുണ്ടു്; അതുകൊണ്ടായിരിക്കണം അദ്ദേഹം സൈക്കിൾ ഉപയോഗിച്ചിരുന്നതു്. മൊൺടാഗോയിലേക്ക്—അദ്ദേഹത്തിന്റെ ലക്ഷ്യത്തിലേക്ക്—അഞ്ചുമൈൽകൂടിയുണ്ടായിരുന്നു അദ്ദേഹത്തെ പിന്നിൽ നിന്നൊരു സ്വരം പിടിച്ചു നിർത്തിയപ്പോൾ.

തിരിഞ്ഞുനോക്കിയപ്പോൾ ഒരു ബാലനെയാണു് കണ്ടതു്. അതെയതെ! എല്ലാ ഞായറാഴ്ചകളിലും പള്ളിയിൽ വരാറുള്ള ആ നീഗ്രോബാലൻ.

"അച്ചാ, ഇന്നു് കർബാന കൈക്കൊള്ളാൻ സാധിക്കുമോ?"

"ഉവ്വ്. നീ മൊൺടാഗോയിലേക്കാണോ വരുന്നതു്? നിന്റെ വീടെവിടെയാണു്?"

"ഞാനും മൊൺടാഗോയിലേക്കാണു്. എന്റെ വീട്ടിലേക്കു് ഇവിടെനിന്നു് ഏഴു് മൈൽ വരും; അക്കാണുന്ന മലയുടെയപ്പുറത്താണു്." ഒരു മല ചൂണ്ടിക്കൊണ്ടു് ആ ബാലൻ പറഞ്ഞു.

"അപ്പോൾ നിനക്കു് പന്ത്രണ്ടു മൈൽ നടക്കണം പള്ളിയിലേക്കു്. നീ ഇന്നുതന്നെ മടങ്ങുമോ?"

"തീർച്ചയായും."

x X x

നമുക്കത്ഭുതമാണു് തോന്നുന്നതു്, അല്ലേ? 24 മൈൽ ദൂരം നടന്നു് ഒരു കർബാനയിൽ സംബന്ധിക്കുക; ഉപവസിച്ചു വിശുദ്ധ കാരുണ്യം സ്വീകരിക്കുക.

"സത്യക്രിസ്ത്യാനി"കളായ നമ്മളോ? കൊല്ലത്തിലൊരിക്കലോ മറേറാ മാത്രം വിശുദ്ധ കർബാന സ്വീകരിച്ചു് തൃപ്തിപ്പെടുന്നു. നമ്മുടെ കടമ നിറവേററിയെന്നവകാശപ്പെടുന്നു. ഈശോയാകട്ടെ, നമ്മെ തന്റെ ദിവ്യമേശയിലേക്കു് സദാ ക്ഷണിക്കുകയാണു്. നമ്മുടെ രക്ഷകൻ, തന്റെ രക്തത്തിന്റെ രക്തവും മാംസത്തിന്റെ മാംസവും വിതിക്കുന്ന ആ അമൂല്യനിമിഷങ്ങളിൽ നാം അവിടെയില്ലാതിരിക്കുകയെന്നതു് നിർഭാഗ്യകരമല്ലേ? ലജ്ജാകരമല്ലേ?


കാളൻ'സ്

## ശാരിബാതൈലം

സ്നിഗ്ദ്ധം, ഗുരു, ശീതം, ഉഷ്ണം എന്നീ ഗുണങ്ങളുള്ള—ബൃംഹണവും ശീതോഷ്ണവുമായിട്ടുള്ള—ഒരു ഔഷധമായതിനാൽ,

വാതവും പിത്തവും (വായുവും ചൂടും) അമിതമായി വർദ്ധിക്കുകകൊണ്ടും,

ദേഹത്തിലെ സൌമ്യാംശം (കഫവും, രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതുക്കളും) ക്രമംവിട്ടു് ക്ഷയിക്കുക—ശരീരത്തിന്റെ തൂക്കം കുറയുക—ശരീരം മെലിയുക—ഓജസ്സ് ക്ഷയിക്കുക—കൊണ്ടും,

രക്തം ദൂഷിക്കുകകൊണ്ടും ഉണ്ടാവുന്നതായിട്ടുള്ള തരം നീർവീഴ്ച, തുമ്മൽ, നീരിറക്കം, തലവേദന, ചുമ, ഏങ്ങൽ, മൂത്രാധിക്യം, രക്തവാതം, രക്തസമ്മർദ്ദം, തലചുററൽ, രക്തപിത്തം, ഉറക്കക്കുറവു്, നേരിയ പനി, ചെവിമൂളിച്ച, തലപുകച്ചൽ, വരട്ടുചൊറി മുതലായ രോഗങ്ങളുള്ളവർക്കും, സ്വതവെ മെലിഞ്ഞിട്ടുള്ള ദേഹപ്രകൃതിക്കാർക്കും,

ശരീരംകൊണ്ടും മനസ്സുകൊണ്ടും വിശ്രമമില്ലാതെ അദ്ധ്വാനിക്കുക, പതിവായി ഉറക്കമൊഴിക്കുക, ശരീരപോഷണത്തിന്നാവശ്യമായിട്ടുള്ള അന്നപാനങ്ങൾ വേണ്ടത്ര ഉപയോഗിക്കാതിരിക്കുക മുതലായ കാരണങ്ങൾകൊണ്ടു് ദിനംപ്രതി ശരീരത്തിലെ ധാതുക്കൾ ക്ഷയിച്ചുകൊണ്ടിരിക്കുന്നവർക്കും ദിനംപ്രതി ദേഹമാസകലം തേച്ചുകുളിപ്പാൻ ഏററവും ഉത്തമമായിട്ടുള്ളതാണെന്നു് അനേകം പേരുടെ അനുഭവങ്ങൾ തന്നെ വിളിച്ചുപറയുന്നുണ്ടു്.

N. B. അനുകരണക്കാരുടെ വ്യാജ 'തൈല'ങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ ലേബലിന്മേൽ സാക്ഷാൽ. കാളൻ സ്ഥാപനത്തെക്കുറിക്കുന്ന ഈ മുദ്രകൂടി കാണുന്നുണ്ടോയെന്നു് പ്രത്യേകം പരിശോധിക്കേണ്ടതാണു്.

കൂടുതൽ വിവരങ്ങൾക്കു് സൌജന്യമായി ലഭിക്കുന്ന പുസ്തകത്തിന്നെഴുതുക.

കാളൻ, നെല്ലായി (S. India)

Wednesday
October 2
1957


# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 31
No. 8



പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

കുഞ്ഞുപീററർ അന്തംവിട്ടുറങ്ങി. അവൻെറ അമ്മ പള്ളിയിൽനിന്നും കുർബാനകഴിഞ്ഞു മടങ്ങിയെത്തി. രണ്ടാമത്തെ കുർബാനയ്ക്കുള്ള സമയവും ആയിക്കഴിഞ്ഞു. ആ സാധ്വി അകത്തുകടന്നപ്പോൾ കണ്ടതു് പീററർ സുഖമായുറങ്ങുന്നതാണ്. അവർക്കു ദേഷ്യം സഹിച്ചില്ല. ഞായറാഴ്ചദിവസം. പീററെ ഉണർത്തി പള്ളിയിൽ പോകാൻ പറഞ്ഞിട്ടു് അവൻ അനുസരിച്ചില്ല കുർബാനയുടെ സമയം അതിക്രമിച്ചു ആ നല്ല മാതാവു് ദേഷ്യപ്പെട്ടതിൽ അവരെ കുററംപറയുവാൻ സാധിക്കുമോ?

ഇങ്ങിനെയുള്ള സംഭവങ്ങൾ എത്രയെത്ര നല്ല ഭവനങ്ങളിൽ പോലും സംഭവിക്കുന്നു പല പല ഒഴികഴിവുകൾ ഒരുപക്ഷെ പറയാൻ കണ്ടെന്നുവന്നേക്കാം. ചില മാതാപിതാക്കന്മാർ അതത്രകാര്യമാക്കിയില്ലെന്നുവരും. ചിലർ കുററക്കാരായ കുട്ടികളെ സാധൂകരിക്കാൻ നോക്കും. അവൻ കുഞ്ഞല്ലേ! കുർബാന കാണാൻ അവനു കടമില്ലല്ലോ. കുറെക്കൂടി പ്രായമാകുമ്പോൾ അവൻ അങ്ങിനെ ഒന്നും ചെയ്യുകയില്ല. മററു ചില ഭവനങ്ങളിൽ ഇങ്ങനെയുള്ള സംഭവങ്ങൾ അമ്മയും അപ്പനും തമ്മിൽ ഒരു ശണ്ഠയ്ക്കു വഴിതെളിക്കും. അമ്മ കുട്ടിയെ കുററപ്പെടുത്തും. അപ്പൻ അവൻെറ ഭാഗം പിടിച്ചു വാദിക്കും. അങ്ങിനെ കുട്ടികൾ അനുസരണയില്ലാത്തവരും ഭക്തകൃത്യങ്ങളിൽ അലസരും ആയിത്തീരുന്നതിനിടയാകും നല്ല കുട്ടികൾ എന്താണ് ചെയ്യേണ്ടതു്? അവർ കുടുംബത്തിൽ മാതാപിതാക്കന്മാർക്കു സങ്കടപ്പെടുന്നതിനും ദേഷ്യപ്പെടുന്നതിനും അവസരമുണ്ടാക്കരുതു്. നല്ല കാര്യങ്ങൾ ചെയ്യുന്നതിനു മാതാപിതാക്കന്മാർ പറയുന്നതു് അവരുടെ നന്മയ്ക്കാണെന്നും അവർക്കു നല്ല പരിശീലനം കിട്ടുന്നതിനുവേണ്ടിയാണെന്നും വിശ്വസിക്കണം അവർ വഴി നമ്മുടെ നല്ല മാലാഖാമാർ നമുക്കു നിർദ്ദേശങ്ങൾ തരികയാണ്. കാവൽമാലാഖായ്ക്കു പകരം അവർ ഉച്ചത്തിൽ സംസാരിക്കുകയാണ്. അതുകൊണ്ടു് നന്മപ്രവർത്തിക്കുന്നതിനായി അവർ തരുന്ന നിർദ്ദേശങ്ങൾ ആ നല്ല മാലാഖായുടെ അഭിലാഷമാണെന്നു മനസ്സിലാക്കി അതനുസരിച്ചു പ്രവർത്തിക്കുന്നതിനു സന്നദ്ധരാകണം. "ചട്ടയിലെ ശീലം ചുടലവരെ" എന്നു പറയും. അതായതു ചെറുപ്പകാലത്തു നാം ശീലിക്കുന്ന കാര്യങ്ങൾ മരണംവരെയും നിലനില്ക്കും എന്നർത്ഥം. നല്ല കാര്യങ്ങൾ ചെയ്യുന്നതിനു ചെറുപ്പത്തിൽ നാം പരിശീലിച്ചാൽ നമ്മുടെ മരണംവരെയും അവയിൽ നിലനിൽക്കുന്നതിനു—നല്ലവരായി അവസാനംവരെ ജീവിക്കുന്നതിനു—നമുക്കു സാധിക്കും. പ്രായമായതിനുശേഷം അവ ചെയ്യുന്നതിനാരംഭിക്കാമെന്നു വച്ചാൽ അതെളുപ്പമല്ല കതിരിൽ വളംവയ്ക്കുന്നതുകൊണ്ടു പ്രയോജനമില്ലല്ലോ. എത്രയോ ആളുകളാണ് പ്രായമായശേഷം വിലപിക്കുന്നതു്, ചെറുപ്പത്തിൽ നല്ല ശീലങ്ങൾ സമ്പാദിച്ചില്ലല്ലോ എന്നോർത്തു്? അതുകൊണ്ടു കുഞ്ഞനുജന്മാരും കുഞ്ഞനിയത്തികളും ചെറുപ്പത്തിലേതന്നെ കാവൽമാലാഖായുടെ നിർദ്ദേശങ്ങൾ കൃത്യമായി നിറവേററി ഒരു നല്ല ജീവിതത്തിനു അടിസ്ഥാനമിടണമെന്നു നിശ്ചയിക്കുക.

വല്യേട്ടൻ.

## 133-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—സത്യദീപം

## പ്രശ്നം നമ്പർ 134

(പി ടി ആൻറണി, അമ്പഴക്കാട്ട്
Reg. No. 194)

ഞാൻ ക്രിസ്ത്യാനികളുടെ ആശ്വാസനിലയമാണ്! അവർ അനുദിനമെന്നോണം എന്നെ സന്ദർശിക്കുന്നു. ഞാനവർക്കു് സന്തോഷവും സമാധാനവും പ്രദാനംചെയ്യുന്നു. നിരീശ്വരന്മാർ എന്നെ ക്കാണുമ്പോൾ വിരളികൊള്ളുന്നു. ഞാനവരേയും എന്നിലേക്കാകർഷിക്കുന്നു, ക്ഷണിക്കുന്നു. ഞാൻ എല്ലാവരേയും സ്നേഹിക്കുന്നു. എൻെറ പേരിനു നാലക്ഷരമുണ്ടു്. ഒന്നാമത്തെ അക്ഷരം ദൈർഘ്യത്തിലുണ്ടു്, ഹ്രസ്വത്തിലില്ല. രണ്ടാമത്തെ അക്ഷരം പാവാടയിലുണ്ടു്. ബ്ളൗസിലില്ല. മൂന്നാമത്തെ അക്ഷരം നിലയങ്കിയിലുണ്ടു് കാഷായവസ്ത്രത്തിലില്ല. നാലാമത്തെ അക്ഷരം പത്തായത്തിലുണ്ടു്, അറപ്പുരയിലില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

## കമ്മ്യൂണിസത്തിനെതിരായി സംഘടിക്കുവിൻ!

(അലക്സാണ്ടർ ചെമ്പിത്താനം
Reg. No. 7)

"ദുർജ്ജനങ്ങളുടെ ഏററവും വലിയശക്തി സജ്ജനങ്ങളുടെ അലസതയിൽ സ്ഥിതിചെയ്യുന്നു. സജ്ജനങ്ങൾ അവരുടെ സ്വന്തം കാര്യത്തിൽമാത്രം ശ്രദ്ധാലുക്കളായിരിക്കുമ്പോൾ ദുർജ്ജനങ്ങൾ മററുള്ളവരുടെ കാര്യത്തിൽ അതിവശ്രദ്ധാലുക്കളായിരിക്കുന്നു" ജയിംസ് കെല്ലറുടെ ഈ വാക്യങ്ങൾ കേരളത്തെ സംബന്ധിച്ചും സാർത്ഥകമാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്തു് ജനകീയകക്ഷികളിൽ വന്നുകൂടിയിരുന്ന കാലുഷ്യംനിമിത്തവും, സജ്ജനങ്ങളുടെ അശ്രദ്ധയാലും കേരളജനത "ഇല്ലംചുടിൽ" രീതിയിൽ നിരീശ്വരരും സ്വേച്ഛാധിപത്യവിശ്വാസികളുമായ കമ്മ്യൂണിസ്റ്റുകളെ ഭരണഭാരം ഏല്പിച്ചു. അതിൻെറ തിക്തകഫലം ഈശ്വരവിശ്വാസികളും ജനാധിപത്യവാദികളും ഇന്നനുഭവിക്കുകയാണ്. കമ്മ്യൂണിസ്റ്റ്ഗവമ്മെൻറ് വിദ്യാലയങ്ങളെല്ലാമേറെറടുത്തു് അവയെ കുട്ടിസഖാക്കളെ വാർത്തെടുക്കുന്നതിനുള്ള ഫാക്ടറികളാക്കിത്തീർക്കാൻ ശ്രമിക്കുന്ന ഈയവസരത്തിലും "ഇവന്മാരധികനാൾ ഭരിക്കയില്ല. അവരിവിടൊന്നും ചെയ്യാനും പോകുന്നില്ല" എന്നു പറഞ്ഞു് ഉറക്കംതൂങ്ങിയിരിക്കുന്ന "സജ്ജന"ങ്ങളുമുണ്ടു്. ഈ ഉദാസീനതയല്ലേ കമ്മ്യൂണിസ്റ്റുകളെ ഭരണഭാരമേല്പിച്ചതെന്നും നാം ചിന്തിക്കേണ്ടതാണ്.

പ്രായമായവർ ചെയ്ത ഈ പാപത്തിൻെറ ഫലം അനുഭവിക്കേണ്ടവർ ബാലരായ നാമാണ്. ഈ കമ്മ്യൂണിസ്റ്റ്രാക്ഷസൻെറ കൈകാലുകൾ ബന്ധിച്ചു് അറബിയൻ കടലിൽ തള്ളേണ്ടതു് നമ്മുടെ ഒരാവശ്യമായിത്തീർന്നിരിക്കയാണ്. ഈ വിസ്തൃതമായ കേരളത്തിൽ ഏതാനും കുട്ടികൾ വിചാരിച്ചാൽ എന്തു സാധിക്കാനാണ് എന്നായിരിക്കും നിങ്ങൾ ചിന്തിക്കുക. ഇന്നത്തെ പരിതസ്ഥിതിയിൽ നമ്മെക്കൊണ്ടേ എന്തെങ്കിലും സാധിക്കയുള്ളു എന്ന വിശ്വാസത്തോടെ നാം മുന്നോട്ടുനീങ്ങണം. ഇതിലേക്കു് ഏതാനും ചില സംഗതികൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളട്ടെ.

1. പുരോഗമനസാഹിത്യപ്രസ്ഥാനങ്ങളിലെ നേതാക്കന്മാർ ആരെല്ലാമെന്നു് നമുക്കറിയാം. ക്രിസ്തീയനാമധാരികളടക്കമുള്ള അവരുടെ കൃതികൾപരിശോധിച്ചാൽ നമുക്കു കാണാം അവയുടെ ലക്ഷ്യം പാർട്ടിപ്രചരണംമാത്രമാണെന്നു്. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പ്രബലമായ ശത്രു കത്തോലിക്കാസഭയാണെന്നുള്ളതിനാൽ അതിനെ അങ്ങേയററം വികൃതമാക്കി കാണിക്കുന്നതിനും അവർ ശ്രമിച്ചിട്ടുണ്ടു്. ഇതു നാം മനസ്സിലാക്കിക്കൊണ്ടു് ക്രിസ്തീയസാഹിത്യം ഇതരരുടെ ഇടയിൽ പ്രചരിപ്പിക്കുവാനും, അവരുടെ തെററിധാരണകൾ നീക്കി, സമുദായമൈത്രി സ്ഥാപിച്ചു്, ഈശ്വരവിശ്വാസികളെ ഒന്നിപ്പിച്ചു്, കമ്മ്യൂണിസ്റ്റ് കിരാതത്വത്തിനെതിരായി അണിനിരത്തുവാനും നമുക്കു് സാധിക്കണം. ഇതിലേക്കായി എല്ലാ ജനാധിപത്യവാദികളായ സാഹിത്യകാരന്മാരും ഒന്നിക്കുന്നതിനുള്ള സാദ്ധ്യതകൾ തെളിഞ്ഞുവരുന്നുണ്ടു്. അതിൻെറ പ്രചാരണത്തിൽ ഒരു നല്ല പങ്കുവഹിക്കുവാൻ നമുക്കു് സാധിക്കുന്നതാണ്. പ്രാരംഭപടിയായി നമുക്കു് വല്യേട്ടൻെറ നേതൃത്വത്തിൽ സംഘടിക്കാം വായിച്ചശേഷം നീക്കിവയ്ക്കുന്ന സത്യദീപാദിപത്രമാസികകളെ വീടുകൾ തോറും നടന്നു് ആവുന്നിടത്തോളം ശേഖരിച്ചു് ഇതരരുടെ ഇടയിൽ പ്രചരിപ്പിക്കാം.

2. രാഷ്ട്രീയ സാമൂഹ്യ സാംസ്കാരികമണ്ഡലങ്ങളിൽ, പ്രത്യേകിച്ചും വായനശാലാപ്രവർത്തനങ്ങളിൽ നാം ജാഗ്രതയോടെ പങ്കുകൊള്ളണം. കമ്മ്യൂണിസ്റ്റ്പ്രചാരണപരിപാടികൾ സൂക്ഷ്മമായി മനസ്സിലാക്കി അവയെ കഴിയുന്നതും പരാജയപ്പെടുത്തുകയും, ജനാധിപത്യചിന്താഗതിയും സമുദായമൈത്രിയും വളർത്തുവാൻ നാം ശ്രമിക്കയുംവേണം.

3. നാം ഒരിക്കലും സമുദായത്തെയൊ പുരോഹിതന്മാരേയൊ ദുഷിച്ചോ പുച്ഛിച്ചോ സംസാരിക്കരുതു്. മറിച്ചു് അവർ ലോകത്തിനു ചെയ്തുകൊടുത്തിരിക്കുന്ന നേട്ടങ്ങളെപ്പററി ആവുന്നിടത്തോളം ഉച്ചത്തിൽ സംസാരിക്കേണ്ടതുമാണ്. വൈദികർക്കും, സന്യാസിനിസന്യാസികൾക്കും എതിരായി സമുദായത്തിൽ പ്രചരിച്ചിരിക്കുന്ന ദൂഷണങ്ങളെ അപ്പപ്പോൾ എതിർപ്രചരണങ്ങൾ കൊണ്ടു പരാജയപ്പെടുത്തുന്നതു നന്നായിരിക്കുമെന്നാണു എനിക്കു തോന്നുന്നതു്.

4. നമ്മുടെ ജീവിതം ഒന്നു നവീകരിക്കുക. പ്രവർത്തനം കൂടാതെയുള്ള പ്രസംഗത്തിനു അർത്ഥമില്ലല്ലോ. നമ്മുടെ ആദർശങ്ങളെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനും അങ്ങനെ നമ്മിലേക്കു മററുള്ളവരെ ആകർഷിക്കുന്നതിനും നാം ശ്രമിക്കണം.

ഇങ്ങനെ കമ്മ്യൂണിസത്തിനെതിരായി വളരുന്ന തലമുറ സംഘടിച്ചാൽ അതിൻെറ മുമ്പിൽ മുട്ടുകുത്താതിരിക്കുവാൻ ഒരു കൂററനും സാദ്ധ്യമല്ല.

ചെറുകഥ

## "ഹൃദയദാഹം"

(കെ. ടി. ജോബ്, മാടപ്പിള്ളി
Reg. No. 172)

അത്തിവൃക്ഷങ്ങൾ പൂത്തുതുടങ്ങിയാൽ വസന്തകാലം സമാഗതമായെന്നു വിശ്വസിക്കാം. പൂത്തു പരിമളംവീശുന്ന അനേക വൃക്ഷങ്ങൾ അങ്ങിങ്ങായി നില്ക്കുന്നു. അവയുടെ ഓരോ ശിഖരങ്ങളിലും പക്ഷികൾ കൂട്കെട്ടി വാസം ഉറപ്പിച്ചുകഴിഞ്ഞു. പച്ചിലകൊണ്ടു് മാലകോർത്തിണക്കി അഴകുചമഞ്ഞു് മന്ദമാരുതൻെറ തലോടലേററു് വൃക്ഷങ്ങൾ ആനന്ദംകൊണ്ടു തുള്ളിച്ചാടുകയാണ്. അവയുടെ ചില്ലിക്കൊമ്പുകളിൽ കൊച്ചുപാദങ്ങൾവച്ചു് തത്തിക്കളിച്ചും ഓടിച്ചാടിയും അണ്ണാരക്കണ്ണന്മാർ വിലസുകയാണ്. മാവിൻചുവട്ടിലും മററും കൊച്ചുപിള്ളേർ ഓടിച്ചാടി വിഹരിക്കുന്നു.

അതിനടുത്താണ് പ്രകൃതിരമണീയമായ മുതുകുന്നു്. ആ കുന്നിലേക്കു നോക്കിയാൽ ഉളവാകുന്ന ആനന്ദം വാചാമഗോചരമാണ്. ആ കുന്നിലേക്കു അനേകംപേർ വേനൽക്കാലങ്ങളിൽ കററുകൊള്ളാൻ പോകാറുണ്ടു്. അവിടെ തലഉയർത്തിനിൽക്കുന്ന ആഞ്ഞിലിമരത്തിൽ സ്വർണ്ണച്ചങ്ങല തൂക്കിയതുപോലെ പ്രശോഭിക്കുന്ന ആഞ്ഞിലിപ്പഴം പല പക്ഷികളും കൊത്തിത്തിന്നു വിശപ്പടക്കുന്നു. അതുപോലെ തന്നെ അതിനടുത്തുനില്ക്കുന്ന ആ പറങ്കിമാവും; അതും മഞ്ഞ, ചുവപ്പു മുതലായ നിറങ്ങളണിഞ്ഞ പഴങ്ങളുമായി ഓരോരുത്തരേയും മാടിവിളിക്കുകയാണ്.

മുതുകുന്നിൻെറ നേരെ കിഴക്കായി പ്രകൃതിരമണീയതയിൽ മുങ്ങിക്കുളിച്ചുനില്ക്കുന്ന വേറൊരു കുന്നു കാണാം. അതിൻെറ ഉച്ചിയിൽ ഒരു ദൈവാലയമുണ്ടു്. അതിൻെറ ഇരുവശത്തും കാവൽപ്പടയാളികളെന്നോണം രണ്ടു മൂളമരങ്ങളുണ്ടു്. അവ രണ്ടും ആ ദേവാലയത്തെ കൊടുങ്കാററുമുതലായ പ്രകൃതിശത്രുക്കളിൽനിന്നും കാത്തുരക്ഷിക്കുന്നു. ആ ചൂളമരത്തിൻെറ ചുളചുളപ്പൻകാററു് ആസ്വദിക്കുവാനായി പലരും അവിടേയും പോകാറുണ്ടു്. അവിടെനിന്നു നോക്കിയാൽ ഹൃദയത്തെ ആനന്ദിപ്പിക്കുന്ന പല കുന്നുകളും കാണാം. അവയിൽക്കൂടി പല കൊച്ചരുവികളും അലതല്ലി കുതിച്ചുചാടിയും, പാറക്കെട്ടുകളിൽനിന്നു എടുത്തുചാടി പല തരത്തിൽ പ്രശോഭിച്ചും, ആനന്ദസ്വപ്നത്തിൽ ആറാടിയും മന്ദംമന്ദം പായുകയാണ്. ആ കൊച്ചരുവികളിൽ പല തരത്തിലും നിറത്തിലുമുള്ള പല മത്സ്യങ്ങളും ആനന്ദലബ്ധിയിൽ ആറാടി പരക്കംപായുകയാണ്.

അതിനടുത്താണ് ആനന്ദവല്ലിഭവനം. മൺഭിത്തികളാൽ നിർമ്മിക്കപ്പെട്ടതും തെങ്ങോലകൊണ്ടു മേഞ്ഞതുമായ ഒരു ചെറുഭവനം. അതിലാണ് വക്കിച്ചേട്ടനും മറിയാമ്മയും മൂത്തമകൻ ജോസുകുട്ടിയും ഇളയമകൾ ഗ്രേസിയും വസിക്കുന്നതു്. വളരെ വളരെ നോമ്പുകൾ നോക്കിയതിൻേറയും വളരെ വളരെ നേർച്ചകാഴ്ചകൾ സമപ്പിച്ചതിൻേറയും ഫലമായി ഉണ്ടായ രണ്ടു മക്കളാണു അവർ.

ജോസ് ഇപ്പോൾ സിക്സ്ത് ഫോറം ജയിച്ചു നില്ക്കുകയാണ്. ഗ്രേസി ഇപ്പോൾ തേഡ്ഫോറത്തിൽ പഠിക്കുകയുമാണു. മകനെക്കൊണ്ടു് നവതേജസ്വിയായ ഒരു മഹിളാമണിയെ വിവാഹം കഴിപ്പിക്കണമെന്നും, മകളെ ഉത്തമനായ ഒരു യുവാവിനു വിവാഹം കഴിച്ചുകൊടുക്കണമെന്നുമാണ് അവരുടെ ആഗ്രഹം. പക്ഷെ മനുഷ്യൻ ഒന്നു വിചാരിക്കുന്നു, ദൈവം മറെറാന്നു നിശ്ചയിക്കുന്നു! മക്കൾ വളന്നുവരുന്തോറും അവരുടെ ചിന്തകളും അഭിലാഷങ്ങളും ദൈവകാര്യങ്ങളിലേക്കു ചാഞ്ഞുകൊണ്ടിരുന്നു. ജോസിൻെറ ആഗ്രഹം അവനൊരു മിഷനറിയായാൽമതിയെന്നും, ഗ്രേസിയുടെ ആഗ്രഹം അവൾക്കൊരു കന്യാസ്ത്രീയായാൽ മതിയെന്നുമാണ്. ജോസു പണ്ടേ വെറുത്തതാണ് ഈ ലൗകികജീവിതം. "തന്നെപ്പോലെ ഇന്നു് ആത്മീയസുഖങ്ങൾ അനുഭവിക്കേണ്ട എത്രയോ ആത്മാക്കൾ അന്ധകാരത്തിൽ ആണ്ടുകിടക്കുന്നു." അതവനു ഓക്കുവാൻ കൂടി കഴിഞ്ഞില്ല. അവൻ മിഷനുപോകുവാൻ ഉറച്ചു.

(ശേഷം 7-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-1